എൻ. കൃഷ്ണൻനായർ

മലയാളനാട്

ചീഫ് എഡിറ്റർ
എസ്. കെ. നായർ
എഡിറ്റർ
വി. ബി. സി. നായർ

2nd October 1977

Phone: 2825, 3362

ലേഖനം

സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ
ബോംബെയിലെ രാത്രികൾ
കൊളാബാപ്പാല
കേശവദേവ് എന്റെ നിത്യകാമുകൻ
സീതാലക്ഷ്മീദേവ്

കവിത

കവിതകളും
കുഞ്ഞുണ്ണി
താടകാവധം
പാലാ

കഥ

കാത്തുവച്ചരഹസ്യം
എസ്. മഹാദേവൻതമ്പി
പലായനം
ടി രാമദാസ്

നോവൽ

ധർമ്മപുരാണം
ഒ. വി. വിജയൻ
പാപമോക്ഷം
പദ്മൻ
അമാവാസി
എൻ. കൃഷ്ണൻനായർ
വിളക്കിനമാത്രമോ ചുവപ്പ്
കണ്ണദാസൻ
ഈ നാട്ടുകളുടെ ലോകം
കാക്കനാടൻ

സ്ഥിരംപംക്തികൾ

മുഖാഗചിത്രങ്ങൾ
വി. ബി. സി. നായർ
വായനക്കാരുടെ കത്തുകൾ
കാർട്ടൂൺ
ഗോപൻ
മുഖചിത്രം
ഫോട്ടോ:
ബാബൻ താക്കൂർ

ഒ. വി. വിജയന്

മൂന്ന്

ഗറില്ലയുടെ ആക്രമണം

വഴുതിനകൃഷിയോടൊപ്പം തഴച്ച വലിയൊരു സൈനിക-വ്യവസായ മണ്ഡലവും ധർമ്മപുരിയ്ക്കുണ്ടായിരുന്നു. ടാങ്കുകൾ, ബോംബേറുവിമാനങ്ങൾ, റേഡാറുകൾ, പീരങ്കികൾ, റോക്കറ്റുകൾ, പടക്കപ്പലുകൾ, മുകന്നതാടികൾ, മുങ്ങിക്കപ്പലുകൾ, നരിമുളികൾ എന്നിവയൊക്കെ ധർമ്മപുരി ഉണ്ടാക്കി. വികസിതരാജ്യങ്ങളിൽ ഒരു നൂറാണ്ടുമുമ്പുണ്ടാക്കിയിരുന്ന ആയുധങ്ങളുടെ പകർപ്പുകൾ മാത്രമായിരുന്നവയെങ്കിലും ഇവയെല്ലാം. ഏതായാലും കണക്കറ്റ പണം ഈ കാര്യത്തിലിറങ്ങി. പക്ഷെ ഭരണകർത്താക്കന്മാർ പുറത്തു പറഞ്ഞില്ല. ശാകുന്തളം ചൊല്ലിക്കൊണ്ടുനടക്കുന്ന ഒരു "രാഷ്ട്രീയ"മല്ലേ. സത്യഗ്രഹം മാത്രം നടത്തുന്ന ഒരഹിംസാത്മികസൈന്യമല്ലേ. സൈനികച്ചിലവു പുറത്തുപറഞ്ഞാൽ നാണക്കേടല്ലേ. അതുകൊണ്ട് ടാങ്കുകളും പീരങ്കികളും ഘനവ്യവസായങ്ങൾ എന്ന തലക്കെട്ടിനകത്ത് ഒളിപ്പിച്ചാണ് ഉൽപ്പാദനം ചെയ്യപ്പെട്ടത്. അപരിഷ്കൃതമായ അണുബോംബുകളുണ്ടാക്കിയതു് വയോജനവിദ്യാഭ്യാസം എന്ന തലക്കെട്ടിലായിരുന്നു. വൈദ്യശാസ്ത്രവികസനത്തിന്റെ തലക്കെട്ടിലാക്കട്ടെ അഭ്യന്തരികകലഹത്തിയുടെ ശത്രുക്കളെയും കക്ഷിസ്നേഹത്തന്നെയുണ്ടായിരുന്ന വിയോജിപ്പുകാരെയും ടാങ്കുകൾ കയറ്റി കൊല്ലാൻ ചിലവിട്ട വൻതുകകളെ മറച്ചു. ബജറ്റുകൾ അവതരിപ്പിയ്ക്കുമ്പോഴൊക്കെയും ധർമ്മപുരിയുടെ ധനകാര്യമന്ത്രിമാർ ലോകത്തെ ഓർമ്മിപ്പിച്ചു. "ലോകമേ, നീ യുദ്ധത്തിനും ആയുധങ്ങൾക്കും വേണ്ടി എത്ര മാത്രം പണം പുകച്ചുകളയുന്നു. ധർമ്മപുരിയെ നോക്കുക. ഞങ്ങൾ ഒരുപിടിക്കാശു മാത്രമാണ് ഈ ഇനത്തിൽ ചിലവിടുന്നതു്. കുട്ടികളെ പത്രങ്ങൾ കൊണ്ടു പുതപ്പിച്ചുകിടത്തുന്ന പക്ഷികളുടെ സംരക്ഷണത്തിനോ, അനേകകോടി വരാഹനം." ലോകം ഇക്കാര്യത്തെക്കുറിച്ച് എന്തു ധരിച്ചുഎന്നു് ധർമ്മപുരിയിലെ ജനങ്ങൾ അറിഞ്ഞുമില്ല. അവർ തങ്ങളുടെ സത്യത്തിൽ സംതൃപ്തരായിരുന്നു.

ഈ ആയുധങ്ങൾക്കുപുറമേ സോവിയറ്റുയൂണിയനും അമേരിക്കയും അവരുടെ കലവറകളിൽകിടന്നു തുരുമ്പിച്ചു് ഉപയോഗശൂന്യമായ്ത്തീർന്ന പല ഇനങ്ങളും ധർമ്മപുരിയ്ക്കു് സൌജന്യമായി കൊടുക്കുകയും ചെയ്തു. അങ്ങിനെ ഉപയോഗശൂന്യങ്ങളും പ്രാചീനങ്ങളുമായ ആയുധങ്ങളുടെ വലിയൊരു കലവറ ധർമ്മപുരിയിൽ ഉണ്ടായിവന്നു. പലയിടങ്ങളിൽനിന്നും ചരിത്രവിദ്യാർത്ഥികളും വിനോദയാത്രക്കാരും അതു കാണാൻ വരുക പതിവായിരുന്നു. തങ്ങളുടെ വിദേശനയത്തിന്റെ വലിയൊരു നേട്ടമായി ധർമ്മപുരിയുടെ നേതാക്കന്മാർ ഈ സന്ദർശനങ്ങളെ കണക്കാക്കി. ചിലപ്പോൾ നന്നേ തുരുപ്പിടിച്ചു തുളയടഞ്ഞ തോക്കുകൾ നല്ലാശമുനമ്പിനു വടക്കുള്ള കാട്ടരാജ്യങ്ങൾക്കു് ധർമ്മപുരി വിറ്റു.

വൻശക്തികളുടെ സൈനികയാഥാർത്ഥ്യമാണു് ലോകരാഷ്ട്രീയത്തെ നിയന്ത്രിയ്ക്കുന്നതെന്ന പൊതുധാരണയെ ധർമ്മപുരി നിഷേധിച്ചു. ഏതു വികസിതരാഷ്ട്രത്തോടും വേണ്ടിവന്നാൽ ഒന്നു മല്ലുപിടിച്ചുകളയാം എന്ന ധർമ്മപുരി അവകാശപ്പെട്ടതിൽ ഒരുതരം സത്യവുമില്ലാതില്ല. അണശക്തികൊണ്ടു് കൊട്ടുന്ന ഒരമേരിയ്ക്കൻ വിമാനവാഹിനിക്കപ്പലും ധർമ്മപുരിയുടെ ഒരു പടക്കപ്പലും തമ്മിൽ ഏറ്റുമുട്ടിയ ഒരു കഥയുണ്ട്. ഒരു നൂറാണ്ടു പഴക്കം ചെന്ന ഒരു പരന്ത്രീസു കപ്പലിന്റെ അവശിഷ്ടങ്ങളെ നവസാരംവെച്ചു വിളക്കി ഈയം പൂശി ധർമ്മപുരിയുടെ നാവികയന്ത്രശാലയിൽ പണിഞ്ഞതായിരുന്ന ഈ പടക്കപ്പൽ. അത്തരമൊരു കപ്പൽ അമേരിയ്ക്കാർ കണ്ടിട്ടില്ലായിരുന്നു. വേണ്ടവണ്ണം ചരിത്രം പഠിച്ചിട്ടില്ലായിരുന്ന അമേരിയ്ക്കൻ നാവികർ കുഴങ്ങി. ഈ വികൃതമായ യന്ത്രം എന്താണു്? ബഹിരാകാശത്തുനിന്നു് ഭൂമിയിലിറങ്ങിയ ഒരു വാഹനമാണോ? ധർമ്മപുരിയുടെ നാവികന്മാർ മുകൾത്തട്ടിൽ വന്നനിന്ന തക്കിളിതിരിയ്ക്കുന്നതുകണ്ട അമേരിയ്ക്കാർ കരുതിയതു് തങ്ങളുടെ ആത്മാക്കളെ പരുക്കൻ നൂലുകളാക്കി അപരിചിതന്മാർ വലിച്ചെടുക്കുകയാണെന്നായിരുന്നു. അമേരിയ്ക്കൻ വിമാനവാഹിനിയിൽ അമ്പരപ്പു പെരുകി. പെട്ടെന്നു് ധർമ്മപുരിക്കാർ ശംഖുവിളികളും തായമ്പകയും മുഴക്കി. തികച്ചും ഭ്രമിച്ചുവശായ അമേരിയ്ക്കൻ വിമാനവാഹിനി പിൻവാങ്ങി. ആ സമയത്തു് ശാന്തിഗ്രാമത്തിൽ വലിയൊരു പൊതുയോഗത്തിൽ, അമേരിയ്ക്കൻ വിമാനവാഹിനികൾ തങ്ങൾക്കു് ഭീഷണിയുയർത്തുവാണെന്നു് രാഷ്ട്രപതി പ്രഖ്യാപിയ്ക്കുകയായിരുന്നു.

ഈ ഏറ്റുമുട്ടലിനെക്കുറിച്ചു് മറ്റൊരുകഥയും പറഞ്ഞുകേട്ടിട്ടുണ്ടു്: അമേരിയ്ക്കൻകപ്പൽ അടുത്തപ്പോൾ ധർമ്മപുരിയുടെ നാവികന്മാർ തങ്ങളുടെ ചോറുകിണ്ണങ്ങൾ നീട്ടിയെന്നും അമേരിയ്ക്കാരുടെ തീൻപണ്ടങ്ങളിലേയ്ക്കു് ആർത്തിയോടെ നോക്കിയെന്നും, ഇതിൻഫലമായുണ്ടായ കുറ്റബോധം നിമിത്തമാണു് അമേരിയ്ക്കാർ പിൻവാങ്ങിയതെന്നും.

സൈനികവാഹനങ്ങളുടെ വലിയൊരു ഘോഷയാത്ര ശാന്തിഗ്രാമത്തിലെ രാജവീഥിയിലൂടെ നീങ്ങുകയാണു്. പാതയോരത്തുനിന്ന സിദ്ധാർത്ഥൻ ഈ വാഹനങ്ങളെക്കണ്ടു് ചിരിച്ചുപോയി. കോടിക്കണക്കിനു വിലവരുന്ന രണ്ടു യന്ത്രവാഹനങ്ങൾക്കെത്തിരുന്നകൊണ്ടു് രണ്ടു ചെറിയ മനു

ഷ്യർ പോരുപിടിക്കുന്നതിന്റെ പൊരുത്തക്കേടോർത്തപ്പോൾ ചിരിവന്നതായിരുന്നു. യുദ്ധം ചെയ്തേ തീരൂ എങ്കിൽ ഒന്നുനിന്നു മല്ലുപിടിച്ചാൽ മതിയല്ലോ. അല്ലെങ്കിൽ നേരേനിന്നു വക്കാണിക്കാം. കോഴിപ്പോരുനടത്തി തർക്കമവസാനിപ്പിക്കാം. അര മണി വാരിയെടുത്ത് ഒററയോ ഇരട്ടയോ എന്നു വാതുവെച്ച് ജയിക്കുകയും തോൽക്കുകയും ചെയ്യാം. അല്ലെങ്കിൽ അതൊന്നും വേണ്ട, പടയോട്ടത്തിന്റെ അതിരുകളിൽ ഇരുകക്ഷികളും തൂറിവെച്ചാൽ മതി ഒരു നിശ്ചിതസമയത്തിനുള്ളിൽ ആരുടെ നിക്ഷേപത്തിലാണ് അധികം ഈച്ചയിരിക്കുന്നതെന്നു കണക്കാക്കി ജയാപജയങ്ങൾ നിർണ്ണയിക്കാം. അങ്ങിനെ, മഹായുദ്ധങ്ങളോളംതന്നെ നികൃഷ്ടവും ബുദ്ധിഹീനവുമായ, എന്നാൽ ധനനഷ്ടമോ ജീവനാശമോ വരുത്തിക്കൂട്ടാത്ത വഴികൾ പലതുമുണ്ടായിരുന്നു. എന്നാൽ എണ്ണമററ യുദ്ധക്കളങ്ങളിൽ അളവില്ലാത്ത സമ്പത്തുകൾ ഒടുങ്ങി. അവിടെ കബന്ധങ്ങൾ ചിതറിക്കിടന്നു പിന്നെയും പിന്നെയും ഗുണപാഠമില്ലാതെ ആ വ്യയം ആവർത്തിച്ചു. കബന്ധങ്ങളെത്താണ്ടി ഒരു ചെറിയ പെൺകുട്ടി അയാളുടെ നേക്കു നടന്നുവന്നു.

"നീ ആരാണു കുഞ്ഞേ?" സിദ്ധാർത്ഥൻ ചോദിച്ചു.

"കാഞ്ചനമാല," സുന്ദരിയായ പെൺകുട്ടി പറഞ്ഞു.

"നീ ആരുടെ മകളാണ്?" സിദ്ധാർത്ഥൻ ചോദിച്ചു

"കനകലതയുടെ," അവൾ പറഞ്ഞു.

"നിന്റെ കയ്യിലെന്താണ്?" സിദ്ധാർത്ഥൻ ചോദിച്ചു.

"താളിയോല," അവൾ പറഞ്ഞു.

"നീ എന്താണെഴുതിയത്?" സിദ്ധാർത്ഥൻ ചോദിച്ചു.

"ക ഖ ഗ ഘ," അവൾ പറഞ്ഞു.

അവൾക്ക് നാണം വന്നു.

"കാഞ്ചനമാലേ," സിദ്ധാർത്ഥൻ വിളിച്ചു.

അവൾ കബന്ധങ്ങളുടെ ഇരുട്ടിലേക്ക് മായുകയായിരുന്നു. അവൾ വീണ്ടും തെളിഞ്ഞപ്പോൾ അവൾ ഒരസ്ഥിപഞ്ജരമായിരുന്നു. കൃഷ്ണമണികളില്ലാത്ത കണ്ണുകൾ കരുവിമുട്ടകളെപ്പോലെ വെളുത്തു മങ്ങിക്കിടന്നു.

"എനിക്കു കണ്ണുകണ്ടുകൂടാ", അവൾ പറഞ്ഞു. "ഞാൻ താളിയോലയിൽ ഒന്നും എഴുതിയില്ല.

"കാഞ്ചനമാലേ—" സിദ്ധാർത്ഥൻ പറഞ്ഞു.

"ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ കിടന്നപ്പോൾ അവരെനിക്കു ജീവകങ്ങൾ തന്നില്ല", അവൾ പറഞ്ഞു. "പകരമായി അവർ അവരുടെ സൈന്യങ്ങളേയും യുദ്ധങ്ങളെയും ഊട്ടി. അങ്ങിനെ ഞാൻ കണ്ണില്ലാതെ പിറന്നുവീണു. കബന്ധങ്ങളുടെ ഇരുട്ടിൽ ഞാൻ ഏകാകിനിയായി കഴിയുന്നു. സിദ്ധാർത്ഥാ—"

അവൾ അയാളുടെനേക്കു കൈനീട്ടി. ആ കൈ ഏൽക്കാൻ സിദ്ധാർത്ഥൻ മുന്നോട്ടാഞ്ഞു.

"കാഞ്ചനമാലേ—" അയാൾ വിളിച്ചു.

ആ കൈപ്പടം പുലരിമഞ്ഞുപോലെ സിദ്ധാർത്ഥന്റെ വിരലുകൾക്കിടയിലൂടെ ഊർന്നുപോയി ദുഃഖത്തോടെ അവൾ വിളിച്ചു, "സിദ്ധാർത്ഥാ—"

കാ ത്വം ബാലേ? കാഞ്ചനമാല.
കസ്യാഃ പുത്രീ? കനകലതായഃ
കിം തേ ഹസ്തേ? താളീപത്രം.
കാവാ രേഖാ? ക ഖ ഗ ഘ.

പെട്ടെന്ന് താരാട്ടുപാട്ടുകൾ വെളുത്ത കണ്ണുകളുള്ള ചെറിയ ജഡങ്ങൾക്കായി ഏന്തിയുയർന്നു. ദൈവമേ, ദൈവമേ, അയാൾ പറഞ്ഞു. എനിക്കിതു താങ്ങാൻവയ്യല്ലോ — നിറഞ്ഞ കണ്ണുകൾ വീണ്ടും തെളിഞ്ഞപ്പോൾ കാഞ്ചനമാലയും കബന്ധങ്ങളുടെ ഇരുട്ടും ഇല്ല. നേരം ഒരുപാടു കഴിഞ്ഞിരുന്നു, അപ്പൊഴും സൈനിക ഘോഷയാത്ര നിരത്തിലൂടെ നീങ്ങിക്കൊണ്ടിരുന്നു.

ഇപ്പോൾ സിദ്ധാർത്ഥൻ കനകലതയുടെ ദുഃഖം മറന്നുകഴിഞ്ഞിരുന്നു. പകരം മനസ്സിൽ പരുഷമായ ഫലിതം നിറഞ്ഞു. വലിയൊരു തേരിലിരുന്നുകൊണ്ട് ധർമ്മപുരിയുടെ സർവ്വസൈന്യാധിപനായ പരാശരൻ എഴുന്നള്ളുകയാണ്. രാഷ്ട്രപതിയുടെ തീട്ടക്കണ്ടി പരാശരൻ പൊക്കിപ്പിടിച്ചിരുന്നു. കണ്ടിയുടെ നെറുകയിൽ മാണിക്യം.

"ഹോ, ഹോ, ഹോ," സിദ്ധാർത്ഥൻ ചിരിയായി.

മാണിക്യത്തിന്റെ മുക്കണ്ണുമിഴിച്ച തീട്ടക്കണ്ടിയല്ല സിദ്ധാർത്ഥനെ ചിരിപ്പിച്ചത്. സർവ്വസൈന്യാധിപന്റെ വേഷം— പച്ചക്കുപ്പായം, കരിന്തൊകിൽ പാപ്പാസ്, സരികത്തൊപ്പി, നെഞ്ചത്തും ചുമലിലും നിറയെ ലോഹത്തിൽ വാർത്തെടുത്ത മുദ്രകൾ. പള്ളിക്കൂടത്തിലെ ചെറുപിള്ളേർ വേഷംകെട്ടിക്കളിക്കുമ്പോൾ അണിയുന്ന ചമയങ്ങളെപ്പോലിരുന്നു. മുതിർന്നവർ ഇങ്ങിനെ കെട്ടിക്കൂട്ടുന്നത് ഉചിതമാണോ? നാണക്കേട്ട്.

പാതയരുകിൽനിന്ന് പാതയിലേക്കിറങ്ങി സിദ്ധാർത്ഥൻ, സൈനിക ഘോഷയാത്രയുടെനേരേ നടന്നു.

"പട്ടാളക്കാരാ," ഘോഷയാത്രയിലൊരുവനോട് അയാൾ ചോദിച്ചു, "ഈ മുദ്രകളൊക്കെ മുശാരി വാർത്തെടുത്തതാണോ?"

പട്ടാളക്കാരൻ മറുപടി പറഞ്ഞില്ല. നേരേ മുന്നോട്ടുനോക്കി കൈവീശി നടന്നതേയുള്ളു.

ആരോ പുറകിൽനിന്ന് സിദ്ധാർത്ഥന്റെ ചുമലിൽ തൊട്ടു. സിദ്ധാർത്ഥൻ തിരിഞ്ഞു. ഒരദ്ധ്യാത്മികനായിരുന്നു പുറകിൽ.

"സ്നേഹിതാ," അദ്ധ്യാത്മികൻ പറഞ്ഞു. "നിങ്ങൾ എന്തു പേരുവെച്ചാണ് അയാളെ വിളിച്ചത്?"

"പട്ടാളക്കാരാ എന്ന്," സിദ്ധാർത്ഥൻ പറഞ്ഞു. "എന്താ വിശേഷിച്ച്?"

"വിശേഷിച്ചോ?" അദ്ധ്യാത്മികൻ അസുഖകരമായി ചിരിച്ചു. "പറഞ്ഞു തരാം, അതിനുമുമ്പായി, നിങ്ങൾ ഈ നാട്ടുകാരനല്ലേ?"

"നാടോ?" സിദ്ധാർത്ഥൻ എന്തോ ഓർത്തുകൊണ്ട് ശങ്കിച്ചുനിന്നു.

"അതെ. നിങ്ങളുടെ നാടെവിടെയാണ്?"

"ഒരർത്ഥത്തിൽ, കപിലവസ്തു. മറെറാരർത്ഥത്തിൽ എവിടെയുമല്ല."

"വിശേഷം! നിങ്ങൾക്ക് നാടില്ലെന്നാണോ പറയുന്നത്?"

ധർമ്മ പുരാണം

ധർമ്മ പുരാണം

"നാടില്ലാത്തവനായിത്തീരാൻ ശ്രമിച്ചുവരികയാണു്."

രാഷ്ട്രീയപ്രവർത്തകൻ രാജാവിനോടു ചേർന്നടന്നു.

"എന്റെ മനുഷ്യാ," അയാൾ സിദ്ധാർത്ഥനോടു പറഞ്ഞു, "നാടില്ലെന്നു പറഞ്ഞാൽ നിങ്ങൾക്കു രാഷ്ട്രീയമില്ലെന്നർത്ഥം. എല്ലാറ്റിനും പുറമെ, ശത്രുക്കളില്ലെന്നർത്ഥം. ശത്രുക്കളില്ലാതെ നിങ്ങൾ എങ്ങിനെ സത്യഗ്രഹം നടത്തും?"

സിദ്ധാർത്ഥൻ പരുങ്ങി. ഇതൊക്കെ രാഷ്ട്രീയമാണോയെന്നു്. തനിയ്ക്കൊന്നും അറിഞ്ഞുകൂടാ. അതൊന്നും പിടികിട്ടാത്തതുകാരണമായിരുന്നു കപിലവസ്തുവിട്ടു് ഇറങ്ങിയതുതന്നെ.

"ക്ഷമിയ്ക്കണം ശ്രീമൻ," സിദ്ധാർത്ഥൻ പറഞ്ഞു. "ഞാനൊരു മണ്ടനാണു്. എനിയ്ക്കീ രാഷ്ട്രീയമൊന്നും മനസ്സിലാവില്ല."

അദ്ധ്യാത്മികൻ ഇത്തിരിനേരം ആലോചിച്ചു. എന്നിട്ടു പറഞ്ഞു, "നിങ്ങൾക്കു ബുദ്ധിയുണ്ടെന്നർത്ഥം. ബുദ്ധിയുള്ളവർക്കു് ഇതൊന്നും മനസ്സിലാവില്ല."

സിദ്ധാർത്ഥന്റെ ആശയക്കുഴപ്പം വർദ്ധിച്ചു.

"നേരാണു്," മാത്തുകൊണ്ടു് അയാൾ പറഞ്ഞു. "എനിയ്ക്കു ബുദ്ധിയുണ്ടെന്നു് ശ്രീകമഹർഷിയും വ്യാഴവും പറഞ്ഞിരുന്നു."

"ശ്രീകമഹർഷിയോ? വ്യാഴമോ?"

"അതെ. വീട്ടിൽ പഠിപ്പിക്കാൻ വരാറുണ്ടായിരുന്ന വാദ്ധ്യാന്മാർ."

"കഷ്ടം. നിങ്ങൾക്കു ബുദ്ധിയുണ്ടെന്നു് അവർ കാലേകൂട്ടി കണ്ടുപിടിച്ചു. എന്നിട്ടും നിങ്ങളൊന്നും ചെയ്തില്ല. ചികിത്സിച്ചില്ല!"

"ചികിത്സയോ?"

"അതെ. ബുദ്ധിക്കു്."

"എനിയ്ക്കു മനസ്സിലാവുന്നില്ലല്ലോ."

"പാവം മനുഷ്യാ," രാഷ്ട്രീയപ്രവർത്തകൻ പറഞ്ഞു. "എന്നാൽ ശ്രദ്ധിയ്ക്കു്. ഞാൻ പറഞ്ഞുതരാം. ആദ്യമായി, ഇതൊരു സൈനികഘോഷയാത്രയല്ല. കാരണം, ഇവരാരും പട്ടാളക്കാരല്ല. സത്യഗ്രഹികളാണു്. അതാ ആ തേരിലിരിക്കുന്ന പരാശരൻ പ്രധാന സത്യഗ്രഹിയാണു്. രണ്ടാമതായി—"

കൂട്ടത്തിൽ കേൾക്കാനായി സിദ്ധാർത്ഥൻ അവിടെ നിന്നില്ല. അയാൾ പതുക്കെ ആൾക്കൂട്ടത്തിൽ സ്വയം നഷ്ടപ്പെട്ട രാഷ്ട്രീയപ്രവർത്തകന്റെ കണ്ണിൽനിന്നു മറഞ്ഞുനിന്നു മബോദ്ധ്യമായപ്പോൾ സിദ്ധാർത്ഥൻ വീണ്ടും പതുക്കെ പ്രധാന സത്യഗ്രഹി എന്ന സർവ്വസൈന്യാധിപന്റെ തേരിനോടടുത്തു.

"മാന്യരേ—" സിദ്ധാർത്ഥൻ പതുക്കെ പറഞ്ഞു.

"എന്തുവേണം?" പരാശരൻ ചോദിച്ചു.

സിദ്ധാർത്ഥന്റെ കണ്ണുകൾ വീണ്ടും ആ മനുഷ്യന്റെ മുദ്രകളിൽ പതിഞ്ഞു. വീണ്ടും സിദ്ധാർത്ഥൻ ചിരിച്ചുപോയി.

"ചിരിയ്ക്കുന്നോ!" സർവ്വസൈന്യാധിപൻ കയർത്തു.

"ക്ഷമിയ്ക്കണം," സിദ്ധാർത്ഥൻ പറഞ്ഞു. "ഞാനൊരു മണ്ടനാണു്. ഒരു മുതിർന്ന മനുഷ്യൻ ചുമലിലും നെഞ്ചത്തും ലോഹത്തിന്റെ മുദ്രകൾ പതിച്ചു നടക്കുന്നതുകണ്ടു് ചിരിച്ചുപോയതാണു്. ഹോ, ഹോ, ഹോ!"

"സത്യഗ്രഹങ്ങളിൽ കാണിച്ച ധീരതയ്ക്കു കിട്ടിയ കീർത്തിമുദ്രകളാണവ," സർവ്വസൈന്യാധിപൻ പറഞ്ഞു, "ചുമലിലെ നക്ഷത്രങ്ങൾ എന്റെ തന്നിമയുടെ—"

"ഹോ, ഹോ, ഹോ!"

"ചെ!"

"മുതിർന്ന മനുഷ്യന്മാർ—ഹോ, ഹോ ഹോ!"

സിദ്ധാർത്ഥൻ വയറു കുട്ടിപ്പിടിച്ചു നിന്നതെ ചിരിച്ചു. സർവ്വസൈന്യാധിപൻ സ്വന്തം ചുമലിലേയ്ക്കും മാറിമാറി നെഞ്ചത്തേയ്ക്കും നോക്കി. ലോഹത്തിൽ വാർത്തെടുത്ത കീർത്തിമുദ്രകൾകൊണ്ടു് അവിടമെല്ലാം തിളങ്ങുന്നു. നിരായുധനായ ഈ മനുഷ്യനാകട്ടെ, കരുണനിറഞ്ഞ കണ്ണുകൾകൊണ്ടു് തന്നെ നോക്കി തന്റെ കൂട്ടിയുടെ നിർദ്ദോഷമായ പരിഹാസത്തോടെ ചിരിയ്ക്കുന്നു.

"ചിരി നിർത്തു്," സർവ്വസൈന്യാധിപൻ കല്പിച്ചു.

സിദ്ധാർത്ഥനു് ചിരി നിർത്താൻകഴിഞ്ഞില്ല.

"ഹോ, ഹോ, ഹോ!" അയാൾ ചിരിച്ചേ നടന്നു.

"നിർത്തു്!"

"അല്പക്ഷം തൊങ്ങലും— ആളുകളുടെ മനസ്സു വെടിവെച്ചതിനു്—ഹോ, ഹോ ഹോ!"

സിദ്ധാർത്ഥൻ ചിരിച്ചു ചിരിച്ചു വീണു. വീണ്ടും എണീറ്റു ചിരിച്ചു. ചിരിച്ചുചിരിച്ചു നടന്നു.

"ഹോ, ഹോ, ഹോ!"

പെട്ടെന്നു് സർവ്വസൈന്യാധിപൻ തേരിൽനിന്നു് താഴോട്ടു ചാടി. സൈനികഘോഷയാത്രവിട്ടു്, രാജവീഥിവിട്ടു്, അയാൾ തെരുവുകളിലൂടെ ഓടി.

ഓടിയോടി ഒരു വീടിന്റെ മുമ്പിലെത്തി.

"അമ്മേ!"

"ആരാണതു്?"

"വാതിലു തുറക്കു അമ്മേ. ഞാനാണിതു്, കുട്ടൻ."

സാമാന്യം പ്രായംചെന്ന ഒരു സ്ത്രീ വാതിൽ തുറന്നു.

"അയ്യോ എന്റെ മകനേ!" അവർ പറഞ്ഞു. "എന്തു പറ്റിയെടാ നിനക്കു്? നീ നിന്റെ കാലുറയിലൊക്കെ മൂത്രമൊഴിച്ചല്ലോടാ കുട്ടാ."

"ബൂ, ബൂ, ബൂ!" സർവ്വസൈന്യാധിപൻ കരഞ്ഞു. "അവൻ എന്നെ പരിഹസിച്ചു."

"ആരു്, കുട്ടാ?"

"ആരോ ഒരുത്തൻ. കണ്ണിൽ കരുണനിറഞ്ഞ ഒരുത്തൻ."

"കണ്ണിൽ കരുണ നിറഞ്ഞ ഒരുത്തനോ!" സർവ്വസൈന്യാധിപന്റെ അമ്മ പകച്ചു. "നിന്റെ മുദ്രകളെ അവൻ പരിഹസിച്ചോ?"

"ഉം. ബൂ, ബൂ, ബൂ!"

"കരയാതെ കുട്ടാ. അവൻ പിന്നെന്തു പറഞ്ഞു?" ആളുകളെ വെടിവെച്ചു കൊല്ലുന്നതു് വൃത്തികേടാണെന്നു പറഞ്ഞോ?"

"പറഞ്ഞു."

"എന്റെ പാവം കുട്ടന്റെ മനസ്സു് അവൻ വേദനിപ്പിച്ചു," അമ്മയ്ക്കു വയറുകത്തി. "അവൻ അതിന്റെ ഫലം അനുഭവിയ്ക്കും. കുട്ടാ—

കുട്ടൻ അകായിലേയ്ക്കു പാഞ്ഞു.

"കുട്ടാ—"

"ബൂ, ബൂ, ബൂ!"

തന്റെ അറയിൽ, നിലക്കണ്ണാടിയുടെ മുമ്പിൽനിന്നുകൊണ്ടു് സർവ്വസൈന്യാധിപൻ തന്റെ ചുമലിൽനിന്നും മാറിൽനിന്നും മുദ്രകൾ പറിച്ചെടുത്തു് ദൂരെയെറിയാൻ തുടങ്ങി.

"അയ്യോ, എന്റെ കുട്ടനെ ദുഃഖിപ്പിയ്ക്കുന്നല്ലോ," അമ്മ പറഞ്ഞു.

മുദ്രകൾ പറിച്ചെറിഞ്ഞശേഷം സൈനികവേഷവിധാനങ്ങൾ ഒന്നൊന്നായി അയാൾ ഉരിഞ്ഞുവലിച്ചെറിഞ്ഞു. എല്ലാം ഉരിഞ്ഞുകഴിഞ്ഞപ്പോൾ ഉടയാടയില്ലാത്തവനായി കുട്ടൻ നിലക്കണ്ണാടിയുടെ മുമ്പിൽനിന്നു. മുദ്രകളില്ലാതെ, വേഷവിധാനമില്ലാതെ തന്നെത്തന്നെ അന്നാദ്യമായി കാണുകയാണു്. പേശികളുടെ അതിരുകൾ, ദാർഢ്യം. വിരിഞ്ഞമാറു്, പ്രതിമയുടെതെന്നപോലെ കുട്ടങ്ങിയ അരക്കെട്ടു്, അടിവയറിലേയ്ക്കിറങ്ങുന്ന രോമത്തിന്റെ മുഴി, ലിംഗത്തെ ചുഴ്ന്നുവളർന്ന രോമച്ചുരുളുകൾ. ആ ആദ്യത്തെക്കാഴ്ചയിൽ അയാൾ മുഴുകി. അയാൾ ആദ്യമായി ചിരിച്ചു.

"അമ്മേ, നോക്കൂ!" അയാൾ ശബ്ദമിട്ടു.

"എന്തെടാ, കട്ടാ?"

"എന്റെ ലിംഗം."

"അതിനു ഞാനെന്തുവേണം?"

"അമ്മേ, എന്തൊരു ചിന്തം. ഞാനിതു് ആദ്യമായി മനസ്സിരുത്തി കാണുകയാണു്."

"കാണു്, കട്ടാ."

"കണ്ടാൽപോരാ, അമ്മേ. എനിയ്ക്കിപ്പോൾത്തന്നെ ഭോഗിയ്ക്കണം."

മകൻ ശാഠ്യക്കാരനാണു്, അമ്മയോടു്. കൊച്ചുനാളിലേ അങ്ങിനെയാണു്. കട്ടന്റെ ഭാര്യ ഉണ്ണിയാടി പട്ടാളക്കാരുടെ ആശുപത്രി സന്ദർശിയ്ക്കാൻ പോയിരിയ്ക്കുകയാണു്.

"കുറച്ചു ക്ഷമിയ്ക്കു്", കട്ടാ," അമ്മ പറഞ്ഞു. "ഉണ്ണിയാടി പുറത്തുപോയിരിയ്ക്കുയല്ലേ?"

എനിയ്ക്കിപ്പോൾത്തന്നെ ഭോഗിയ്ക്കണം."

"കട്ടാ—"

"ആരായാലും മതിയമ്മേ!"

"വികൃതിക്കുട്ടാ."

"അമ്മേ—"

അമ്മ അടുക്കളയിലേയ്ക്കു വിളിച്ചു, "എടീ ശീലാവതീ. അഹല്യേ, അരുന്ധതീ, സാവിത്രീ, ഇന്ദിരേ, പ്രിയദർശിനീ—"

അടുക്കളയിൽനിന്നു് അഞ്ചുവാലിയക്കാരികൾ പുറത്തുവന്നു.

"അമ്മത്തമുരാട്ടി കല്പിച്ചു വിളിച്ചുവോ?'

"കട്ടനു് ആവേശം."

കട്ടൻ പൊട്ടിച്ചിരിച്ചുകൊണ്ടു് മുറിയിൽ പ്രവേശിച്ചു. അഞ്ചുപെണ്ണുങ്ങളെയും വാരിയെടുത്തുകൊണ്ടു് നഗ്നനായ സർവ്വസൈന്യാധിപൻ പരവതാനിയിൽ കിടന്നുരുണ്ടു. പത്തുമുലകളിലും പത്തു ചുണ്ടുകളിലും ഉമ്മവെച്ചുകൊണ്ടു് അയാൾ ഉറക്കെയുറക്കെ ചിരിച്ചു. പെണ്ണുങ്ങളും അമ്മയും ചിരിച്ചു

അപ്പോഴാണു് വാതിൽക്കൽ മുട്ടുകേട്ടതു്.

"ശ്ശായ്!" അമ്മ പറഞ്ഞു. "എന്റെ കുട്ടനെ വീണ്ടും ശല്യപ്പെടുത്താൻ ആരോ വന്നിരിയ്ക്കുന്നു."

അമ്മ വാതിൽ തുറന്നു. പുറത്തു് ഒരു സംഘം ഉയർന്ന ഉദ്യോഗസ്ഥന്മാർ പകച്ചുനില്പാണു്.

"തിരുമേനി എവിടെ?" അവർ ചോദിച്ചു.

"എന്തുവേണം?" അമ്മ ചോദിച്ചു.

ഉദ്യോഗസ്ഥന്മാർ അന്യോന്യം മന്ത്രിച്ചു. എന്നിട്ടു അവരിൽ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു, "തിരുമേനി തേരിൽനിന്നു ചാടി വഴിനീളെ മൂത്രമൊഴിച്ചു പാഞ്ഞതറിഞ്ഞു് ശത്രുക്കൾ സന്തുഷ്ടരായിരിയ്ക്കുകയാണു്. അതു് സാമ്രാജ്യത്വത്തെ ശക്തിപ്പെടുത്തും. രാഷ്ട്രപതി കണ്ഠിതപ്പെട്ടിരിയ്ക്കുയാണു്. രാഷ്ട്രപതിയ്ക്കു് നേരേ ചൊവ്വേ തുറാൻപോലും പറഞ്ഞിയില്ലെന്നവരും."

"ശരി, ഇപ്പോൾ എന്തുവേണം?"

"തിരുമേനിയെ കൊണ്ടുപോവാൻ ഞങ്ങൾ യന്ത്രഗജം കൊണ്ടുവന്നിട്ടുണ്ടു്. തിരുമേനിയില്ലെങ്കിൽ ഇന്നത്തെ സൈനികച്ചുടങ്ങു് മുടങ്ങും."

അമ്മ അകത്തേയ്ക്കു നോക്കി വിളിച്ചു. "കട്ടാ —"

ഉദ്യോഗസ്ഥന്മാരും വിളിച്ചു, "തിരുമേനീ—"

അകത്തുനിന്നു", "പോവ്നെടാ പട്ടികളേ!"

"സൈനൃത്തിന്റെ ചടങ്ങുകൾ—" ഉദ്യോഗസ്ഥന്മാർ പരസ്പരം പറഞ്ഞു അവർ പരിഭ്രമിച്ചു. അവർ അമ്മയോടു ചോദിച്ചു, "തിരുമേനി എന്തു ചെയ്യുന്നു?"

അകത്തുനിന്നു", "ഭോഗിയ്ക്കുകയാണെടാ പട്ടികളേ!"

(ശേഷം 59-ൽ)

മലയാളനാടു് അടുത്തലക്കം

പക്ഷേ അതൊന്നുമായിരുന്നില്ല പ്രശ്നം അമേരിക്കൻ നഴഞ്ചുകേറ്റത്തിന്റെ പുതുമയും ശാശ്വതമല്ല. അതിന്റെ പേരിൽ തിരഞ്ഞെടുപ്പു് എത്രകാലം നീട്ടിക്കൊണ്ടുപോകാം. അതിന്റെ പുതുമ നഷ്ടപ്പെട്ടുകഴിഞ്ഞാൽ പിന്നെ ധർമ്മമാർഗ്ഗമെന്തു്. പതിനാലുകൊല്ലംകഴിഞ്ഞു പതിനാലു് കൊല്ലം കഴിഞ്ഞിട്ടും യുദ്ധം മില്ല. അവിടവിടെ സത്യഗ്രഹങ്ങൾ നടക്കുന്നു എന്നു പറഞ്ഞു് ഫലിപ്പിക്കാൻതന്നെ നന്നേ പാടുപെടേണ്ടിവന്നു.

സിദ്ധാർത്ഥൻ ധർമ്മപുരിയിലെത്തുമ്പോഴത്തെ സ്ഥിതി ഇതായിരുന്നു.

ഒ. വി. വിജയന്റെ **"ധർമ്മപുരാണം"** നാലാമദ്ധ്യായം

അടിയന്തിരാവസ്ഥ

△

എം. കൃഷ്ണൻനായരുടെ "സാഹിത്യവാരഫലം"

△

സ്വന്തം കിടക്കയിൽ ഉറക്കറബൾബിന്റെ വെളിച്ചത്തിൽ ചുമർചിത്രത്തിൽനിന്നു് തന്നെ നോക്കുന്ന ക്രിസ്തുവിന്റെ ചിത്രത്തിനും ചുവട്ടിൽ, ജന്നലഴികളിലൂടെ പാളിവീഴുന്ന നിലാവു് നിലത്തു വാച്ചിട്ടിരിക്കുന്ന ജന്നലഴികളിലൂടെ കറുത്ത ചിത്രങ്ങളിലേക്കു് നോക്കി, ഉറങ്ങാതെ കിടക്കവേ, പിള്ള എന്ന ഈ അത്ഭുതമനുഷ്യന്റെ വിവിധമുഖങ്ങൾ അവളുടെ മുൻപിൽ നിരന്നു നീങ്ങുകയായിരുന്നു

കാക്കനാടന്റെ **"ഈ നാട്ടുകാരുടെ ലോകം"**

രണ്ടാമദ്ധ്യായം: "നിലക്കണ്ണാടി"

△

ഭഗത്സിംഗിന്റെ നിശ്ചയദാർഢ്യത്തേക്കാൾ എത്രയോ കഠിനശകരമാണു് ജീവിതം മുഴുവൻ ചാളകളിൽ അലഞ്ഞു് ഒന്നുമില്ലാത്ത തൊഴിലാളികളെ സംഘടിപ്പിക്കുവാനുള്ള കൃഷ്ണപിള്ളയുടെ നിശ്ചയദാഢ്യം വിപ്ലവം യാഥാർത്ഥ്യമാവണമെങ്കിൽ ബഹുജനപങ്കാളിത്തം കൂടിയേ കഴിയൂ. അതാണു് വിപ്ലവാനന്തര സമുദായത്തിനുള്ള യഥാർത്ഥഗാരണ്ടി.

തായാട്ടു് ശങ്കരന്റെ ലേഖനം

ഗറില്ലാസമരമെന്ന ദിവാസ്വപ്നം.

△

— മറ്റു നോവലുകൾ —

എൻ. കൃഷ്ണൻനായർ, പമ്മൻ, കണ്ണദാസൻ

△

കൊളാബാവാലയുടെ "ബോംബെയിലെ രാത്രികൾ", സീതാലക്ഷ്മിദേവിന്റെ "കേശവദേവു് എന്റെ നിത്യകാമുകൻ"—തുടരുന്നു

△

രൂപപരമായ പിരിമുറുക്കവും ഭാവതീക്ഷ്ണതയുംകൊണ്ടു് ചൈതന്യവത്തായ സച്ചിദാനന്ദന്റെ ഒരു കവിത. പീതാംബരൻ.

തുളസിയുടെ "ആരും കാണാത്തൊരു സമ്മാനം"

ഗീത ഇടപ്പള്ളിയുടെ "ഇണങ്ങാത്ത പാതകൾ" — കഥകൾ

ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷിയെക്കുറിച്ചു് ഗോപികൊട്ടങ്ങല്ലൂരിന്റെ ആസ്വാദനം "അജ്ഞനകല്ലിൽ ഒരു കവിത."

വി. ബി. സി. നായരുടെ മുഖഭാഗചിത്രങ്ങൾ, മംഗലശ്ശേരിയുടെ ചിത്രഗിരുപണം.

കാക്കനാടന്റെ ഈ നായ്ക്കളുടെ ലോകം ആരംഭിക്കുന്നു.

ഒന്ന് സിംഹങ്ങളുടെ രാജാവ്

അത്താഴവിരുന്ന് അവസാനിക്കാറായപ്പോൾ ക്ളബ്ബിലെ തല മൂത്ത സിംഹങ്ങളിൽ ഒരാളായ അനന്തമോഹനഷേണായി ബാണ്കോക്കിൽ തുന്നിയ വിലപിടിച്ച സൂട്ടിന്നുള്ളിൽ തന്റെ നൂററിപ്പത്തുകിലോ മാംസവുമായി ബദ്ധപ്പെട്ട് എണീററ്, ഉറയ്ക്കാത്ത കാലുകളന്മേൽ ആടിയാടി, മുന്നോട്ടിത്തിരി ചാഞ്ഞ്, തീൻമേശയിന്മേൽ കൈപ്പടങ്ങളൂന്നിനിന്ന്, സിംഹസഹജമല്ലാത്ത ഭാഷയിൽ ആക്രോശിച്ചു-

"ഫ്രെണ്ട്സ്!"

സദസ്സിൽനിന്ന് ഒരു പ്രതികരണവുമുണ്ടായില്ല. സിംഹങ്ങളും സിംഹികളും അവരുടെ പതിവു തമാശകളിലും പതിവു തർക്കങ്ങളിലും പതിവു ബഹളങ്ങളിലും മുങ്ങാം കുഴിയിട്ടു നടക്കുകയായിരുന്നു.

ഏററവും പുതിയ "ഡൈജസ്റ്റി"ൽ വന്ന ഫലിതം പൊടിപ്പും തൊങ്ങലും വച്ചു പരത്തിപ്പറയുന്ന വക്കീൽ ശിവരാമയ്യരുടെ ചുററിലും കൂടിയിരുന്ന ചുണ്ടത്തും കവിളത്തും ചായംതേച്ച ചിങ്കമ്മമാർ പൊട്ടിച്ചിരിച്ചു അവരുടെ ചിരികളിൽനിന്ന് ഇറക്കുമതിചെയ്യപ്പെട്ട സുഗന്ധദ്രവ്യങ്ങളുടെയും വിയർപ്പിന്റെയും കൂടിച്ചേർന്ന് അഴുകിയ മണം പ്രസരിച്ചു. ആ മണം അന്തരീക്ഷത്തിൽ ചുരുണ്ട്, അലഞ്ഞ്, പരന്ന്, മേഘമാലകളായിതീർന്നിരുന്ന സിഗരററ് പുകയിൽ അലിഞ്ഞു.

വെററക്കട ഗോവിന്ദപ്പിള്ള എന്നറിയപ്പെടുന്ന ചെറുകിട വ്യവസായിയും മാധവപ്പൈയും തമ്മിൽ രണ്ടു തമിഴ് ചലച്ചിത്ര നടന്മാരിൽ ആരാണു മെച്ചമെന്നതിനെക്കുറിച്ച് വാശിയേറിയ തർക്കം നടക്കുകയായിരുന്നു. അവർ കലങ്ങിയ കണ്ണുകളിൽ പകയോടെ പരസ്പരം നോക്കി. ഭീഷണിപ്പെടുത്തുന്നമാതിരി പരസ്പരം വിരൽ ചൂണ്ടി, പരസ്പരം ഭർത്സിക്കുകകൂടി ചെയ്തു ഇതേ പരിവേഷങ്ങളോടെ, ഇതേ വേദിയിൽ, ഇതേ തർക്കം ഇതിന്നുമുൻപും തങ്ങൾ നടത്തിയിട്ടുണ്ടെന്ന സംഗതി ഇവരിരുവർക്കും മറന്നുപോയിരുന്നു. അവരുടെ ഭർത്സനശബ്ദങ്ങൾകൂടി അന്തരീക്ഷത്തിലെ മുകിൽമാലകളിൽ അലിഞ്ഞുചേർന്നു. മേഘത്തിനു കട്ടിയേറി. മദ്യത്തിന്റെയും ഭോജ്യങ്ങളുടെയും ഗന്ധങ്ങൾകൂടി ചേർന്നപ്പോൾ മേഘം കൂടുതൽ കനത്തു; കുറുത്തു.

ശിവരാമയ്യരുടെ തമാശകളോ അതുകേട്ടു ചിരിക്കുന്ന ചിങ്കമ്മമാരുടെ കുണുക്കങ്ങളോ പൈയുടെയും ഗോവിന്ദപ്പിള്ളയുടെയും തർക്കമോ ഒന്നും ശ്രദ്ധിക്കാതെ, ഒരു മേശയിങ്കലിരുന്ന്, മേശപ്പുറത്ത് താളമടിച്ച്, തന്നിലേക്കുതന്നെ ചുരുങ്ങികൂടി, അടുത്തിടകേട്ട ഒരു ചലച്ചിത്ര ഗാനത്തിന്റെ ആദ്യത്തെവരി, തന്റെ കർണ്ണകഠോരമായ ശബ്ദത്തിൽ ആവർത്തിച്ചാവർത്തിച്ച് ആലപിക്കുകയായിരുന്നു കുറുപ്പ്. അടുത്തിരുന്നവർ കാതുപൊത്തുന്നതോ അസഹ്യത പ്രകടിപ്പിക്കുന്നതോ ഒന്നും ആ ഏകാന്തഗായകൻ അറിഞ്ഞിരുന്നില്ല. ഒരു കഥകളിക്കാരനെപ്പോലെ കണ്ണുകൾ ചലിപ്പിച്ച്, സ്വന്തം ശബ്ദത്തിന്റെയും സ്വന്തം അതാളത്തിന്റെയും അഭംഗികൾ ആസ്വദിക്കുന്നമട്ടിൽ തലയാട്ടി, അയാൾ പാടുകമാത്രം ചെയ്തു

അന്തരീക്ഷത്തിലെ ശബ്ദ — ഗന്ധ — ധൂമ മിശ്രിതത്തെ കൂടുതൽ കുറുപ്പിച്ചു കുറുപ്പിന്റെ സംഗീതം.

മേശപ്പുറത്ത് ഊന്നിയിരുന്ന കൈകളുയർത്തി, അനന്തമോഹനഷേണായി നാലഞ്ചുതവണ കൈതട്ടി.

"പ്രിയപ്പെട്ട സിംഹങ്ങളേ, സിംഹികളേ!" അയാൾ സിംഹസഹജമായ സംബോധനചെയ്തു.

വലിയ ഹാളിന്നു നടുവിലുള്ള പ്രധാന തീൻമേശയുടെ ഒരു വശത്ത് രണ്ടു സുന്ദരിമാരുടെ നടുവിൽ, ചുണ്ടത്ത് നേർത്തൊരു മന്ദഹാസവുമായി ഇരുന്ന വെള്ളവേ

ഷം ധരിച്ച ഒരു ചെറുപ്പക്കാരൻ ഷേണായിയെ നോക്കി, എണീറ്റു. അയാൾ എണീറ്റതു് ഒരു സംഭവമായി. സിംഹങ്ങളും സിംഹികളും എന്തൊക്കെയോ കുശുകുശുത്തു. ഒരാൾ അടുത്തയാളെ ചൊറിയുകയോ നുള്ളുകയോ ചെയ്തു. ഒരോ ചുണ്ടുകളിൽനിന്നും ഓരോ ദേശകളിൽനിന്നും ശബ്ദം ക്രമേണ പൊലിഞ്ഞു് അകന്നുപോയി. ഒരു പ്രദർശനശാലയിലെ വിളക്കുകൾ ഓരോന്നായി കെടുന്നതുപോലെ. ശബ്ദങ്ങൾ ഒരുമിച്ചു് ഒടുവിൽ ഇല്ലാതായി;

ഷേണായിക്കു ചെവി കൊടുക്കാനുള്ള ചെറുപ്പക്കാരന്റെ മൃദുസ്വരത്തിലുള്ള വിനയാന്വിതമായ അപേക്ഷ ഒരു ഉഗ്രശാസനം പോലെ അനുസരിക്കപ്പെട്ടു.

"പ്രിയപ്പെട്ടവരേ," ഹാളിൽ നിശ്ശബ്ദത വീണപ്പോൾ അനന്തമോഹനഷേണായിയുടെ ശബ്ദം കേൾക്കാവതായി." ദയവുചെയ്തു് എനിക്കു രണ്ടുമിനിട്ടു് തരൂ."

സദസ്സിലെ നിശ്ശബ്ദതയിലേക്കു് ഷേണായി പടർന്നുകയറി: "ഇതു ഗംഭീരമായ ഒരു വിരുന്നുസല്ക്കാരം ഈ ക്ലബ്ബിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല."

"ഷുവർ, ഷുവർ" സിംഹി മിസ്സിസ്സ് ഉപെ പറഞ്ഞു. "ഒരിക്കലുമില്ല. ഇനി ഉണ്ടാവുകയുമില്ല."

"മിസ്റ്റർ പിള്ളയെ എതു അഭിനന്ദിച്ചാലും മതിയാവില്ല" ഷേണായി തുടർന്നു. അയാളുടെ ശബ്ദം വാലാട്ടാൻ തുടങ്ങി. മറ്റൊരാൾക്കു് ഇങ്ങനെയൊരു വിരുന്നു് നടത്താൻ സാദ്ധ്യമല്ല."

"കറക്റ്റ്."

"അതു വീണ്ടും പറയൂ"

"ദെയർ യു ആർ"

"ത്രീ ചീയേഴ്സ് ടു മിസ്റ്റർ പിള്ള."

സിംഹങ്ങളും സിംഹികളും അലറിക്കൊണ്ടിരുന്നു.

മിസ്റ്റർ പിള്ളയുടെ ഇരുവശങ്ങളിലും ഇരിക്കുകയായിരുന്ന രണ്ടു സുന്ദരികൾ അയാളുടെ തോളുകളിലേക്കു ചാഞ്ഞു. അവരിരുവരും ഒന്നിച്ചു പറഞ്ഞു: "യു ആർ സോ ഗ്രേറ്റ്."

മിസ്റ്റർ പിള്ള മന്ദഹസിച്ചു അയാളുടെ പ്രസിദ്ധമായ മന്ദഹാസം മാസ്മരശക്തിയുള്ളതെന്നും അലൗകികമെന്നും ദിവ്യമെന്നും കാമോദ്ദീപകമെന്നും വർണ്ണീകരണശക്തമെന്നും മറ്റും മറ്റും പലരും പലരുൽ വിശേഷിപ്പിച്ചിട്ടുള്ള ആ മന്ദഹാസത്തിൽനിന്നു് ഏതോ അഭൗമതേജസ്സു് പ്രസരിച്ചു. സുന്ദരി ചിങ്കമ്മമാർ ആ ചിരിയിൽ സ്വർഗ്ഗങ്ങൾ കണ്ടു. തങ്ങളുടെ തപസ്സു് ജയിച്ചിരിക്കുന്നുവെന്നും ദേവൻ പ്രസാദിച്ചിരിക്കുന്നുവെന്നും ഇനിഏതുവരവും ചോദിക്കാമെന്നും ഉള്ള ബോധം അവരുടെ ഉള്ളറകളിൽ സന്തോഷത്തിന്റെ ദീപക്കാഴ്ചകൾ നടത്തുകയായിരുന്നു. എത്ര നാളായി പിള്ളയോടടുക്കാൻ ബോധപൂർവ്വം ശ്രമിക്കുകയായിരുന്നുവെന്നു് അവരിരുവരും ഓർത്തു ഇരുവരുടേയും ചിന്തകൾ ഒരേ വഴിക്കാണു സഞ്ചരിച്ചിരുന്നതു്.

അവരിൽ പിള്ളയുടെ ഇടതുഭാഗത്തിരുന്നവർ വലതുഭാഗത്തിരുന്നവളെ സംശയത്തോടെ വീക്ഷിച്ചു വലതുഭാഗത്തിരുന്ന മിസ്സിസ്സ് ഫിലിപ്പു് എന്ന തങ്കമ്മ ഇടതുഭാഗത്തിരുന്ന മിസ്സിസ്സ് മേനോൻ എന്ന ഗിരിജയെ അതേ വികാരത്തോടുകൂടി നോക്കി. ആർക്കാണു് ആദ്യം വരപ്രസാദമുണ്ടാവുക എന്ന ആശങ്ക തങ്കമ്മയുടെയും ഗിരിജയുടെയും ഉള്ളറകളെ വല്ലാതെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഭാര്യമാരുടെ ആശങ്കകളിൽ മിസ്റ്റർ മേനോനും മിസ്റ്റർ ഫിലിപ്പും പരോക്ഷമായെങ്കിലും പങ്കാളികളായിരുന്നു. ആരു ജയിക്കുന്നു, ആരു തോല്ക്കുന്നു എന്നതവർക്കു പ്രധാനമായിരുന്നു. പിള്ള ആരുടെ കൂടെ എന്നതു് അവർക്കു അതിലേറെ പ്രധാനമായിരുന്നു. അതിനു വർക്കു് അവരവരുടേതായ കാരണങ്ങളും ഉണ്ടായിരുന്നു. പക്ഷേ, മുഖങ്ങൾ വഞ്ചിക്കാതിരിക്കാൻ വേണ്ടി അവർ റോയൽ സല്യൂട്ടും ഐസും കൃത്രിമകളും സോഡയും നിറച്ച ഗ്ലാസ്സുകൾ മോന്തി, ചുണ്ടുതുടച്ചു്, മുഖപടങ്ങളണിഞ്ഞു എന്നിട്ടും അറിയാതെ അവർ പരസ്പരം നോക്കിപ്പോയി. കണ്ണുകളിടഞ്ഞപ്പോൾ കണ്ടു പിടിക്കപ്പെട്ടുമോ എന്നു് അവർ ഭയന്നു.

"മിസ്റ്റർ മേനോൻ" ഫിലിപ്പു് പറഞ്ഞു. "ആ സിഗരറ്റ് പാസ്സാക്കൂ" ഒന്നിങ്ങോട്ടു പാസ്സു് ചെയ്യാമോ?"

"ഷുവർ" മേനോൻ സിഗരറ്റ് പാസ്സാക്കുന്നതിനിടയിൽ ഫിലിപ്പിന്റെ നേർക്കു എറിഞ്ഞുകൊടുത്തു ഫിലിപ്പു് അതു് സമർത്ഥമായി പിടിച്ചെടുത്തപ്പോൾ അയാൾക്കു കൈനീട്ടിയാൽ എത്തുന്ന ദൂരത്തിൽ മേശപ്പുറത്തു് മറ്റൊരു സിഗരറ്റ് പാസ്സാക്കിടക്കുന്നതു് മേനോൻ കണ്ടു. അയാൾ ഉള്ളിൽ ചിരിച്ചു വിസ്തൃതനഞ്ഞു. പുണ്ടുതുടച്ചു. മുഖംമൂടിഅണിഞ്ഞു.

"ഇറ്റ്സ് റിയലി മാർവലസ്," അനന്തമോഹനഷേണായി എന്ന തടിച്ച സിംഹം തന്റെ ആക്രോശം തുടർന്നു: "മിസ്റ്റർ പിള്ള നമ്മുടെ കണ്ണിലുണ്ണിയാണു്. ആരാധനാമൂർത്തിയാണു്."

"തീർച്ചയായും" മേനോനും ഫിലിപ്പും ഒരുമിച്ചു പറഞ്ഞു

പിള്ള വീണ്ടും മന്ദഹസിച്ചു.

"കള്ളന്റെ ചിരി കണ്ടോ? കൂട്ടത്തിൽ പ്രായംകൂടിയ നരച്ചമുടിയുള്ള, മുഖത്തെ ചുളിവുകളിന്മേൽ ക്രീം പൂശിയ മിസ്സിസ്സ് പണിക്കർ എന്ന ചിങ്കമ്മമ്മ ചാടിയെണീറ്റു

"ഈ ചിരിയിൽ മയങ്ങാത്തവർ ആരെങ്കിലുമുണ്ടോ?"

അപ്പർ പിള്ളയുടെ കസേരക്കടുത്തേക്കു നടന്നുചെന്നു. അയാളുടെ പിന്നിൽനിന്നു് അവർ അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു. അയാളുടെ മുടിയിൽ ഉമ്മവച്ചു

"എന്റെ ചക്കരമോൻ!" അവർ കടിച്ചുകുഴഞ്ഞശബ്ദത്തിൽ പറഞ്ഞു.

ചിങ്കങ്ങളും ചിങ്കമ്മമാരും ആർത്തട്ടഹസിച്ചു.

മിസ്റ്റർ പണിക്കർ ശാസിച്ചു: "കാർത്തു നീ മിസ്റ്റർ പിള്ളയുടെ ഡ്രസ്സൊക്കെ വൃത്തികേടാക്കും."

"അതു സാരമില്ല." പിള്ള പറഞ്ഞു.

കിഴവി പിന്നെയും പിള്ളയെ കെട്ടിപ്പിടിച്ചുകൊണ്ടു് അവിടെത്തന്നെനിന്നു.

"പ്രിയപ്പെട്ട സിംഹങ്ങളേ, സിംഹികളേ, "ബഹളം തെല്ലൊതുങ്ങിയപ്പോൾ അനന്തമോഹനഷേണായി വീണ്ടും അലറി. "ഐ വുഡ് ലൈക് ടു കാൾ മിസ്റ്റർ പിള്ളയുടെ ദി കിങ് ഓഫ് ആൾ ലയൻസ്."

എല്ലാവരും കൈതട്ടി.

ഒരു ഇംഗ്ലീഷ് ലക്ചറുടെയായ മിസ്സിസ്സ് തങ്കമ്മ ഫിലിപ്പു് ഒരു ഭേദഗതി ഉന്നയിച്ചു: "ഐ നോട്ട് ദി ക്രൗൺ പ്രിൻസ് ഓഫ് ലയൻസ്?"

"ദാറ്റീസ് സ്റ്റിൽ ബെറർ" മിസ്സിസ്സ് ഗിരിജാമേനോൻ പറഞ്ഞു. അവർ പിള്ളയുടെ മേലേക്കു് ഒന്നമർന്നുചാഞ്ഞു.

അനന്തമോഹനഷേണായി ഗ്ലാസ്സു്

NBS NEWS

ശിശുദിനസമ്മാനം

മാലിയുടെ ബാലകഥാമാലിക

ലോകത്തിലെ വിവിധ രാജ്യങ്ങളിലെ സംസ്കാരത്തേയും അവിടത്തെ അനശ്വരദേവന്മാരേയും ദേവതകളേയും അതിമാനുഷരേയും കുറിച്ചു് തലമുറകളായി പറഞ്ഞും പാടിയും പോരുന്ന ഒന്നാന്തരം സുദ്ദേശ്യകഥകൾ അടങ്ങുന്ന ഒരു ബൃഹത്ഗ്രന്ഥം, ട്രൈറ്റോണിക് കഥകൾ, കെൽട്ടിക് കഥകൾ, ഈജിപ്ഷ്യൻകഥകൾ, ഗ്രീക്ക് കഥകൾ, ചാർലിമേൻ കഥകൾ, ആർതർ കഥകൾ, റെഡ്ഇന്ത്യൻ കഥകൾ തുടങ്ങി വൈവിദ്ധ്യവും വൈചിത്ര്യവുമാർന്ന കഥകൾ ഉൾക്കൊള്ളുന്ന ബാലകഥാമാലിക കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ രസപ്രദമാണു്.

ഡെമി 1/8 സൈസ്. 700 പേജ്. കംപ്ലീറ്റ് കോബയൻഡ്. വില 35 ക. പ്രസിദ്ധീകരണം നവംബർ 14-നു്

പ്രീ. പ. വ്യവസ്ഥകൾ

ഒരുമിച്ചടച്ചാൽ 20 ക മാത്രം. തവണകളാണെങ്കിൽ 25 ക. (ആദ്യം 10 ക. പിന്നീടു് പുസ്തകം വാങ്ങുമ്പോൾ 15 ക.) എൻ. ബി. എസ്. ശാഖകളിലും ഏജൻസികളിലും നേരിട്ടു പണം അടയ്ക്കാം. മണിഓർഡർ താഴെ കാണുന്ന വിലാസത്തിൽ. എം. ഒ. കൂപ്പണിൽ വിവരവും, വ്യക്തവും പൂർണ്ണവുമായ വിലാസവും കാണിക്കണം. ചെക്കു് സ്വീകാര്യമല്ല.

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം– 686001

കൈയിലെടുത്തു് മുകളിലേക്കുയർത്തി: "ടു ദി ലോങ് ലൈഫ് ഓഫ് മിസ്റ്റർ പിള്ള, ഔവർ കിന്ദ്!"

"ചീയേഴ്സ്." ചിങ്കങ്ങളും ചിങ്കമ്മമാരും ഗ്ളാസ്സുകളുയർത്തി, അലറി.

മിസ്റ്റർ പിള്ളയുടെ മറുപടി വീണ്ടും വശ്യമായ ആ മൃദുഹാസം മാത്രമായിരുന്നു.

ആ പൂഞ്ചിരിയിൽനിന്നു് മുല്ലപ്പൂക്കൾ ഉതിർന്നുവീഴുന്നുവെന്നു് ഗിരിജാമേനോനു് തോന്നി. അവ നുള്ളിപ്പെറുക്കാനെന്നമാതിരി. അല്ലെങ്കിൽ അപ്പുറത്തിരിക്കുന്ന തങ്കമ്മ അവ പെറുക്കാതിരിക്കാനെന്നമാതിരി, ഗിരിജ ആ മുഖത്തേയ്ക്കുതന്നെ നിർല്ലജം ഉറ്റുനോക്കിയിരുന്നു. ഗിരിജ സുന്ദരിയായിരുന്നു. ആ രാത്രിക്കുവേണ്ടി അവൾ പ്രത്യേകം അണിഞ്ഞൊരുങ്ങിയിരുന്നു. അവളുടെ വടിവൊത്ത ശരീരത്തെ പൊതിഞ്ഞിരുന്ന ചുവന്ന കാഞ്ചീപുരം പട്ടുപുടവ ട്യൂബ്‌ലൈറ്റുകളുടെ വെളിച്ചത്തിൽ ആളിപ്പടരുന്ന അഗ്നിശുഖകൾമാതിരി ജ്വലിച്ചുനിന്നു. അഗ്നിവർണ്ണമാർന്ന അവളുടെ സൗന്ദര്യജ്വാല തന്റെ സൗന്ദര്യത്തിനു ലേശം മങ്ങലേല്പിച്ചുവെന്നു് തങ്കമ്മഫിലിപ്പു്, അസൂയയോടെ, അറിഞ്ഞു തങ്കമ്മയും വേഷത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നു. പച്ചനിറമുള്ള കാഷ്മീർപട്ടിന്റെ പുടവയും പച്ചക്കാതോലകളും പച്ചത്തൊടുകുറിയും പച്ച വളകളും പച്ചനിറമുള്ള ചെരിപ്പുകളും പച്ചിച്ചു നെയിൽ പോളിഷും ധരിച്ച തങ്കമ്മ എന്ന ഹരിതസുന്ദരിക്കു് ഗിരിജയുടെ അന്നത്തെ അഗ്നിസൗന്ദര്യത്തെക്കുറിച്ചു് മതിപ്പും അസൂയയും തോന്നി. പോരെങ്കിൽ, ഗിരിജ ചുവപ്പുകല്ലുവച്ചൊരു മൂക്കുത്തി അണിഞ്ഞിരുന്നു. അതു് ഒരു തീക്കനൽപോലെ ജ്വലിച്ചു് അവളുടെ മുഖത്തിന്റെ അരുണിമ വർദ്ധിപ്പിച്ചുമിരുന്നു.

മിസ്സിസ്സ് പണിക്കർ അവരുടെ ഇരിപ്പിടത്തിലേക്കു മടങ്ങിപ്പോയിരുന്നതുകൊണ്ടു് കുറച്ചുകൂടി സൗകര്യപ്രദമായി പിള്ളയോടുതൊട്ടുരുമ്മി ഇരിക്കാൻ ഗിരിജയ്ക്കു കഴിഞ്ഞു.

വശ്യമായ ആ പൂഞ്ചിരിയുടെ വസന്തത്തിലേയ്ക്കു നോക്കിയിരുന്നു് ക്ഷമ നശിച്ചപ്പോൾ ഗിരിജ പിള്ളയോടു മന്ത്രിച്ചു: "ഇങ്ങനെ ചിരിക്കരുതു്. ആരും മയങ്ങിപ്പോവും. പിന്നെ മിസ്സിസ്സ് പിള്ളയ്ക്കു് ഭത്താവില്ലാതായിപ്പോവും

പിള്ളയുടെ മറുപടി വീണ്ടും ആ ചിരിയായിരുന്നു.

അയാൾ ഗിരിജയുടെനേരെ തിരിഞ്ഞു് ചിരിക്കുന്നതു് തങ്കമ്മയുടെ ശ്രദ്ധയിൽപ്പെട്ടു. അവൾ പെട്ടെന്നു് പിള്ളയുടെ കയ്യിൽ നുള്ളി.

"മിസ്സിസ്സിന്റെ അസുഖം എങ്ങനെയുണ്ടു്?" അവൾ അന്വേഷിച്ചു.

"കുറവുണ്ടു്." പിള്ള അവളുടെനേരെ തിരിഞ്ഞു.

തങ്കമ്മ സന്തോഷിച്ചു. ഗിരിജ രഹസ്യമായി ജ്വലിച്ചു.

അവൾ വീണ്ടും ആരാധനാഭാവത്തിൽ പിള്ളയെ കണ്ടുകൊണ്ടിരുന്നു ഷേണായി പറഞ്ഞതു് അക്ഷരംപ്രതി സത്യമാണെന്നു് അവൾ ഓർത്തു. പിള്ളയ്ക്കല്ലാതെ മററാർക്കും ഇത്തരത്തിലുള്ള ഒരു അത്താഴവിരുന്നു് നടത്താൻ സാദ്ധ്യമല്ല. ധാരാളം പണക്കാരുള്ള നഗരമാണു്. പക്ഷേ, അവരാരും ഇത്ര ധാരാളിത്തത്തോടെ ഒരു വിരുന്നുനടത്തി അവൾ കണ്ടിട്ടില്ല. റോയൽ സല്യൂട്ടു് ബാരൽകണക്കിനാണു് ഒഴുകിയതു്. എത്ര കേസുകൾ! എത്ര കുപ്പികൾ! എണ്ണിയാലൊടുങ്ങില്ലെന്നു് ഗിരിജ അത്ഭുതത്തോടെ ഓർത്തു. ആരോ സമ്മാനമായി നൽകിയ ഒരുകുപ്പി റോയൽ സല്യൂട്ടു് എത്ര കാലമാണു് തന്റെ ഭർത്താവു് പൊന്നുപോലെ സൂക്ഷിച്ചുവച്ചുകൊണ്ടിരുന്നതു് എന്നവൾ ആലോചിച്ചു അത്ര വിലപ്പെട്ട സാധനമാണു് യാതൊരു ലോഭവുമില്ലാതെ മേശപ്പുറത്തു നിരന്നിരിക്കുന്നതു്. ക്ളബ്ബിലെ ചിങ്കങ്ങളൊക്കെ റോയൽ സല്യൂട്ടിൽ കുളിച്ചിരിക്കയാണു്. കുടിച്ചു കുഴഞ്ഞവർ കുപ്പികൾ തീർക്കാനാവാതെ ബദ്ധപ്പെടുകയാണു്. സാധാരണ മദ്യപാനത്തിൽ താല്പര്യമില്ലാത്ത താൻപോലും നാലാമത്തെ പെഗ്ഗിന്റെ തീരത്താണെന്നോർത്തപ്പോൾ ഗിരിജയ്ക്കു് അത്ഭുതവും തെല്ലൊരു സംഭ്രമവും ഉണ്ടായി. പക്ഷേ, ഒരുവിധത്തിൽ അതും നന്നായി. ആതുകൊണ്ടാണു് ഇത്ര സ്വാതന്ത്ര്യത്തോടെ, ഇത്ര അടുപ്പത്തോടെ പിള്ളയോടു സംസാരിക്കാൻ കഴിയുന്നതു്. അല്ലെങ്കിൽ ഈ ചങ്കൂററം കിട്ടുമായിരുന്നില്ല തന്റെ നാലാമത്തെ പെഗ്ഗ് പിള്ളതന്നെ നിർബ്ബന്ധിച്ചു് ഒഴിച്ചതാണെന്നു് ആലോചിച്ചപ്പോൾ സിരകളിലാകെ നാണം ഒരു തരിപ്പുപോലെ പടർന്നുകയറുന്നതായി അവൾക്കു് അനുഭവപ്പെട്ടു.

"ഒന്നുകൂടി മിസ്സിസ്സ് മേനോൻ. എനിക്കുവേണ്ടി." എന്തൊരു മാധുര്യമായിരുന്നു ആ ശബ്ദത്തിനെന്നു്. വാസ്തവത്തിൽ ആ ശബ്ദം തന്റെ ചോരക്കുഴലുകളിലേക്കു നേരിട്ടു കടന്നുചെല്ലുക ആയിരുന്നുവെന്നു് അവൾ ആവേശത്തോടെ ഓർത്തു.

സ. രം അവുന്നത്ര വശ്യമാക്കാൻ ശ്രമിച്ചുകൊണ്ടു് താൻ മറുപടിപറഞ്ഞതും അവൾ ഓർത്തു. "ഓകേ"

നാലാമത്തെ പെഗ്ഗിന്റെ ഗ്ളാസ്സ് അവൾ പിള്ളയുടെ ഗ്ളാസ്സുമായി കൂട്ടിമുട്ടിക്കുകയുണ്ടായി. അവരൊന്നിച്ചാണു്, ഒരേ നിമിഷത്തിലാണു് ഗ്ളാസ്സുകൾ ചുണ്ടുകളോടടുപ്പിച്ചതു്. അപ്പോൾ ഗിരിജയുടെ കണ്ണുകൾ പിള്ളയുടെ മുഖത്തായിരുന്നു. ഗ്ളാസ്സ് ചുണ്ടിൽ ഉരസിയപ്പോൾ അതു ഗ്ളാസ്സിന്റെ സ്പർശമല്ല, ഒരു ചുംബനത്തിന്റെ തുടക്കമാണെന്നു് അവൾക്കു തോന്നിയിരുന്നു. മഞ്ഞുപോലെ തണുത്ത വിയ്യി വായിൽ ഒഴുകിയപ്പോൾ ഏതോ ഒരു തണുത്ത നാവു് തന്റെ അധരത്തിന്റെ ഉൾക്കളത്തിൽ പരതിനടക്കുകയാണെന്നു് അവൾ നിങ്കല്പിച്ചു അവൾ

(ശേഷം 49-ൽ)

രാജുവിന്റെ പുരോഗതിയിൽ ഐഒബിയുടെ പ്രധാന പങ്ക്



രണ്ടു വർഷങ്ങൾക്കു മുൻപ് ഒരു പെട്ടിക്കട മാത്രം വെച്ചിരുന്ന രാജു ഇന്നു നഗരമദ്ധ്യത്തിൽ ഒരു വലിയ കട നടത്തിവരുന്നു.

രാജുവിന്റെ നിരന്തര കഠിനാദ്ധ്വാനവും തൊഴിലിൽ മുന്നേറുവാനുള്ള താല്പര്യവും മനസ്സിലാക്കിയ ഐഒബി അവന് തക്ക സമയത്തു വായ്പാ സഹായം കൊടുത്തു സഹായിച്ചു.

അവന്റെ കച്ചവട വികസനത്തിനു്, മൂന്നു മാസത്തെ കലാവധി കഴിഞ്ഞു് ചെറു തവണകളായി തിരിച്ചു് അടക്കാവുന്ന ഒരു വായ്പ നൽകം കൊടുത്തു.

ഐഒബിയുടെ വായ്പാ സഹായത്തോടെ തങ്ങളുടെ തൊഴിലിൽ മുന്നേറിയ പലരിൽ ഒരാൾ മാത്രമാണു് രാജു. നിങ്ങൾക്കും ഐഒബിയുടെ വായ്പാ സഹായം ഉപകാര പ്രദമാക്കാം.

നിങ്ങളുടെ ഏറ്റവും അടുത്തുള്ള ഐഒബി ശാഖ ഇന്നുതന്നെ സന്ദർശിക്കുക. അവിടത്തെ ശാഖാ മാനേജർ നിങ്ങൾക്കു വേണ്ട എല്ലാ സഹായങ്ങളും ചെയ്തുതരുന്നതാണു്.

IOB-1602

ഇന്ത്യൻ ഓവർസീസ് ബാങ്ക്

നിങ്ങളുടെ വളർച്ചക്ക് ഒരുത്തമസുഹൃത്തു്

പാപമോക്ഷം

നോവൽ പതിനഞ്ചു്

പത്മൻ

അമ്പലനടയിൽ അന്നും കഥകളി നടക്കുന്നുണ്ടായിരുന്നു. അന്നാട്ടിലെ കഥകളി കമ്പക്കാരെല്ലാം നേരെ മുമ്പിൽ സ്ഥലംപിടിച്ചിട്ടുണ്ടു്. അവരുടെ ഒത്ത നടക്കായി നമ്പീശനും. നമ്പീശനു് കമ്പം മാത്രമല്ല, കഥകളിയിൽ നല്ല ജ്ഞാനവും അയാൾ നേടിയിരുന്നു. അതുകൊണ്ടു് കഴിവുകുറഞ്ഞ വേഷക്കാർ അയാളുടെ സാന്നിദ്ധ്യത്തിൽ അസ്വസ്ഥരാകും.

അതുതന്നെ കമ്പമില്ലാത്തവരും. കഥകളി കാണുകയെന്നതു് ഒഴിച്ചുകൂടാൻവയ്യാത്ത ഒരു ചടങ്ങായി കണക്കാക്കുന്നവരുമായ കരപ്രധാനികളും കാര്യസ്ഥന്മാരും കാരണവന്മാരും അവരുടെയെല്ലാം ശിങ്കിടികളിൽബന്ധികളും രഹസ്യക്കാരും എല്ലാം കുടുംബസമേതം എത്തിയിട്ടുണ്ടു്. ഒരു കാര്യമായി ചമ്രംപടിഞ്ഞിരിക്കാൻ പുല്ലായകളും കുട്ടികളെ പുതപ്പിക്കാൻ കമ്പിളിപ്പുതപ്പും പലരും കരുതിയിട്ടുണ്ടു്. കൂട്ടത്തിൽ ഉള്ളിൽ ഒളിച്ചുവെച്ചു് ലാളിക്കുന്ന പ്രേമബന്ധങ്ങളുമായി കണ്ണുകൾകൊണ്ടു് കഥ പറഞ്ഞും കവിത പാടിയും അതേ സമയം മറ്റുള്ളവരുടെ കണ്ണിൽ പെടാതിരിക്കാൻ പ്രത്യേകം സൂക്ഷിച്ചും കഥകളി കാണുകയെന്ന അഭ്യാസവുമായി തെങ്ങിക്കൂടിയിരിക്കുന്ന അന്നാട്ടിലെ യുവാക്കളും യുവതികളും.

ഈ ബഹളത്തിൽനിന്നെല്ലാം ഒറ്റപ്പെട്ടു് തിടപ്പള്ളിക്കു പിന്നിലുള്ള വരാന്തയിൽ പുറത്തേക്കുള്ള വാതിൽപ്പടിയിൽ രാമു ഇരിക്കുന്നുണ്ടായിരുന്നു. അവിടെയിരുന്നു നോക്കിയാൽ വേഷങ്ങൾ വേണ്ടപോലെ കാണാൻ പ്രയാസമാണെങ്കിലും അരങ്ങും പരിസരങ്ങൾ മുഴുവൻതന്നേയും കാണാൻ കഴിയും.

അവനു് കഥകളിയിൽ അച്ഛനെപ്പോലെ കമ്പമുണ്ടായിരുന്നില്ല.

ശിവദാസന്റെ ഭീമൻ!

പത്മനാഭന്റെ പാഞ്ചാലി!

പതിനായിരം കുറി ആടിക്കഴിഞ്ഞ ദുര്യോധനവധം!

രാമുനു് ഉറക്കംപിടിച്ചിരുന്നു. മനസ്സുറിയാതെ കണ്ണടഞ്ഞുപോകുന്നു. ഉറക്കംതുങ്ങി തല വാതിലിൽമുട്ടി വേദനിക്കുമ്പോൾ ഞെട്ടിയുണരുന്നു. വീണ്ടും കണ്ണുകൾ തിരുമ്മി ഉണർന്നിരിക്കാനുള്ള പരിശ്രമം, പരാജയം.

എങ്ങനെങ്കിലും വീട്ടിലെത്തിയാൽമതിയെന്നേ ഉണ്ടായിരുന്നുള്ളു. അച്ഛൻ ചമ്രംപടിഞ്ഞിരുന്നു് ആസ്വദിക്കുകയാണു്. തലകുലുക്കി രസിക്കുകയാണു്.

ഭഗവതു്ദൂതു് കൊണ്ടുപിടിക്കുന്നു.

പന്തളത്തിന്റെ കൃഷ്ണൻ!

അപ്പോൾ ആൾത്തറയ്ക്കപ്പുറത്തുകൂടി ഒരു ടോർച്ചുവിളക്കിന്റെ പ്രകാശം കത്തിയും അണഞ്ഞും മെല്ലെ കിഴക്കോട്ടു നീങ്ങുന്നു. അതു് രാമുവിന്റെ കണ്ണിൽപ്പെട്ടു.

അവൻ സൂക്ഷിച്ചുനോക്കി. നോക്കിയപ്പോൾ ആളെ വേഗം മനസ്സിലായി. കുട്ടൻമേനോനാണു്. അയാൾ അമ്പലക്കുളത്തിന്റെ അരികുചേർന്നു് നേരെ നെടുവരമ്പത്തേക്കു് നീങ്ങുകയായിരുന്നു.

പിന്നാലെ പോയാലോ? രാമുനു് തോന്നി. പോയാൽ വടക്കത്തെ പടിക്കലോളം പേടിക്കാതെ എത്താം. പിന്നെ അ

വിടുന്നങ്ങോട്ട്?! വേണ്ട അയാളയാളുടെ പാട്ടിനുപോട്ടെ. അവൻ മനസ്സിൽ പറയുന്നു.

— — — — — — —

അമ്പലക്കുളത്തിനു് വലംവെച്ചു് വരമ്പത്തേക്കിറങ്ങിയ കുട്ടൻമേനോൻ, ചുററിയിരുന്ന മുണ്ടു് മടക്കിക്കുത്തി. രണ്ടാം മുണ്ടു് തലയിൽ ചുററിക്കെട്ടി. എന്നിട്ടു് വേഗം നടന്നു.

മഞ്ഞുണ്ടു്.

കഥകളിയുടെ വാദ്യമേളത്തിൽ മുഖരിതമായ ഉൾനാടൻ അന്തരീക്ഷം. അതിൽ പതിവുകാരായ ചീവീടിന്റെ ചിലമ്പലും തവളകളുടെ ഗാനമേളയും അവ്യക്തമാംറണ്ണം അമർന്നുപോകുന്നു.

രാത്രിയായൽ ആ ദിക്കിൽ മററു ശബ്ദങ്ങളൊന്നും കേൾക്കുകയില്ല. വല്ലപ്പോഴും ഒറെ കിപ്പോയ വഴിയാത്രക്കാരൻ കടത്തുതോണിക്കു വേണ്ടി കൂക്കിവിളിച്ചെന്നുവരും കന്നിമാസക്കാലമായാൽ നായ്ക്കളുടെവക പാഞ്ചാലീസ്വയംവരം... സ്വപ്നംകണ്ടു് ഞെട്ടിയുണർന്ന പൂവൻകോഴി അസമയത്തു കൂകുന്നു. വളപ്പിലെ തെങ്ങിൻതടത്തിൽ പൂച്ചകളുടെ പ്രണയസല്ലാപം.. അല്ലാത്തപ്പോൾ പരിപൂർണ്ണനിശ്ശബ്ദത. പേടിച്ചു പോകും...

പാടത്തിന്റെ വക്കത്തുള്ള പണിക്കാരുടെ കുടിലുകളിലൊന്നും വെളിച്ചമുണ്ടായിരുന്നില്ല ഇരുട്ടിന്റെ കരിമ്പടംപുതച്ചു് അവരെല്ലാം ചുരുണ്ടുകൂടി സുഖമായി ഉറങ്ങുകയാണു്. വടക്കത്തെ പടിക്കലേക്കു് തിരിയേണ്ട ദിക്കിലെത്തിയപ്പോൾ മേനോൻ ഒന്നു് സംശയിച്ചുനിന്നു. ചുററും ഒന്നു് കണ്ണോടിച്ചു. എന്നിട്ടു് ഇടത്തോട്ടു തിരിയുന്നതിനുപകരം വലിച്ചുവെച്ചു് നേരെനടന്നു.

നമ്പീശന്റെ പടിക്കലെത്തിയപ്പോൾ മേനോൻ വീണ്ടുംനിന്നു.

അടുത്തെങ്ങും ആരെയും കാണാനുണ്ടായിരുന്നില്ല. ഒട്ടുമുക്കാലും എല്ലാവരും അമ്പലനടയിൽ കൂടിയിരിക്കുകയാണു്. പണിയെടുത്തു തളർന്ന പാവങ്ങൾ മാത്രം അവരവരുടെ കൂരകൾക്കുള്ളിൽ കൂർക്കംവലിച്ചുറങ്ങുന്നുണ്ടാവണം. അവർക്കൊക്കെ കഥകളി പകലാണു്!

മേനോൻ വളപ്പിലേക്കു കയറി തടമെടുത്ത തെങ്ങിന്റെ മറവിൽ കുത്തിയിരുന്നു് മൂത്രമൊഴിച്ചു. എന്നിട്ടു മെല്ലെ പടികടന്നു് അകത്തേക്കു കയറി.

ഉമ്മറമുററത്തുനിന്നു് നോക്കിയപ്പോൾ അകായയിൽ മഞ്ഞപ്പിത്തം പിടിച്ച പാനീസിന്റെ മങ്ങിയവെളിച്ചം കാണാനുണ്ടായിരുന്നു. വിളക്കിന്റെ തിരിതാഴ്ത്തിവെച്ചു് സാവിത്രി ഉറങ്ങുകയാവും.

ശബ്ദമുണ്ടാക്കാതെ തിണ്ണയിലേക്കു കയറി തുറന്നുകിടന്നിരുന്ന ജനവാതിലിൽകൂടി അകത്തേക്കു നോക്കി.

കട്ടിലിൽ ഒരുവശംചെരിഞ്ഞു് ചുമരോടു ചേർന്നു് സാവിത്രി കിടക്കുന്നുണ്ടായിരുന്നു.

പാളവിശറിപോലെ വിടർന്നനിതംബം. കൊത്തിയെടുത്തപോലത്തെ കാലടികൾ. ഉച്ചിക്കുമുകളിൽ തലയോളം തന്നെ വലിപ്പത്തിൽ കെട്ടിവെച്ചിരിക്കുന്ന ഇടതൂർന്ന തലമുടി.

മേനോൻ വലത്തെകയ്യിന്റെ ചൂണ്ടുവിരൽകൊണ്ടു് ജന്നൽപ്പാളിയിൽ പതുക്കെ ഒന്നുകൊട്ടി.

സാവിത്രി ഞെട്ടിതിരിഞ്ഞുനോക്കി. മേനോനെ കണ്ടപ്പോൾ അവൾ ഭയചകിതയായി ചാടി എഴുന്നേററു അവളുടെ മുഖം വിളറി. എന്തുവേണ്ടു എന്നറിയാതെ അവൾ ഒരു ക്ഷണംമടിച്ചുനിന്നു. എന്നിട്ടു് ഉറങ്ങിക്കിടക്കുന്ന മകളിലും മററുചുററുപാടുകളിലും വേഗംഒന്നു കണ്ണോടിച്ചിട്ടു് കട്ടിലിനടിയിൽവെച്ചിരുന്ന പാനീസിന്റെ തിരി അല്പംകൂടി താഴ്ത്തിവെച്ചു. മുറിക്കുള്ളിൽ കൂരിരുട്ടു് കുമിഞ്ഞുകയറി. ഇരുണ്ടശരീരത്തിലെ ചന്ദനപ്പൊട്ടുപോലെ മാത്രം വിളക്കിന്റെ നാളം.

കുത്തഴിഞ്ഞിരുന്ന ഉടുമുണ്ടു് ഉറപ്പിച്ചുടുത്തുകൊണ്ടു് ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്നു് അവൾ പുറത്തെകൂരിരുട്ടിൽ മുങ്ങിയിറങ്ങി.

"അയ്യോ—എന്തിനേ ഇപ്പോ വന്നേ" അമാളുടുത്തേക്കു വന്നപ്പോൾ പുറത്തുകേൾക്കാത്തവണ്ണം ശബ്ദം താഴ്ത്തി അവൾ ചോദിച്ചു. മിണ്ടാതിരിക്കാൻ ആംഗ്യം കാട്ടിക്കൊണ്ടു് അയാളവളെ ചുമരോടു ചേർത്തുനിറുത്തി.

സാവിത്രി ആകെ പരിഭ്രമിച്ചു് വശായിരുന്നു. അവളുടെ ശരീരം കുളിരുകയറിയപോലെ വിറച്ചുതുടങ്ങി.

"നീ എന്താ ഇങ്ങനെ വെറയ്ക്കണെ" അവളെ തന്നോടു ചേർത്തു് അമർത്തിപ്പിടിച്ചുകൊണ്ടു് അയാൾ തെരക്കി.

"ആവോ എനിക്കു് വല്ലാണ്ടെ പേടിയാവണു"

"നെനക്കെപ്പളാ പേടിയില്ലാത്ത സമയം."

"ഇന്നെന്തോ വല്ലാത്തൊരു ഭയം—"

അപ്പോളയാൾ തന്റെ കൈക്കുടന്നയ്ക്കുള്ളിൽ അവളുടെ വിളറുന്ന മുഖം ഒതുക്കിപ്പിടിച്ചുകൊണ്ടു് ചോദിക്കുന്നു.

"വന്നതു് ഇഷ്ടായില്ലാച്ചാൽ ഞാൻ പോകാം. സാവിത്രി ഭയപ്പെടേണ്ട. സാവിത്രിയെ വേദനിപ്പിച്ചിട്ടു് എനിക്കൊന്നും നേടണ്ട എന്താപോട്ടെ""

അവൾ അയാളുടെ കൈകളിൽ മുറുകെപിടിച്ചു

പറയാൻ വയ്യാത്തതും എന്നാൽ പറയാനാഗ്രഹിക്കുന്നതുമായ ആയിരമായിരം കാര്യങ്ങൾ ആ ഒരൊററ പ്രതികരണം കൊണ്ടു് അവൾ സാധിക്കുന്നു.

അയാളവളെ വാരിപ്പുണർന്നു. മാറോടു ചേർത്തു് ഞെരിച്ചു് എന്നിട്ടു് മെല്ലെ കൈക്കു പിടിച്ചു വീട്ടിനുള്ളിലേക്കു് കൊണ്ടുപോയി.

പ്രകാശം ഒട്ടും പുറത്തുവരാത്തവണ്ണം സാവിത്രി പാനീസ് പെട്ടിയുടെപിന്നിൽ ഒളിച്ചുവെച്ചു

മുറിക്കകത്തു് കൂരാകൂരിരുട്ടുനിറഞ്ഞു

മേനോൻ കട്ടിലിൽ ഇരുന്നു.

സാവിത്രിയാകട്ടെ അയാളുടെ അടുത്തേക്കു ചെല്ലുന്നതിനു പകരം ജന്നലിന്റെ ഇരുമ്പഴികളിൽ പിടിച്ചു് പുറത്തേക്കുനോക്കിനിന്നു

ഏതാനും നിമിഷങ്ങൾ രണ്ടുപേരും അനങ്ങിയില്ല

ഒടുവിൽ മേനോൻ എഴുന്നേററു് അവളുടെ അടുത്തേക്കു ചെന്നു് അവളുടെ പിന്നിൽ നിന്നുകൊണ്ടു് രണ്ടുകൈകൊണ്ടും അവളുടെ അരക്കെട്ടിൽ ചുററിപ്പിടിച്ചു.

അപ്പോഴും സാവിത്രി നടുങ്ങി.

"ശാന്തക്കുട്ടി ഒറങ്ങീല്ലേ" സ്വകാര്യം പറയുംപോലെ അയാൾ അവളുടെ കാതിൽ ചോദിച്ചു.

ഉവ്വു് എന്ന അർത്ഥത്തിൽ അവൾ തലകുലുക്കി.

"പിന്നെന്താ ഇന്നു് സാവിത്രിക്കു് പതിവില്ലാതെ ഈ മട്ടു് — എന്നോട്ട പൊണങ്ങിട്ടാ."

അവൾ മെട്ടിത്തിരിഞ്ഞു. എന്നിട്ടു് രണ്ടു മൈകളുംകൊണ്ടു് അയാളുടെ കഴുത്തിൽ കെട്ടിവരിഞ്ഞിട്ടു് എന്തോ പറയാനെന്നോണം അവൾ, വിതുമ്പി വിതുമ്പി നിന്നു.

അപ്പോഴാണു് മേനോനു് മനസ്സിലായതു്. അവൾ കരയുകയാണു്. അവളുടെ കവിളത്തുകൂടി കണ്ണുനീർ ധാരധാരയായി ഒഴുകുന്നു.

"ഇദെന്താ ഇദു് സാവിത്രി" മേനോൻ അമ്പരപ്പോടെ ചോദിക്കുന്നു

മുപടി പറയുന്നതിനുപകരം അവളയാളുടെ മാറത്തു് മുഖമമർത്തി.

"എന്താ പോകാൻ തീർച്ചയാക്കി? സാവിത്രിയുടെ പെരുമാറ്റത്തിൽ കണ്ട പ്രത്യേകത മേനോനെ സംശയാലുവാക്കുന്നു.

അവൾ തലകുലുക്കി.

"ഓ! — എന്നേക്കാ?"

"അട്ടത്തന്നെ —"

"എന്നാളെന്നാ മടങ്ങുക."

"അറിയില്ല—"

"ഇവിടം വിട്ടാൽ പിന്നെ സാവിത്രി എന്നെ ഓക്കോ."

അപ്പോഴും അവൾ അയാളുടെ കൈകളിൽ മുറുകെ പിടിച്ചു

"ഒരിക്കലും മറക്കാനാവാത്തപോലാക്കീല്ല —" അവൾ വിതുമ്പി.

"മെല്ലെ. കട്ടിയെ, ഉണ്ണത്തണ്ട — വരുനമുക്കു് പുറത്തേക്കു് പോകാം ആരെങ്കിലും വരാണെങ്കിൽത്തന്നെ ദൂരത്തുന്നു് കാണാല്ലോ "മേനോൻഅവളുടെ കൈക്കുപിടിച്ചുകൊണ്ടു് പുറത്തേക്കു് നടന്നു. അനുസരണയുള്ള കുഞ്ഞിനെപ്പോലെ അവളും അയാളോടൊപ്പം മുറിവിട്ടു് പുറത്തിറങ്ങി.

ആത്തിപിടിച്ച ചന്ദ്രബിംബത്തിയപ്പോലെ വായപൊളിച്ചു കിടന്നിരുന്ന കുരിശുടു് അപരെ അങ്ങനെത്തന്നെ വിഴുങ്ങി.

"അപ്പോ പോകാണ്ടിരിക്കാൻ പറ്റില്ല അല്ലെ?" പുറത്തു കടന്നപ്പോൾ അവളെ ചുമരോടു ചേർത്തുനിറുത്തിക്കൊണ്ടു് മേനോൻ വീണ്ടും തെരക്കുന്നു.

"പറഞ്ഞിട്ടൊന്നും ഇവടെ കൂട്ടാക്കണില്ല്യ പിന്നെ ഞാനെന്താ ചെയ്കെ."

"വെറും പാവയിപ്പോയി ഈ മനുഷ്യൻ അതാ തകരാറു്. അല്ലാച്ചാൽ ആരുടെ ഇങ്ങനൊന്നും ആവശ്യപ്പെട്ടംല്യ ആരുടെ സമ്മതിക്കുംല്യ. എന്തായാലും പോയാൽ വേഗം മടങ്ങണംട്ടോ. സാവിത്രി പോയാൽപിന്നെ വരണവരെ ഞാനെന്താ ചെയ്കെ — എനിക്കതെന്നെ നിശ്ചയംല്യ. ഏതായാലും പോകാണെന്നു് തീർച്ചയാക്കിയസ്ഥിതിക്കു് സമാധാനായിട്ടു് പോയിവരു — എന്തെങ്കിലും ആവശ്യം വന്നാൽ എങ്ങനെങ്കിലും എന്നെ അറിയിക്കാൻ പറ്റോപായം ശ്രമിക്കുക — അല്ലാണ്ടെ ഞാനെന്താ പറയാ—"

സാവിത്രി മിണ്ടിയില്ല.

മേനോൻ അവളുടെ കഴുത്തിലും കവിളത്തും മാറി മാറി മുംബിച്ചു. അയാളുടെ കൈപ്പടം അവളുടെ മാറത്തമർന്നു് ഞെരിഞ്ഞു.

അയാളാവശ്യപ്പെട്ടതെന്തെന്നു സാവിത്രി പതുക്കെപ്പതുക്കെ അവളുടെ ബ്ലൗസിൽ കുത്തിയിരുന്ന സേഫ്റ്റിപിന്നുകൾ ഒന്നൊന്നായി അഴിച്ചുമാറ്റി.

കൊഴുത്തുരുണ്ട പൂനിലാവുപോലെ വെളുത്ത മുലകൾ — അതിൽ തുറിച്ചുനിൽക്കുന്ന ചെമ്പൽക്കല്ലുകൾപോലത്തെ മുലക്കണ്ണുകൾ.

ആ കുരിശുടുത്തും അയാൾക്കതെല്ലാം വ്യക്തമായി കാണാമായിരുന്നു.

അടുത്ത നിമിഷത്തിൽ അത്യാത്തിപിടിച്ചു് അയാളുടെ ചുണ്ടുകൾ ആ ചെമ്പൽക്കല്ലുകളെ ഒന്നൊന്നായി കൊത്തിവിഴുങ്ങി.

"മെല്ലെ. വേദനിക്കുന്നു" അവൾ പറഞ്ഞു.

അയാളതൊന്നും കേൾക്കുന്നില്ല.

അയാളുടെ വലംകൈപ്പടം അവളുടെ അടിവയറിലും പൊക്കിൾ ചുഴിയിലും മേഞ്ഞുനടന്നു.

ഒടുക്കംവിശപ്പുങ്ങോത്ത കൈവിരലുകൾ അവിടംവിട്ടു് കുട്ടതലിർപ്പുള്ള ശാദ്വലപ്രദേശങ്ങളിലേക്കു് നീങ്ങിത്തുടങ്ങിയപ്പോൾ അവൾ മനസ്സറിയാതെ പിടഞ്ഞുപോകുന്നു.

കുത്തഴിഞ്ഞ ഉടുതുണ്ടു് ഇരുവശത്തേക്കും വഴുതിവീഴുന്നു

മലയരുവിപോലെ തണുത്ത ഉണ്ണിത്തണ്ടുപോലെ മിനുസമുള്ള തുടകൾ.

പെരും നിലത്തു് മുട്ടുകുത്തിയിരുന്നു് ആ തുടകൾക്കിടയിൽ അയാൾ മുഖമമർത്തുന്നു.

സാവിത്രി സർവ്വതും മറന്നു. അവളുടെ കാഴ്ചപ നശിച്ചു. ശരീരം അടിമുടി പെരുത്തു് പുളയുന്നു.

പൊട്ടിവിടരാൻ തുടങ്ങുന്ന പൂമൊട്ടിൽ ഈർപ്പമുള്ള ചുണ്ടുകൾ തത്തിക്കളിച്ചപ്പോൾ കുമിഞ്ഞുയരുന്ന പുളകവീചികളിൽ അലിഞ്ഞുപോകുന്ന ആത്മനിയന്ത്രണം!

കുത്തഴിഞ്ഞുവീണ ഉടുതുണ്ടുപോലെ മനസ്സിൽനിന്നും ഇറുന്നുവീഴുന്ന ചിന്തകൾ!

തുടിക്കുന്ന തുടകൾക്കിടയിൽ ആത്മാവിന്റെ അമത്താനാവാത്ത വികാരമൂർച്ചയിൽ പിടിവിട്ടുപൊങ്ങുന്ന തരംഗങ്ങൾ! ചലനങ്ങൾ! നിശ്വാസങ്ങൾ!

ഉള്ളിലേക്കാവാഹിച്ചെടുക്കുന്ന ആനന്ദാനുഭൂതിയിൽ നിലതെറ്റി മുങ്ങിത്താഴുന്ന സുബോധം.

ഒടുക്കം പൊട്ടിയൊഴുകിയ അണക്കെട്ടിന്റെ അവശേഷിക്കുന്ന ഇടിഞ്ഞിറങ്ങിയ ഭിത്തികൾ!

പുറം കോലായിലെ വെറും തറയിൽ അവർ കെട്ടിപ്പിടിച്ചു കിടന്നു.

നരകയറിയ അയാളുടെ വിയർത്ത മാറത്തു് തലചായ്ച്ചു് സാവിത്രി മയങ്ങി.

അവളുടെ ശിരസ്സിലും പുറത്തും അയാൾ മാറിമാറി തലോടുന്നു —

അമ്പലനടയിൽ കഥകളിവേഷക്കാർ ആടിത്തകർക്കുന്നു.

ചെണ്ടമേളത്താൽ മുഖരിതമായ നിലാകാശം.

എല്ലാം കണ്ടിട്ടും കുന്നും കണ്ടില്ലെന്ന മട്ടിൽ നാണമില്ലാതെ മിഴിച്ചുനോക്കുന്ന നക്ഷത്രങ്ങൾ.

നനുത്ത കളിർകാറ്റിൽ സുഖംപറ്റി ഉറങ്ങുന്ന വൃക്ഷങ്ങൾ, വയലുകൾ.

"എന്നാലിനി പോട്ടെ മോളെ" ശബ്ദമടക്കി മേനോൻ ചോദിക്കുന്നു.

സാവിത്രി ഞെട്ടിയുണരുന്നു

അവൾ പിടഞ്ഞെഴുന്നേറ്റു.

"ഇനി പോകാൻ നോക്കട്ടെ. ഇരുന്നാൽ പറ്റില്ലല്ലോ" മേനോൻ പറയുന്നു. "ഇരിക്കാമായിരുന്നുച്ചാൽ ജീവിതാവസാനംവരെ ഇങ്ങനെത്തന്നെ ഇരിക്കാനാ മോഹം"

സാവിത്രി മിണ്ടിയില്ല. ഊരിക്കളഞ്ഞിരുന്ന ബ്ലൗസെടുത്തു് ധരിച്ചുകൊണ്ടു് അവൾ മിണ്ടാതിരുന്നു.

മലയാളനാടു് വാരിക
വരിസംഖ്യാ നിരക്കു്

ഒരുവർഷത്തേക്കു്	52-00രൂ.
ആറുമാസത്തേക്കു്	26-00രൂ.
ഒറെപ്രതി	1-00രൂ.

ഇന്ത്യക്കു പുറത്തുള്ള വരിസംഖ്യാ നിരക്കുകൾക്കു് ഓഫീസിലേക്കെഴുതുക.

മാനേജർ,
മലയാളനാടു് വാരിക
കൊല്ലം—691013

മെല്ലെ നിവന്നിരുന്നു് സാവിത്രിയെ വീണ്ടും തന്റെ മടിയിലേക്കു് ചെരിച്ചുകിടത്തിക്കൊണ്ടു് മേനോൻ പറയുന്നു "പോയിട്ടു് വരു. വന്നിട്ടു് കാണാം. പോയാലും വല്ലപ്പോഴുമൊക്കെ എന്നെ ഓക്കുക — ഞാൻ സദാസമയവും ഓർക്കുന്നുണ്ടാവും—"

സാവിത്രിയുടെ കണ്ണുകളിൽ കണ്ണുനീർ പൊടിഞ്ഞു.

"എന്നെ — എന്നെ കൊന്നിട്ടു് പോയ്ക്കോളൂ. എനിക്കിനി ഇങ്ങനെ ജീവിക്കാൻവയ്യ —" അടക്കാനാവാതെ അവൾ പൊട്ടിക്കരഞ്ഞുപോയി.

"അസംബന്ധം പറയാണ്ടെ എണീക്കു്" അവളുടെ പുറത്തു് വാത്സല്യപൂർവ്വം തഴുകിക്കൊണ്ടു് മേനോൻ പറഞ്ഞു "ജീവിക്കാണ്ടിരിക്കാൻ പറ്റോ.അവനോനുവേണ്ടീട്ടല്ലെങ്കിൽ മറ്റുള്ളോക്കു വേണ്ടിട്ടു്."

മേനോൻ മെല്ലെ എഴുന്നേറ്റു.

"എന്നാലിനി തടുക്കുന്നില്ല. സാവിത്രി ഉള്ളിൽപോയി ഉറങ്ങിക്കോളു. നമ്പീശൻ വരാൻ നേരമ്പോക്കും."

ഒരിക്കൽക്കൂടി അവളെ മാറോടണച്ചു് അവളുടെ ശിരസ്സിൽ തലോടിക്കൊണ്ടു് മേനോൻ വിടവാങ്ങി.

സാവിത്രിയുടെ കൺകോണുകളിൽ വിറച്ചുനിന്നിരുന്ന കണ്ണുനീർത്തുള്ളികൾ മാറത്തുയന്ന നെടുവീർപ്പിൽ അടർന്നുവീണു.

"പോയിട്ടു് വേഗംവരണംട്ടോ" അവസാനമായി ഒന്നുകൂടി ഓർമ്മപ്പെടുത്തിയിട്ടു മേനോൻ പതുക്കെ കോലായിലെ കതുക്കിറങ്ങി മുറ്റത്തേക്കു നടന്നു. (തുടരും)

42

വിളക്കിനു മാത്രമോ ചുവപ്പ്?

കണ്ണദാസൻ

ആത്മബന്ധങ്ങൾക്ക് ഈ മാംസപിണ്ഡം വളരെ ആസ്വാദ്യകരങ്ങളാണ് രാത്രിമാത്രം ഉപയോഗിക്കുന്നവന് അതു് വെറും മാംസം തന്നെയാണ്.

മാണിക്കത്തിന് ഞാൻ ദേവി. മാണിക്കം എനിക്ക് ദേവനും. രണ്ടുദൈവങ്ങൾ ഒരിടത്തിരിക്കാൻ പാടില്ലെന്നുള്ളതുകൊണ്ടാണല്ലോ ഞങ്ങളെ എപ്പോഴും പിരിച്ചു പിരിച്ചു വിടുന്നതു്.

ഞാൻ ഭജഗോവിന്ദം വീണ്ടും വായിച്ചു.

ഞാൻ ഒടുവിൽ പ്രാർത്ഥിച്ചു.

"ഈശ്വരാ ഇനിയൊരു ജന്മമുണ്ടെങ്കിൽ, എന്നെയും മാണിക്കത്തെയും മുറപ്പെണ്ണും മുറച്ചെറുക്കനുമായി ജനിപ്പിക്കണേ!—"

എന്നിട്ട് കട്ടിലിൽ പോയി കിടന്നു.

ഒരു സ്വപ്നം

"അയ്യോ! നിങ്ങളുടെ മൃതശരീരമെങ്കിലും എനിക്ക് കാണണം!" ഞാൻ അലറി

സുന്ദരേശൻ പെട്ടെന്ന് ഞെട്ടി എണീററു.

"എന്താ? എന്തുപററി?"

"ഒരു സ്വപ്നം. മാണിക്കം ആശുപത്രിയിൽവച്ച് മരിച്ചതായി ഞാൻ സ്വപ്നം കണ്ടു" ഞാൻ പറഞ്ഞു.

"അങ്ങിനെയൊന്നും സംഭവിക്കില്ല. സമാധാനമായിരിക്ക്."

അപ്പോഴും എത്ര വലിയൊരു കളവാണ് പറഞ്ഞിരിക്കുന്നതു്.

എന്നോട്ട് അമിതമായ ആഗ്രഹം തോന്നിക്കഴിഞ്ഞസ്ഥിതിക്ക് ഇനി എന്നെ മദ്രാസിലേക്ക് കൂട്ടിക്കൊണ്ടുപോവുകയില്ലെന്ന് ഈ ബന്ധം തുടങ്ങുന്നതിനുമുമ്പുതന്നെ ഞാൻ കരുതിയതാണ്. ബന്ധപ്പെട്ടുകഴിഞ്ഞപ്പോഴോ? ആ സുഖം ഉപേക്ഷിക്കാൻ ആരാണ് തയ്യാറാവുക?

പിന്നീട്, ഞാൻ കത്തിൽ വായിച്ച ചില വാചകങ്ങൾ സ്വപ്നത്തിൽ കണ്ടതായി സുന്ദരേശനെ പറഞ്ഞുകേൾപ്പിച്ചു.

"നോക്കണം ഇനി എനിക്കൊരിക്കലും മാണിക്കത്തോടൊപ്പം ജീവിക്കാൻ സാദ്ധ്യമല്ല. ഞാൻ ഇനി എന്നും നിങ്ങളുടെ തുതന്നെയായിരിക്കും. മാണിക്കം ഇനി ജീവിക്കുകയില്ലെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് അവസാനമായിട്ടാണെങ്കിലും നമുക്ക് അദ്ദേഹത്തെയൊന്നു കണ്ടിട്ടു വരാം"—

ഞാൻ കളങ്കരഹിതയാണെന്ന ധാരണയൊന്നും സുന്ദരേശനില്ല. എന്റെ കഴിഞ്ഞകാല ജീവിതത്തെക്കുറിച്ചെല്ലാം അയാൾക്കറിയാം. ഞാനും മാണിക്കവും തമ്മിലുള്ള ബന്ധവും. എന്റെ വാക്കുകൾ അയാൾ വിശ്വസിച്ചു.

"ശരി പുറപ്പെടാം." അയാൾ പറഞ്ഞു.



ആദ്യം താൻപോയി ഒരു വലിയ വീട്ട് നോക്കിവച്ചിട്ടുവരാമെന്നും പിന്നീട് എല്ലാവർക്കും ഒരുമിച്ചുപോകാമെന്നും സുന്ദരേശൻ പറഞ്ഞു.

"ആയിരം രൂപ വാടകവരുന്ന ഒരു വീടെടുത്ത് ആഡംബരത്തോടെ നാം ചെന്നിറങ്ങിയാൽ ആരും നമ്മെ സംശയിക്കുകയില്ല." സുന്ദരേശൻ

സുന്ദരേശൻ തിട്ടക്കിട്ട് മദ്രാസിൽ പോയി ഒരു വീടെടുത്ത് മടങ്ങിവന്നു.

അതുവരെയും ഞങ്ങൾ സുന്ദരേശന്റെ വീട്ടിലാണ് തങ്ങിയിരുന്നതു്. കാരണം പഴയ പതിവുകാരെക്കുറിച്ചുള്ള ഭയം.

മദ്രാസിൽ അശോക്നഗറിൽ ഒരു വലിയ ഭവനം.

ഞാനും കുടുംബവും സുന്ദരേശനും കുടുംബവും ഒരുമിച്ചാണ് ആ വീട്ടിൽ ചെന്നിറങ്ങിയതു്.

"ചാകാൻ പോകുന്നവന് സമുദ്രം മുഴംകാൽ അളവേയുള്ളൂ" എന്ന് പറഞ്ഞതുപോലെ, ഞാനും ഒരു "നായിക"യായി കഴിഞ്ഞപ്പോൾ എന്തുംചെയ്യാൻ സന്നദ്ധനായി സുന്ദരേശനും നിന്നു.

ആ സമയത്ത് മാണിക്കത്തിന്റെ പിതാവിന്റെ കസേരയ്ക്കു എന്തോ ആട്ടം സംഭവിച്ചിരിക്കുന്നുവെന്ന് പത്രവാത്തകളിൽ നിന്നും മനസ്സിലായി.

"അതുകൊണ്ട് അക്കാര്യം ശ്രദ്ധിക്കാനേ അയാൾക്ക് സമയമുണ്ടാകൂ. നമ്മേപ്പററി ചിന്തിക്കുകയില്ല." സുന്ദരേശൻ പറഞ്ഞു.

ഗ്രാമത്തിൽ താമസിച്ചിരുന്നപ്പോൾ ആദ്യം അതു് വളരെ മനോഹരമായി തോന്നി. പിന്നീട് ഗ്രാമത്തോട്ട് വെറുപ്പും.

നഗരത്തിൽ വന്നപ്പോൾ നഗരവും അതിമനോഹരമാണെന്നാണ് തോന്നിയതു്. ഒടുവിൽ അതിനോടും വിരക്തിയായി.

ബാംഗ്ളൂരിലെ ജീവിതമാണ് ഏററവും നന്നായനുഭവപ്പെട്ടതു്. പറഞ്ഞിട്ടെന്തുകാര്യം ഇപ്പോഴതും അവസാനിച്ചിരിക്കുന്നു.

വീണ്ടുമിതാ മദ്രാസ്വാസം.

ഇതിലൊരു പുതിയസുഖം.

അശോക്നഗറിലെ വീട്ട് അതിമനോഹരമായ ഒരു ബംഗ്ളാവാണ്. ഞങ്ങളുടെ രണ്ടു വീട്ടുകളിലെയും സാമാനങ്ങൾ രണ്ടു ലോറികളിലായി അവിടെ കൊണ്ടു ചെന്നിറക്കി.

അതൊക്കെ ശരിപ്പെടുത്തിവയ്ക്കുന്നതിനു മുമ്പുതന്നെ മാണിക്കത്തെ കാണാൻവേണ്ടി എന്റെ മനം കൊതിച്ചു.

ആയിരംപേർ എന്നെ അനുഭവിച്ചിട്ടുണ്ടെങ്കിലും ആദ്യമായി എന്നിലെ സ്ത്രീത്വത്തെ പിടിച്ചെണീല്പിച്ചതു് മാണിക്ക

മാണ്.

ഞാൻ സുന്ദരേശനെ ധൃതിപ്പെടുത്തി.

അന്നുവൈകുന്നേരം ഇന്ത്യൻരാഷ്ട്രപതി മദ്രാസിൽ വരുന്നതായും പല പരിപാടികളിലും പങ്കെടുക്കുന്നതായും പത്രങ്ങൾമൂലം അറിഞ്ഞു. അതുകൊണ്ട് അന്ന് ആശുപത്രിയിൽ പോലീസിന്റെ സൊല്ല ഉണ്ടാവുകയില്ലെന്ന് ഞങ്ങൾ കരുതി.

സിനിമയിലേതുപോലെ ഞങ്ങൾ ഇരുവരും വേഷപ്രച്ഛന്നരായി.

ഞങ്ങളുടെ കാർ വീട്ടിൽ തന്നെ ഇട്ടിരുന്നു. എന്നിട്ട് ഒരു ടാക്സിയിലാണ് ആശുപത്രിയിലേക്ക് പോയതു്.

അന്നാണ് ഞാൻ ആദ്യമായി ജനറൽ ആശുപത്രി കാണുന്നതു്.

രോഗം ബാധിച്ച്, ശരീരം ചലനമററ് കിടക്കുമ്പോൾ, താനെന്തിന് ജനിച്ചുവെന്ന് സ്വയം സംശയം പ്രകടിപ്പിക്കുക എല്ലാവരുടേയും പതിവാണ്. "ഈശ്വരാ എന്നെ രക്ഷിക്കൂ" എന്ന് പ്രാർത്ഥിക്കും. ഡോക്ടറന്മാരെ കാണുമ്പോൾ ഭവ്യതയോടെ പെരുമാറുന്നു.

രോഗികളുടെകരച്ചിലിനും അമറലിനും ബന്ധുക്കളുടെ കണ്ണുനീർവാർക്കലിനുമൊക്കെ മദ്ധ്യേ വെള്ളവസ്ത്രങ്ങൾ ധരിച്ച നേഴ്സുമാർ തലങ്ങുംവിലങ്ങും നടക്കുന്നതും "കരയാതിരിക്കൂ" എന്ന് രോഗികളെ ആശ്വസിപ്പിക്കുന്നതും ശാസിക്കുന്നതും ഒക്കെ എനിക്കു് വളരെ പരിതാപമായി തോന്നി ആ സംഭവങ്ങൾ എന്റെ ഹൃദയത്തിൽ വല്ലാത്ത അസ്വസ്ഥത സൃഷ്ടിച്ചു.

പണക്കാരെ നോക്കാൻ അധികാരികൾ വരുന്നു. വലിയവലിയ ഡോക്ടർമാർ വരുന്നു.

ചലം ഒഴുകുന്ന വ്രണത്തിൽ മരുന്നുവച്ചു കെട്ടാൻ പാവപ്പെട്ട രോഗി നഴ്സിനെ എത്രപ്രാവശ്യമാണ് വിളിക്കേണ്ടിവരുക?

മകടത്തിലിരുന്ന മാണിക്കത്തെ നോക്കാൻപോയ ഞാൻ മണ്ണിൽ വീണുകിടക്കുന്ന മാണിക്കങ്ങളെകണ്ട് സഹതപിച്ചു.

ഞാൻ വാർഡുകൾതോറും നോക്കിനോക്കിവരുന്നതുകണ്ട സുന്ദരേശൻ—

"നാം മാണിക്കത്തെ കാണാനാണ് വരുന്നതെന്ന് എന്നെ ഓർമ്മിപ്പിച്ചു."

രോഗം— അതു് എത്ര കടുത്തതായാലും പാവപ്പെട്ടവർക്ക് ബഡ്ലഭിക്കാത്ത ജനറൽ ആശുപത്രിയിൽ, രോഗമില്ലെങ്കിലും പണക്കാർ സ്പെഷ്യൽവാർഡുകൾ നേടി എടുക്കുന്നു.

ഞങ്ങൾ മാണിക്കത്തിന്റെ മുറിക്കു പുറത്തെത്തി. അതു് അകത്തുനിന്നും അടച്ചിരുന്നു. മുറിയ്ക്കു പുറത്തുനിന്ന കാവൽക്കാരനോടും അകത്തുനിന്നുവന്ന നഴ്സിനോടും സുന്ദരേശൻ സ്വയം പരിചയപ്പെടുത്തി.

"എന്റെ പേർ രംഗറെഡ്ഡി, ഹൈദ്രാബാദിൽ ഒരു വലിയ ഉദ്യോഗസ്ഥനാണ് ഞാൻ. മാണിക്കം എന്റെ ഒരു സുഹൃത്തു്. തെലുങ്കിലാണ് സുന്ദരേശൻ സംസാരിച്ചിരുന്നതു്.

എന്റെ ഹൃദയം ശക്തിയായിമിടിച്ചുകൊണ്ടിരുന്നു.

"ശരി, അകത്തു പൊയ്ക്കോളൂ."

അകത്തു് പഴയ പരിചയക്കാർ ആരെങ്കിലും ഉണ്ടാകുമോ എന്ന ഭയപ്പാടോടെയാണ് ഞാൻ സുന്ദരേശന്റെ പിന്നാലെ അകത്തേക്ക് ചെന്നതു്.

ഭാഗ്യം. മാണിക്കത്തിന്റെ ഭാര്യയോ അച്ഛനോ അവിടെ ഉണ്ടായിരുന്നില്ല. എനിക്ക് ഇതിനുമുമ്പ് പരിചയമില്ലാത്ത ഒരാൾ അപ്പോൾ അവിടെ ഉണ്ടായിരുന്നു.

ശോഷിച്ച്—ഒരു തുരുമ്പു കണക്കെ മാണിക്കം ഒരു കിടക്കയിൽ കിടക്കുന്നതുകണ്ടപ്പോൾ എനിക്കു വേദനതോന്നി.

മാണിക്കം ആരെയും നോക്കുന്നില്ല. അനന്തതയിലേക്ക് കണ്ണുനട്ടു കിടക്കുന്നു. ഇടയ്ക്കിടയ്ക്കു് "ഏഴുമാസം പതിമ്മൂന്നു ദിവസം എന്ന് വിളിച്ചുപറയുന്നുമുണ്ട്.

പിന്നെ "നഴ്സ്" എന്നു വിളിച്ചു.

ഒരു നഴ്സ് ഓടിവന്നു. കൂടെ ഒരു ഡോക്ടറും.

"നിങ്ങൾക്ക് കുഞ്ഞുണ്ടോ?—" അവരോടായിരുന്നു ചോദ്യം..

അതു കേട്ട് അവർ ചിരിച്ചു. അവരുടെ ചിരി കണ്ടാൽ അതു് സാധാരണ നടക്കുന്ന കാര്യമാണെന്നു തോന്നും.

"ഞങ്ങൾക്ക് കുഞ്ഞില്ല?— നഴ്സ് പറഞ്ഞു.

"എങ്കിൽ എനിക്കുവേണ്ട,—" മാണിക്കം.

മാണിക്കത്തിന് ചിത്തഭ്രമമാണ്. അതെനിക്ക് മനസ്സിലായി.

സുന്ദരേശൻ മാണിക്കത്തിന് സമീപം

(ശേഷം 46-ൽ)

മലയാളനോവൽസാഹിത്യത്തിൽ ഇന്നും ആരും കൈകാര്യംചെയ്തിട്ടില്ലാത്ത ഒരു വിഷയമാണ് പ്രശസ്തസാഹിത്യകാരനായ

മലയാററൂർ രാമകൃഷ്ണൻ

'മൃദുലപ്രഭു'വിൽ

കൈകാര്യംചെയ്യുന്നതു്. ആദ്യന്തം സസ്പെൻസ് നിറഞ്ഞ ഈ നോവൽ ഭയസംഭ്രമഭീതികളോടുമാത്രമേ വായിച്ചുതീർക്കാനാവൂ.

△

ജീവിതത്തിലെ അഭിശാപങ്ങൾക്കെതിരേ സ്വന്തം ആത്മബലംകൊണ്ട് അതിരാത്രം നടത്തിയ ഒരു ചെറുപ്പക്കാരന്റെ ഹൃദയസ്പർശിയായ കഥ.

ഉണ്ണികൃഷ്ണൻ

എഴുതുന്ന ലഘുനോവൽ

ഞാൻ

മലയാളനാട്ട് വാരികയിൽ

ഉടൻ പ്രസിദ്ധീകരിച്ചുതുടങ്ങുന്നു

കാത്തുവച്ച രഹസ്യം

കഥ

എസ്.മഹാദേവൻതമ്പി

ഒരു ചൊവ്വാഴ്ച സന്ധ്യക്കാണ് അയാൾ വന്നത്. വാസുദേവനു് ഇപ്പോഴും ഓർമ്മയുണ്ട്. വല്യമ്മയുടെ കട്ടിലിനടുത്തിരുന്നു് ചിമ്മിനിവിളക്കിലെ കരി ഉടക്കുകയായിരുന്നു. വന്നപാടെ അയാൾ തിണ്ണയിലേക്കു കയറി. തലയിൽ കെട്ടിയിരുന്ന തോർത്തഴിച്ചു് ദേഹമാകെ ഉടച്ചുകൊണ്ടു് വിളിച്ചു ചോദിച്ചു:

"വീട്ടുകാരെ — ഇവിടാരുമില്ലേ?"

കണ്ണും കാണാതെ ചെവിയും കേൾക്കാതെ അകത്തളത്തിലെവിടെയോ മയങ്ങിക്കിടക്കുകയായിരുന്ന വല്യമ്മ ആ മദ്ധ്യവയസ്കന്റെ ശബ്ദം കേട്ടു് ഞെട്ടിയുണർന്നു. അതെങ്ങനെയാണെന്ന കാര്യം ഇന്നും വാസുദേവനു് അത്ഭുതമാണു്. ദിവ്യമായൊരു സാമീപ്യം അറിഞ്ഞതുപോലെ കട്ടിലിൽനിന്നും തട്ടിക്കുടഞ്ഞു് എഴുന്നേൽക്കാൻ ശ്രമിച്ചുകൊണ്ടു് വല്യമ്മ പറഞ്ഞു.

"എടാ — ദ്രോഹി — അദ്ദേഹം വന്നിരിക്കുന്നു. വാതുക്കലോട്ടു് ചെല്ലു്."

ഏതദ്ദേഹം. കുറ്റം തടിച്ചു്, കാളക്കാരനെപ്പോലെ തോന്നിച്ച അയാൾ വരാന്തയിലേക്കു കയറുന്നതും, തോർത്തഴിച്ചു ദേഹം തുടയ്ക്കുന്നതും, തീരെ സംസ്കാരമില്ലാത്ത രീതിയിൽ അകത്തേക്കെത്തിനോക്കി വിളിച്ചു ചോദിക്കുന്നതുമൊക്കെ കണ്ടപ്പോൾ വല്ലാത്ത വെറുപ്പുതോന്നി. അതുകൊണ്ടാണു് ഒന്നും മിണ്ടാതിരുന്നതുതന്നെ.

വാതിൽക്കലേക്കു ചെല്ലാത്ത താമസം. അയാൾ ചോദിച്ചു:

"നീ ഏതാടാ കൊച്ചനേ? — ഇവിടൊരു വല്യമ്മ ഉണ്ടായിരുന്നല്ലൊ. അവരെന്തിയേ?"

ആ ചോദ്യവും സംസാരവും തീരെ പിടിച്ചില്ല. അതുകൊണ്ടുതന്നെയാണു് കനപ്പിച്ചു ചോദിച്ചതു്:

"ആരാ? — എനിക്കു മനസ്സിലായില്ലല്ലോ? എന്തുവേണം?"

ചോദ്യം കേട്ടു് അയാൾ ചിരിച്ചു. ചിരിച്ചെന്നുപറഞ്ഞാൽ ഒരുതരം മുഴങ്ങുന്ന ചിരി. ഒരു നിമിഷം നിശബ്ദമായിനിന്നാൽ ഇപ്പോഴും ആ ചിരിയുടെ മുഴക്കം കാതിൽ കേൾക്കാമെന്നു് വാസുദേവനു് തോന്നി.

വല്ലാത്ത ദൂരമായിരുന്നു. വീട്ടിലാണെങ്കിൽ അന്നേരം മറ്റാരുമില്ല. അമ്മ മാന്നാത്തു പോയിരിക്കുകയാണു്. അമ്മാവൻ ചൂളത്തെരുവുഷാപ്പിൽ കടിച്ചു തൂക്കകെട്ടുകിടക്കുകയാവും.

പെട്ടെന്നു് തീരെ അപ്രതീക്ഷിതമായി അയാളുടെ ചിരി നിന്നു. കൂടുതൽ സൗമ്യനായിക്കൊണ്ടു പറഞ്ഞു:

"തീരെ സമയമില്ല. അവർക്കെന്നെ കാണണമെന്നു പറഞ്ഞിരിക്കുന്നു. എനിക്കും."

എന്താണയാളോടു പറയുക? മിണ്ടാട്ടമില്ലാതെ കിടന്ന വല്യമ്മ സംസാരിച്ചുതുടങ്ങിയതുതന്നെ ഇന്നുച്ചകഴിഞ്ഞാണു്. അതിനിടയിൽ ഇയാളെ എങ്ങനെ കാണണമെന്നുപറയുന്നു. അതുമല്ലെങ്കിൽത്തന്നെ ആരുചെന്നു് ഇയാളോടു പറയാൻ? മാതൃഭോ–വല്യമ്മയ്ക്കു് എന്തിനാണിയാളെ കാണേണ്ടകാര്യം? അതല്ല പറഞ്ഞാൽ വല്ലതും വല്യമ്മയ്ക്കു മനസ്സിലാകുമോ. ഈ സംശയങ്ങളെല്ലാം ഉള്ളിന്റെ ഉള്ളിലേക്കു് അടിഞ്ഞുപോവുകയായിരുന്നെന്നു് വാസുദേവനു് ഇപ്പോഴുമറിയാം. എന്തൊരു വിധേയത്വത്തോടെയാണു് അന്നയാളെ അകത്തേക്കു ക്ഷണിച്ചതു്:

'വരൂ — അകത്തേക്കു വന്നാട്ടെ —"

അയാൾ അകത്തേക്കുകയറി. ഇരുട്ടു വീണിട്ടുണ്ടായിരുന്നെങ്കിലും അയാൾ നേരേ കൃത്യമായി വല്യമ്മയുടെ കട്ടിലിനിറമ്പിൽതന്നെ ചെന്നുനിന്നു. പെട്ടെന്നു കട്ടിലനങ്ങി.

"വന്നോ?" വല്യമ്മയുടെ ശബ്ദംതന്നെയായിരുന്നോ അതു്. പരുപരുത്ത, തീരെ ശ്രുതിയില്ലാത്ത അവരുടെ ശബ്ദത്തിനു് ഇരുപതുകൊല്ലത്തെ ആർദ്രതയൊ ഒരു ജന്മം മുഴുവൻ കാത്തുവച്ച ശബ്ദം ഒന്നിച്ചു് പൊഴിഞ്ഞുവീണതുപോലെ.

ഒരു ദീർഘനിശ്വാസം.

"വന്നു. ഞാൻ വന്നു!"

ഇരുപതുമായപ്പോൾ സഹിച്ചില്ല. വല്ലാത്തൊരസ്വാസ്ഥ്യം. അയാളാരാണെന്നും അയാൾക്കു വല്യമ്മയുടെ അടുക്കലുള്ള കാര്യം എന്താണെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. വിളക്കൊട്ടുക്കാനെന്നഭാവത്തിലാണു് കട്ടിലിനിറമ്പിലേക്കു ചെന്നതു്. ഇതിനിടയിൽ വല്യമ്മ കണ്ണുകഴിഞ്ഞു. എന്തൊരു ശക്തിയായിരുന്നു അവരുടെ ശരീരത്തിനു് "എടാ ദ്രോഹി... ചെല്ലു് വാതുക്കലോട്ടു് ചെല്ലു്! അവിടെപ്പോയിരുന്നു നാമം ജപിക്കു്"

രഹസ്യം അറിയാൻ കഴിയാത്ത നിരാശകൊണ്ടായിരിക്കാം അന്നു പെട്ടെന്നു ദേഷ്യംവന്നതുകാര്യം വാസുദേവൻ ഓർമ്മിച്ചു.

"ഇരുട്ടാ— ഇരുട്ടത്തെങ്ങനെ പോയിരിക്കും. ഞാൻ വിളക്കുനോക്കാം— വിള

കവിതക്കളം

— കുഞ്ഞുണ്ണി

പൂവുണ്ടോ പൂവുണ്ടോ പൂത്തങ്ങാടി
പൂവില്ല, പൂവിനേക്കാൾനല്ലമുത്തുനൽകാം
പൂവിനേക്കാൾനല്ല മുത്തോ
മണമുള്ളപൂവിനേക്കാൾ നല്ലമുത്തോ
മധുവുള്ളപൂവിനേക്കാൾ നല്ലമുത്തോ
എൻറെയീ വാഴനാരിൽകോർത്തത്–
മാലയാക്കീ—
ട്ടെൻറെ കുഞ്ഞിക്കഴുത്തിലണിയുവാൻ–
പറ്റുന്ന
പൂവിനേക്കാൾനല്ലമുത്തോ
കുമ്പിവിരിഞ്ഞിട്ട്
മിന്നിത്തെളിഞ്ഞിട്ട്
വാടിക്കൊഴിഞ്ഞിട്ട്
ചീഞ്ഞളിഞ്ഞമ്പോട്ട
പൂമരത്തിന്നെന്നല്ലേമുമരത്തിനും–
വളമായിത്തീരുന്ന
പൂവിനേക്കാൾനല്ലമുത്തോ

—o—

കുകത്തിക്കണ്ടെ?"

"വേണ്ടാ" അസഹ്യമായ ആ അലർച്ച ഞയാളിൽനിന്നാണ്" കേട്ടതു്. ഭീതിയോടെ മാത്രമെ ആ രംഗം വാസുദേവനു് ഇപ്പോഴും ഓർക്കാൻ കഴിയുന്നുള്ളു. എങ്ങനെ പുറത്തിറങ്ങി ഓടി എന്നുള്ളതു് ഇന്നും അജ്ഞാതമാണു്.

ചാണകംമെഴുകിയ ചുവരിൽ ചാരി കറേനേരംനിന്നു. വല്ലാത്ത അണപ്പായിരുന്നു. ഇരുയേറെ ശക്തിയുള്ള ശബ്ദവുമായി വന്നിരിക്കുന്ന ഈ മനുഷ്യൻ ആരാണു്? ഒരു പക്ഷെ — ഒരുപക്ഷെ വല്യച്ഛനായിരിക്കുമോ— പണ്ടു് കാളയെവാങ്ങിക്കാൻ പോയിട്ടു് മടങ്ങിവരാതിരുന്ന വല്യമ്മയുടെ ഭർത്താവു്. അദ്ദേഹം ഒരു കാളക്കാരനെപ്പോലെയിരിക്കുമെന്നാണു് അമ്മ പറഞ്ഞുതന്നിട്ടുള്ളതു്— പക്ഷെ കാളയെവാങ്ങാൻ പോയ വഴിയിൽതന്നെ അദ്ദേഹത്തെ ആരോ തല്ലിക്കൊന്നു് പണം തട്ടിയെടുത്തെന്നാണു് കേട്ടിരിക്കുന്നതു്— എന്നാലും— ഇതു് അദ്ദേഹമല്ലെങ്കിൽ പിന്നെയാരാണു്— ഓരോന്നു് ചിന്തിച്ചുകൂട്ടുന്തോറും ഭയം കലർന്ന മരവിപ്പു് സിരകളെ തളർത്തിയിരുന്നു.

വിടവുകളില്ലാത്ത ഒരു നീണ്ട നിലവിളികേട്ടാണു് ഉണർന്നതെന്നു് വാസുദേവനറിയാം. എല്ലാം ഇട്ടെറിഞ്ഞിട്ടു് ഓടിപോകേണ്ടിവന്ന ഒരു മനുഷ്യൻറെ തേങ്ങൽ പോലെയായിരുന്ന ആ കരച്ചിലെന്നു് വാസുദേവനു് പിന്നീടു് തോന്നിയിട്ടുണ്ടു്. അകത്തേക്കുചെന്നപ്പോഴേക്കും ആരൊക്കെയോ ഓടിവന്നുകഴിഞ്ഞിരുന്നു. വിളക്കു തെളിച്ചു. ആകെ ബഹളമായി. വിരുന്നുവന്ന ബന്ധുക്കളെക്കൊണ്ടു് വല്യമ്മയുടെ കട്ടിൽ പൊതിഞ്ഞിരുന്നു.

ആ ബഹളത്തിനിടയിലും വാസുദേവൻ നോക്കിയതു് അയാളെയായിരുന്നു. പക്ഷെ ഒരിടത്തും ഒരുമുഖത്തും ഒരുശബ്ദത്തിലും അയാൾ ഒളിച്ചിരിപ്പിലായിരുന്നെന്നു് വാസുദേവനു് ബോദ്ധ്യമായപ്പോൾ തേങ്ങി കരഞ്ഞുപോയി. വല്യമ്മ മരിച്ച ദുഃഖമല്ല

കരച്ചിൽ കേട്ടായിരിക്കും ആൾക്കൂട്ടത്തിലാരോ പറഞ്ഞു: "അന്ത്യകാലത്തു് അവൻമാത്രമെ ഉണ്ടായിരുന്നുള്ളു." ആശബ്ദം ആരുടേതായിരുന്നെന്നു് തിരിച്ചറിയാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ തന്നെ ആൾക്കൂട്ടത്തിൽ ആരുടെയും ശബ്ദം തിരിച്ചറിയാനാവില്ലെന്ന ഓർത്തു് വാസുദേവൻ സമാധാനിച്ചു.

ബന്ധുക്കൾ വന്നപ്പോഴും, അമ്മയും അമ്മാവനും കരച്ചിൽ നിർത്തിയപ്പോഴും കർമ്മംചെയ്യാനിരുന്നപ്പോഴുമെല്ലാം ആ രഹസ്യം പറയാൻ നാക്കുയർത്തിയതാണു്. വാസുദേവൻറെ ജീവിതത്തിലെ ഏറ്റവും വലിയ അത്ഭുതമായി അതിന്നും അവശേഷിക്കുകയാണു്— എന്തുകൊണ്ടോ മറ്റുള്ളവരോടു പറയാതിരുന്നെന്നു്. ഒട്ടനേരം ആലോചിച്ചുനിന്നപ്പോൾ വാസുദേവനു മനസ്സിലായി ഈ രഹസ്യമാണു് തന്നെ ജീവിപ്പിക്കുന്നതെന്നു്! അന്നു് അയാൾ വന്നതു് ഒരു ചൊവ്വാഴ്ചയല്ലെ? ഒരുചൊവ്വാഴ്ച സന്ധ്യക്കു്—

—ooo—

പ്രയാണം

മാറിവച്ചും മറന്നും, പോകാത്ത ഒരു യാത്ര. ഇന്ന് മെയ് പതിമൂന്ന്. ഇന്നും പോയില്ലെങ്കിൽ ഇനി വരുന്ന അവധിക്കാലംവരെ അജ്ഞാതമായ ഒരു കാരണംതേടുന്ന മനസ്സ്. എഴുപത്തഞ്ചിലെ വേനൽച്ചൂടാലം. വാർത്തയാറ വിരസദിവസങ്ങൾ.

കടന്നുപോകുന്ന കാലത്തിനു കഥയിലെന്തു സ്ഥാനം? കാത്തിരുന്നവരെല്ലാം വിഡ്ഢിയായതല്ലെ കാലത്തിന്റെ കഥ. ഈ കഥയിൽ നമ്മളാരു?

നമ്മൾ എന്നു പറയുമ്പോൾ ദിവാകരനും വത്സലയും മാത്രമുള്ള ഒരു ലോകമാണോ?—എങ്കിൽ എത്ര നന്നായേനെ!

കഴിഞ്ഞവർഷത്തെ പൊള്ളയായ സുഖംപോലെ, ദുഃഖംപോലെ ഒഴുക്കുനിലച്ച പുഴ. അപരാഹ്നസൂര്യന്റെ ആനന്ദമുഖങ്ങളേറ്റുവാങ്ങുന്ന മണല്പുറം. ഓർക്കാൻ എന്തെങ്കിലും പറയണമെന്നതോന്നി.

ദിവാകർ, എനിക്കു ദാഹിക്കുന്നു.

പുഴയിൽ വെള്ളമുണ്ടായിരുന്നെങ്കിൽ—

എങ്കിൽ മുങ്ങിമരിക്കും.

അവൾക്കു ചിരിവന്നു.

ദിവാകർ, ഈ പുഴയെക്കുറിച്ച് എന്തു തോന്നുന്നു?

എന്റെ മനസ്സുപോലെ.

ദിവാകരനെന്നു ഒരു മനസ്സ്. വാറി വരണ്ട പുഴപോലെ.

അവൻ എന്തോ ഓർത്തിരുന്നു.

എന്താ ആലോചന?

അറേബ്യൻ പായലിനെപ്പറ്റി.

വന്നുപോയ വർഷങ്ങളിൽ കരകവിഞ്ഞൊഴുകിയ പുഴ. ഒരു വിസ്മൃതിപോലെ; ഇല്ലായ്മപോലെ; ദിവാകരന്റെ മനസ്സുപോലെ.

—പറിച്ചുവച്ച വെള്ളത്താമരപൂക്കൾ വാടി; ഒരു വേനല്പാലസപ്പുപോലെ. പകൽമുഴുക്കെ ഞാൻ മുറിക്കുള്ളിൽത്തന്നെ കഴിഞ്ഞു. ഒരു അതിഥി വന്നു. ഉഷ. വൈകുന്നേരം അവൾ പോയതിപ്പിന്നെ നീ വന്നു. ദിവാകർ, എന്താ വരാത്തതു്? വളർത്തുനായ മരിച്ചുപോയ ദുഃഖമാണോ?—നിന്റെ ജിപ്സി! ഞാൻ മരിച്ചാൽ ദിവാകർ കരയുമോ?

ഈയിടെയായി നീ വരുന്നതും പോകുന്നതും. ഞാൻ ക്രൂരമായി ഒറ്റപ്പെട്ടുപോകുന്നു.

ദിവാകർ, ഒരു മനസ്സുവേണോ?

അവൻ മണലിൽ വിരൽത്തുമ്പുകൊണ്ടു് വികലചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നു. എണ്ണമറ്റ ഏകാന്തതകളിൽ എഴുതിമായ്ക്കുന്ന അക്ഷരങ്ങൾ

VA
VAT
VATSA
LA

ദിവാകറിനെ ഞാൻ അങ്കിൾ എന്നു വിളിച്ചോട്ടെ?

വേണ്ട, പപ്പാ എന്നു മതി

പുഴപ്പരപ്പിൽ മയങ്ങിക്കിടന്ന മഞ്ഞവെയിൽ മാഞ്ഞു. കരിമ്പാറകൾക്കുമേലെ, കാട്ടുകൾക്കുമേലെ വെൺമേഘങ്ങൾ ചുവന്നു.

ദിവാകറിനു് എന്നാ പോകേണ്ടതു്?

ഇന്നല്ലെങ്കിൽ നാളെ അല്ലെങ്കിൽ മറ്റന്നാൾ.

അർത്ഥമറ്റ ഒരു രീതിപോലെ, ആ ദിവസം ഒരിക്കലും വരില്ല എന്നപോലെ, ഉദിച്ചും അസ്തമിച്ചും.

ദിവാകരൻ പോയി.

ചെറുകഥ — ടി. രാമദാസ്

എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ. കണ്ണിൽനിന്നും ഇനിയും മാഞ്ഞിട്ടില്ല.

—എത്ര ഓർമ്മിച്ചിട്ടും നിലച്ചുകിട്ടാത്ത ഒരു മുഖം,

ദിവാകറിനു് എത്രപഠനം?

അകലെ അകന്നകന്നു് ഇല്ലുതായിക്കൊണ്ടിരിക്കുന്ന ചൂളംവിളി. കടന്നുപോയി ഇരുമ്പായിട്ടും ഉള്ളിൽ വിട്ടുമാറാത്ത മുഴക്കം.

ദിവാകരനു് ഗാഢമായി ഉറങ്ങണമെന്നതോന്നി.

എത്രനേരമായി ഇവിടെ ഇങ്ങിനെ കിടക്കുന്നു. വരാത്ത ഇരയെക്കാത്തു്, ഇണയെക്കാത്തു് ചുരലിലിരിക്കുന്ന കാട്ടാളൻ പല്ലി. അതിന്റെ കൊഴുത്ത പുറം കണ്ടപ്പോൾ മനസ്സിലെങ്ങോ ചത്ത ഈയാം

പാററകളുടെ ചിറകുകൾ ഉതിന്നുവീണു, പിടഞ്ഞു.

അമൃതാഞ്ജനത്തിൻെറ മണം തങ്ങിനില്ക്കുന്ന തലയിണ. ഹോട്ടലിലെ മുപ്പത്തൊന്നാംനംബർ മുറി. ഡിസംബർ പതിനെട്ട്. അകലെ കന്യാകുമാരിയിലെ കടലലകൾ തേങ്ങി.

ദിവാകർ, എന്താണ് ഒരു കഥയില്ലാക്കഥ പറയുവാനുള്ളത്? ഇനി ഞാൻ നിനക്ക് ഒരു ഭാരമാകുമോ? നിൻെറ വാക്കുകൾ എനിക്ക് കാണാപാഠം.

ഇതു് ഒരു വിഫലശ്രമമാണ്. ഇതു് ഒരിടത്തും ചെന്നെത്തുകയില്ല. വൃഥാ ഞാൻ ഈ പാരാവാരത്തിൽ കല്ലെറിഞ്ഞതെന്തിനു്?

—എന്തിനു്?

ഇടനാഴിയിൽ കാല്പെരുമാററം. പുറത്തു് വാതിലിൽ ആരോ മുട്ടിവിളിച്ചു. ദിവാകരൻ എഴുന്നേററില്ല. വാതിൽ തുറന്നില്ല. വാതിൽപ്പാളികൾക്കിടയിലൂടെ ഊന്നുവീണ കവർ.

—പരീക്ഷ കഴിഞ്ഞു. എനിക്ക് ക്ളാസ്സ് കിട്ടുകയില്ല. അവസാനനിരീക്ഷം ദിവാകർ, എന്താ മടിച്ചുകളഞ്ഞതു്—പരീക്ഷഎഴുതാൻ? തോൽക്കുമെന്നു ഭയന്നിട്ടാണൊ? നിൻെറ ഒരു സ്വഭാവം!

നാട്ടിലേയ്ക്കു് ഞാൻ നാളെ പോവുകയാണു്. ദിവാകർ-വേഗം വരൂ. ഒരുപാടു് പറയാനുണ്ടു്.

പുറത്തു് സംഘംചേന്നു കൂക്കിവിളി. നാട്ടിൽനിന്നും ആരെങ്കിലും സുട്ടു്കേയ്സുമായി മടങ്ങിവരുന്നതിൻെറ വരവേല്പായിരിക്കും. വെക്കേഷൻ കഴിഞ്ഞു് പലരും തിരിച്ചെത്തിക്കഴിഞ്ഞു. ഇനി ഇടനാഴിയിൽ അവസാനിക്കാത്ത കാല്പെരുമാററം. സംഘഗാനം.

ആമ്പാടിരുന്നിലോരുണ്ണിയുണ്ടങ്ങിനെ
ഉണ്ണിക്കോരൂരുഴം—
സാറാമേ—സാറാമേ—

പുറത്തു് വീണ്ടും മഴയ്ക്കു് കോപ്പുകൂട്ടുന്ന അന്തരീക്ഷം. മുറിക്കുള്ളിൽ ഇരുട്ടുവീണു കഴിഞ്ഞു. ദിവാകരനു് കഠിനമായി വിശന്നു.

എപ്പോഴാണു് ഉറങ്ങിയതു്? എപ്പോൾ ഉണന്നു? ഉറങ്ങാത്തവർക്കു് ഏതുണർച്ച? ഇപ്പോഴും താൻ ഉറങ്ങുകയാവും.

(ശേഷം 40-ൽ)

യാഗരക്ഷയ്ക്കായ് രാമ-
ലക്ഷ്മണന്മാരെക്കൂട്ടി-
യാഗമിക്കുന്നു യോഗി-
സത്തമൻ വിശ്വാമിത്രൻ
താടകാവനം പൂകി
മൂവരും മുന്നോട്ടോരോ-
ചോട്ടുകളുറപ്പിച്ചു
പമ്മിയും പരുങ്ങിയും.
ശാന്തമായ്ക്കിടന്നൊര-
ക്കാനനമപസ്മാര-
ഭ്രാന്തിലൂടവസാനം
പട്ടടക്കാടായ്മാറി
ക്രൂരത ഫണം വിട-
ർത്തുജ്ജ്വലവിഷജ്ജ്വാലാ-
മാരണം നിണമണി-
ഞ്ഞാടുന്നു പദേപദേ!
ആ വനങ്ങളെപ്പുൽകാ-
റില്ലല്ലോ വസന്തശ്രീ-
യാവനാഴികൾ നിറ-
ഞ്ഞാറില്ല കാമൻപോലും.
ഹിംസതന്നവതാരം
താടക,ധർമ്മത്തിൻെറ-
വംശവിച്ഛേദംചെയ്തു
വായ്പൊത്തി നിന്നു നീതി
രാക്ഷസിയ്ക്കൊരു ചിന്ത-
മാത്രമാണഹോരാത്ര-
കക്ഷിപൂരണം മാംസ-
ഭക്ഷണം വിലക്ഷണം

പാവങ്ങൾ വഴിതെററി-
വന്നവർ കൊടുങ്കാട്ടിൻ-
ഭ്രൂണങ്ങൾമൃഗങ്ങൾത-
ന്നസ്ഥികൾ കുന്നായ്ക്കൂടി
ആമയട്ടശ്യങ്ങളെ-
ക്കണ്ടുകണ്ടടിവെയ്ക്കും
രാമനോടോതി മുനി-
നായകൻ സ്വരംതാഴ്ത്തി
"കാടിതു കണ്ടായോനീ
കാമരൂപിണിയാകും
താടകാഭയങ്കരി
വാണിടും ദേശമല്ലോ!
അവളെപ്പേടിച്ചാരും
നേർവഴി നടപ്പീലാ
ഭുവനവാസീജനം
ഭുവനേശ്വരാ പോററീ!"
ധന്വിയാം രാമൻചെറു-
ഞാണൊലിയിട്ടു, കാട്ടു-
കന്ദരങ്ങളിലതു
മാറെറാലി മുററിക്കേട്ടു!
ഞെട്ടിയോനക്കഞ്ചരി?
ആരെൻെറയേകാന്തത-
തട്ടിമാററുന്നു, ചാവാ-
നിന്നെവൻ കൂട്ടിൽപെട്ടു?
പിന്നെയും കേൾക്കുന്നല്ലോ
ഞാണൊലി, നോക്കട്ടേ ഞാൻ
നന്നുനന്നാരോ ഭാഗ്യാ-
യത്തമാം വിരുന്നായി!

അലറിച്ചിരിച്ചുകൊ-
ണ്ടെത്തി താടക, കുന്നി-
ന്നടിയിൽക്കാണായ് മൂന്നു
"മാനുഷപ്പുഴുക്കളെ."
മുനി കല്പനകേട്ടു
രാഘവൻ ശരമെയ്തു
മുന താടകോരസി
മൃത്യുനർത്തനം ചെയ്തു!
ഈ വിധമധികാര-
ദുർഗർവ്വുകാട്ടുന്നാകിൽ
സ്ത്രീവധം നിഷിദ്ധമ-
ല്ലെന്നു മാമുനി ചൊല്ലി.
"രാമമന്മഥ ശരേണതാഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്ധിരചന്ദനോക്ഷിതാ
ജീവിതേശവസതീം ജഗാമസാ,
മാരിതന്മാരായ് രാമ-
ബാണത്താലനന്തരം
മാരീചസുബാഹുക്കൾ
താടകാതിരുമക്കൾ!

7

ദിവസങ്ങൾ കടന്നുപോയ്കൊണ്ടിരുന്നു. ഓരോദിവസവും ഒരു മനുഷ്യായുസ്സിന്റെ ഒരംശം നഷ്ടപ്പെടുന്നതായി എനിക്കു തോന്നി. വേദനയിങ്ങുന്ന ഹൃദയവുമായി ഞാൻ കഴിയുകയാണു്. എന്റെ പുഞ്ചിരികൊണ്ടു് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഇരുളടഞ്ഞ ഭാഗങ്ങളിൽ പ്രകാശം കലർത്താൻ സാധിക്കുമെന്നു് അദ്ദേഹം ചിന്തിച്ചുകാണും.

ഒരു ദിവസം ഞാൻ വായിച്ചുകൊണ്ടിരിക്കുകയാണു്. അമ്മയും മറ്റാരും അവിടെയില്ല. എല്ലാപേരും വെളിയിൽ. ദേവു് റേഡിയോസ്റ്റേഷനിലേയ്ക്കു് പോകാനായി അതു വഴി വരികയാണു്. ഞങ്ങളുടെവീട്ടിനുമുൻപിൽ നിന്നുകൊണ്ടു് അദ്ദേഹം ചോദിച്ചു—

"സീത സ്കൂളിൽ പോയില്ലേ?"

"ഇല്ല."

"ഇവിടെങ്ങുമില്ലേ?"

"ഇല്ല."

അദ്ദേഹം ഇറങ്ങുകയറി. എന്തോ വല്ലാത്ത ഒരു നോട്ടം; ഞാൻ വിറയ്ക്കുകയാണു്. അന്നുവരെ ഞാൻ ദേവിൽ കണ്ടിട്ടില്ലാത്ത ഒരു നോട്ടം: "മന്ദഹാസവും കാമവും കലർന്ന കണ്ണുകൾ." അദ്ദേഹം എന്റെ അടുത്തു വന്നിട്ടു് ആഞ്ഞൊരുപിടി കേശവദേവും ഞാനും തമ്മിൽ കെട്ടിപ്പുണർന്നു. അദ്ദേഹം എന്നെ ആർത്തിയോടുകൂടി ചുംബിച്ചു. ജീവിതത്തിലാദ്യമായി ഞാനൊരു പുരുഷന്റെ ചുംബനത്തിൽ അമർന്നു. ശ്വാസംമുട്ടിക്കുന്ന ഒരു അനുഭൂതി എന്റെ കണ്ണുകൾ നിറഞ്ഞു. ഉള്ളിലുരുകിയൊന്നായി കവിൾത്തടങ്ങളിൽകൂടി ഒഴുകി, ഹൃദയത്തിന്റെ ദുർവഹമായ ഒരു ഭാരമെൽ എന്റെ കവിളിൽ ഒന്നുകൂടി ചുംബിച്ചിട്ടു് അദ്ദേഹം പിടിവിട്ടു. റേഡിയോസ്റ്റേഷനിൽ പോകേണ്ട സമയമായതുകൊണ്ടു് അദ്ദേഹം നിശബ്ദനായി. അദ്ദേഹം പോയിക്കഴിഞ്ഞു.

ഞാനാഗ്രഹിച്ചിരുന്ന, ബ്രഹ്മനിഷ്ഠിരുന്ന എന്റെ ഇരുപതു വയസ്സ്, ദേവു് എന്നിട്ടും ആദ്യത്തെ ചുംബനത്തെന്നിട്ടു് മറന്നുകളഞ്ഞു.

ആരെങ്കിലും കണ്ടുകാണുമോ എന്നായിരുന്നു ഭയം! ഞാൻ അതേ നിലയിൽ നിൽക്കുകയാണു്. ഇങ്ങനെയാണോ പ്രേമം ഉണ്ടാകുന്നതു്? ആരോടെങ്കിലും ഒന്നു പറയണമെന്നൊരു തോന്നൽ. ഞാൻ വെമ്പൽകൊണ്ടു നിൽക്കുകയാണു്.

പ്രേമത്തെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടാതിരുന്ന ഞാൻ പ്രേമമെന്ന മനോഹര സങ്കല്പത്തെപ്പറ്റി ബാലപാഠങ്ങൾ പഠിക്കാൻ തുടങ്ങുകയായി.

ലോകത്തിലെ ഒരു ശക്തിയ്ക്കും വേർപെടുത്തുവാൻ കഴിയില്ലെന്ന ഭാവത്തിൽ അദ്ദേഹം മാറോടടുപ്പിച്ചു ചുംബിച്ചതു് ഞാൻ ഓർത്തുപോയി.

ഉച്ചയായി ദേവു് റേഡിയോസ്റ്റേഷനിൽനിന്നും വരികയാണു്. ഞാൻ വീട്ടിനകത്തുണ്ടു്. നിറഞ്ഞ കണ്ണുകളോടെ അദ്ദേഹത്തെ ഞാൻ നോക്കി. അദ്ദേഹത്തിന്റെ കണ്ണുകളിൽ സ്നേഹത്തിന്റെ ജ്വലകിരണങ്ങൾ ഒഴുകിയിരുന്നു. രണ്ടുപേരും നിശബ്ദമായി പിരിഞ്ഞു.

കേശവദേവ് എന്ന നിത്യകാമുകൻ

അമ്മയും അനുജത്തിമാരും വന്നു. വീട്ടിൽ സംസാരവും ചിരിയും അട്ടഹാസങ്ങളും ഉടങ്ങി. അതിലെ നായികയായ ഞാൻ പങ്കുകൊള്ളുന്നില്ല. അമ്മ ചോദിച്ചു—

"സീതാലക്ഷ്മി എവിടെ."

"ഞാൻ വായിക്കുകയാണു്."

അനുജത്തിമാർ രണ്ടുപേരും പ്പും പ്പും ഞ്ഞു—

"അഞ്ചൊരുദിവസംകൊണ്ടു് വലിയ വായനക്കാരിയാണു്."

എന്നിലുള്ള മാറ്റങ്ങൾ വീട്ടുകാരെ അറിയിക്കാൻ ഞാൻ പരമാവധി ശ്രമിച്ചിരുന്നു. എപ്പോഴും ഞാൻ ഏകാന്തത ഇഷ്ടപ്പെട്ടിരുന്നു.

സ്ത്രീ പുരുഷന്റെ സ്പർശനമേറ്റാൽ ഉടൻ ഗർഭിണിയാകുമെന്നു ഞാൻ വിശ്വസിച്ചിരുന്നു. ഞാൻ ഭയന്നു. കേശവദേവു് എന്നെ തൊട്ടുകൊണ്ടുമാത്രമല്ല. ചുംബിക്കുകകൂടി ചെയ്തു. നിശ്ചയമായും ഞാൻ ഗർഭിണിയാകും.

മൂന്നാലുദിവസംകഴിഞ്ഞു. വയറ്റിൽ എന്തോഭാരം പോലൊരു തോന്നൽ, ഓടി കുളിമുറിയിൽ കയറി പാവാടതാഴ്ത്തി വയറുനോക്കി. ഗർഭമേതുമെന്നു. ദിവസങ്ങൾ നീങ്ങുന്തോറും എന്റെ വയറും വല്ലാതാകുന്നതായി തോന്നൽ.

ഒരുദിവസം ശങ്കരൻ വന്നുപറഞ്ഞു സാറു വിളിയ്ക്കുന്നുഎന്നു്.

"സാറിന്റെ ഭാര്യവരുമ്പോൾ ഇവിടെ ബഹളമെന്തോ?" ഞാൻ ചോദിച്ചു.

അദ്ദേഹം പറഞ്ഞു—

"യാദൃച്ഛികമായി ഉണ്ടായ ഒരു ബന്ധമാണതു്. അതിനുമുൻപുള്ള അവരുടെ ജീവിതം അത്രയൊന്നു സുഖകരമായിരുന്നില്ല. ഞാൻ അവരുമായി ബന്ധപ്പെട്ടതിനു ശേഷം ഒരുദിവസംപോലും സമാധാനപരമായി കുടുംബജീവിതം നയിച്ചിട്ടില്ല. ഞങ്ങൾ താമസിച്ചിരുന്ന വീട്ടിലിരുന്നു ഞാൻ എഴുതുകയോ, വായിക്കുകയോ ചെയ്തിട്ടില്ല. എന്നെ ഏറ്റവും പ്രസിദ്ധമായ "ഓടയിൽനിന്നു"" എന്ന നോവൽ ഞാൻ കൊല്ലത്തു് ദേയ്ധുണിയൻ ആഫീസിലിരുന്നാണു് എഴുതിയതു്. അതുപോലെ അതുവരെയുള്ള എന്റെ എല്ലാ സാഹിത്യസൃഷ്ടികളും പുറത്തവിടെ എങ്കിലും പോയിരുന്നാണു് എഴുതിയിട്ടുള്ളതു്.

എനിയ്ക്കിടുന്ന പണംമുഴുവനും അവരുടെ ജീവിതസുസ്ഥിതിയ്ക്കുവേണ്ടി ഞാൻ വിനിയോഗിച്ചു. നിലവും പുരയിടവും വാങ്ങി. വീടും ഉണ്ടായി എല്ലാം ഉണ്ടായിട്ടും എന്റെ കുടുംബജീവിതം എനിയ്ക്കു താങ്ങുവാൻ വയ്യാത്തവിധം ദുസ്സഹമായിരുന്നു. ഞാൻ ഓറയാനായിത്തന്നെ കഴിഞ്ഞു."

അദ്ദേഹം പറയുന്ന ഓരോ കാര്യവും ഞാൻ ശ്രദ്ധയോടു കേട്ടുകൊണ്ടിരുന്നു.

ശങ്കരൻ വന്നുപറഞ്ഞു—

"കുഞ്ഞിനെ അമ്മവിളിയ്ക്കുന്നു."

ദേവും ഞാനും അന്നു പിരിഞ്ഞു.

അമ്മപറഞ്ഞു—

"സാഹിത്യം എഴുതിയാൽ ജയിക്കുകയില്ല. പുസ്തകമെടുത്തു പഠിക്കു. നിന്റെ ചാട്ടം കുറച്ചു കൂടിപ്പോകുന്നുണ്ടു്."

നേരം സന്ധ്യയായി ഉറക്കം വരുന്നില്ല. "സീത എന്റേതാണു്." അദ്ദേഹം

കേശവദേവിൽനിന്നും എനിക്കു കിട്ടിയ ആദ്യചുംബനം

—സീതാലക്ഷ്മിദേവു്

"ഞാൻ പോയി."

ആക്കും ഒരു സംശയവുമില്ല. കൊച്ചുപെണ്ണു്, ഉള്ളിച്ചാടിനടക്കുന്ന പ്രായം; മഹാനായ അദ്ദേഹത്തിന്റെ വീട്ടിൽ ഈ പാവാടക്കാരിപെണ്ണു് പോയാലെന്തു്? മിണ്ടിയാലെന്തു്?

അദ്ദേഹം ചോദിച്ചു—

"എന്താ എന്നെ ഭയമാണോ?"

"എന്നെ തൊടാതിരുന്നാൽ മതി."

ദേവു് ചിരിച്ചുകൊണ്ടു് കസേരയിൽനിന്നു് ചാടി എണീറ്റു. എന്നെ അമർത്തിച്ചുംബിച്ചു.

ദേവു് പറഞ്ഞു—

"സീത എന്റേതാണു്. കണ്ട ദിവസംമുതൽ മനസ്സിൽ എന്റെ സ്വന്തമാക്കിയിരുന്നു.

ഞാൻ മൗനമായിനിന്നു.

ആദ്യമായി അദ്ദേഹത്തിന്റെ വീട്ടിൽ പോയപ്പോൾ കൂട്ടുകാരികളോടും എന്നോടുമായി എറിഞ്ഞുതന്ന ചോദ്യം. "ഭാവിവരൻ വായിച്ചിട്ടുണ്ടോ?" എന്നാണു് എനിയ്ക്കു ഓർമ്മവന്നു.

വളച്ചയുടെ കാലം-
ക്യാൽഷിയം-സാൻഡോസ്® കാലം

ഒരിക്കൽ വളച്ച നിന്നുപോയാൽ, എത്രതന്നെ ക്യാൽഷിയം കഴിച്ചാലും ബലമുള്ള പല്ലുകളും ഉറപ്പുള്ള എല്ലുകളും ഉണ്ടാകാൻ സാദ്ധ്യമല്ല.

ക്യാൽഷിയം ഗുളികകൾ പതിവായി കഴിക്കുന്ന കുട്ടികൾ, അതു് കഴിക്കാത്ത കുട്ടികളേക്കാൾ വേഗത്തിൽ വളരുന്നു എന്നും, കൂടുതൽ തൂക്കം വർദ്ധിക്കുന്നു എന്നും ശാസ്ത്രീയ പരീക്ഷണങ്ങൾ* തെളിയിച്ചിട്ടുണ്ട്. ശരിയാണ്—വളരുന്ന കാലം, ക്യാൽഷിയം സാൻഡോസിന്റെ കാലമാണ്. ബലമുള്ള പല്ലുകളും ഉറപ്പുള്ള എല്ലുകളും ഉണ്ടാകുന്നതിനും വളരുന്നതിനും സഹായിക്കുന്നതു് ക്യാൽഷിയം—സാൻഡോസ് ഗുളികകൾ ആണ്. സി, ഡി, ബി12 എന്നീ വിറ്റാമിനുകളാൽ സംപുഷ്ടവും, റാസ്ബെറിയുടെ സ്വാദും ഉള്ള ക്യാൽഷിയം-സാൻഡോസ് അതിരുചികരമാണ്. കുട്ടികൾ അതു് വളരെ ഇഷ്ടപ്പെടുന്നു. ക്യാൽഷിയം-സാൻഡോസ്—സ്വിറ്റ്സർലണ്ടിലെ സാൻഡോസ് വികസിപ്പിച്ചെടുത്തിട്ടുള്ള, ലോകത്തിലെ സമുന്നത ക്യാൽഷിയം.

* ക്യാൽഷിയം സപ്ലിമെന്റേഷൻ ടെസ്റ്റ്സ്-ഡോക്ടർ ഡബ്ല്യു. ആർ. അയ്ക്രോയ്ഡ്, ഡോക്ടർ ബി. ജി. കൃഷ്ണൻ എന്നിവർ സമർപ്പിച്ച റിപ്പോർട്ട്.

നിങ്ങളുടെ കുഞ്ഞിനു് കുറഞ്ഞതു് 4 ക്യാൽഷിയം സാൻഡോസ് ഗുളിക ദിവസേന ആവശ്യമാണ്. ഭാരോ ഭക്ഷണത്തിനു മുമ്പായും രണ്ടു ഗുളികകൾവീതം

ക്യാൽഷിയം-സാൻഡോസ്®

ബലമുള്ള എല്ലുകൾക്കും ഉറപ്പുള്ള പല്ലുകൾക്കും

SANDOZ

daCunha/CS/20 Q MAL

എന്തുകൊണ്ടാണ് ഇങ്ങനെ പറഞ്ഞതു്?

മനുഷ്യചേതനകളെ സ്വർഗ്ഗീയാനുഭൂതികൾകൊണ്ടു് നിറയ്ക്കുന്നതല്ലെ "പ്രേമം" അദ്ദേഹത്തിനു് എന്നോടു് പ്രേമമാണോ? അദ്ദേഹം എന്നിൽനിന്നും സമാധാനം കണ്ടെത്തുവാൻ ആഗ്രഹിക്കുന്നുണ്ടാകുമോ? ചിന്തകൾ കാടുകയറുകയാണ്. ഒന്നും മനസ്സിലടക്കാൻ കഴിയുന്നില്ല.

പിറ്റേദിവസം സ്കൂളിൽ പോയി ഏറ്റവും അടുത്ത കൂട്ടുകാരിയോടു പറഞ്ഞു. "കേശവദേവു് കത്തുതന്നു."

കൂട്ടുകാരി പറഞ്ഞു—

കേശവദേവു് എന്തുപ്രായമുള്ള ആൾ് സീത ചെറുപ്രായമല്ലേ?"

ഞാൻ പറഞ്ഞു— "അതെനിക്കറിയില്ല. ദേവു്സാറിനെ എനിയ്ക്കും ഇഷ്ടമാണ്."

ദിവസങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു.

വീണ്ടും റേഡിയോസ്റ്റേഷനിൽ പോകേണ്ടിവന്നു. ഞാൻ റേഡിയോസ്റ്റേഷനിൽ പോകുന്നതു് കേശവദേവിനു് ഇഷ്ടമില്ലാതായിത്തുടങ്ങി.

ഒരു ദിവസം ശങ്കരൻ രഹസ്യമായി എന്നെ വിളിച്ചു—ഞാൻ അടുത്തേയ്ക്കു ചെന്നു. "സാറു് ഒരു കത്തുതന്നു."

ഞാൻ കത്തു വായിച്ചു—

"എന്റെ പൊന്നോമനെ?"

എന്റേതു മാത്രമാണ്. ജീവിതത്തിനു് യാതൊരു ലക്ഷ്യവുമില്ലെന്നു വിശ്വസിച്ചിരുന്ന എനിയ്ക്കു് ഒരു ജീവിതവും ഉണർവ്വും തന്ന നീ എന്നും എന്റേതായിരിക്കണം. എന്നും, എപ്പോഴും എനിയ്ക്കു കാണണം, മറുപടി തരണം.

കേശവദേവും ഞാനുമായിട്ടുള്ള പ്രേമം വളർന്നുതുടങ്ങി. അദ്ദേഹം സുന്ദരനെന്നും ചെറുപ്പക്കാരനെന്നും, ആരോഗ്യവാനെന്നും എനിയ്ക്കു തോന്നി തുടങ്ങി.

ജീവിതവൈഷമ്യങ്ങളും വേദനകളും എന്തെന്നു് അറിഞ്ഞുകൂടാത്ത ഞാൻ അദ്ദേഹത്തിന്റെ വേദനകളെ തുടച്ചുമാറ്റാൻ പരമാവധി ശ്രമിച്ചുതുടങ്ങി.

ഞങ്ങളുടെ പ്രേമം ചിലർ അറിഞ്ഞുതുടങ്ങി.

അയൽക്കാർ പലതും പറഞ്ഞുതുടങ്ങി. അർത്ഥസൂചകമായി ചിരിയ്ക്കുകയും ചെവിയിൽ തമ്മിൽ തമ്മിൽ പറയുകയും ചെയ്തുതുടങ്ങി.

അദ്ദേഹത്തെ എപ്പോഴും കാണണമെന്നതോന്നൽ എന്നിലുമുണ്ടായിതുടങ്ങി.

എന്റെ തുള്ളിച്ചാടി നടന്നിരുന്ന ജീവിതം അവസാനിച്ചു എന്റെ വീട്ടിലുള്ളവർക്കു സംശയമുണ്ടാകാതെ കുറേ ദിവസം കൂടി ഞങ്ങളുടെ രഹസ്യങ്ങൾ നീണ്ടുപോയി.

ഞാനും അനുജത്തിമാരും കോവിലിൽ ആഴ്ചയിൽ ഒരിക്കൽ പോകുമായിരുന്നു. അതിനെ അദ്ദേഹം എതിർത്തുതുടങ്ങി.

ഒരു ദിവസം കോവിലിൽ പോകാൻ രണ്ടനുജത്തിമാരും തയ്യാറായി. ഞാനില്ല. എല്ലാപേരും എന്നോടു ചോദിച്ചു "നീ യാണല്ലൊ ആദ്യം ഇറങ്ങുന്നതു് ഇന്നെന്താവരാത്തതു്?

"ഞാൻ വരുന്നില്ല."

അവർ പരസ്പരം എന്തോ പറഞ്ഞു ചിരിച്ചു.

അവർ രണ്ടുപേരുമായി കോവിലിൽ പോയി.

ചേട്ടന്റെ സുഹൃത്തുക്കൾ കാളേജിൽ നിന്നും വരാറുണ്ട്. അതിനെയൊക്കെ ദേവു് എതിർത്തുതുടങ്ങി.

ഞങ്ങളുടെ കാമ്പൗണ്ടിൽ തന്നെ വാടകയ്ക്കു ഒരു വീടു കൊടുത്തിരുന്നു. അതുകൂടി ദേവു് എടുത്തു. എന്റെ സൗകര്യത്തിനു വേണ്ടിയും എന്റെ സുരക്ഷിതത്വത്തിനു വേണ്ടിയും എല്ലാം ആ വീട്ടിൽചെയ്തിരുന്നു.

ഞാൻ കേശവദേവിന്റെ നിയന്ത്രണത്തിലായി.

ഒരു ദിവസം ഞാൻ അമ്മയോടു പറഞ്ഞു—

"അമ്മേ? കേശവദേവു് പറയുന്നു." ഞാൻ ഈ വീട്ടിലെ വിളക്കാണന്നു്."

അനുജത്തിമാർ ചോദിച്ചു—

"ഞങ്ങളൊ?"

അമ്മ പറഞ്ഞു—"ദേവു്സാർ പറയുന്നതു ശരിയാണ്. അവൾ ഇവിടത്തെ വിളക്കു തന്നെ."

അനുജത്തിമാർ ഒപ്പം പറഞ്ഞു—

"നീ സന്ധ്യയാകുമ്പോൾ കേശവദേവിന്റെ വീട്ടിനുനടയിൽ ചെന്നുനിൽക്കണം. നീ വിളക്കല്ലെ? ലൈറ്റിടേണ്ടയാവശ്യമില്ല."

"നിങ്ങൾ പറയണ്ട. ഞാനവിടെ ചെന്നിരിക്കാൻ തീരുമാനിച്ചു."

(തുടരും)

—o—

കഥ പറയുന്ന, കവിയെഴുതുന്ന....വൈവിദ്ധ്യപ്രപഞ്ചങ്ങൾ!

വെണ്ണി വാസുപിള്ള

അന്തരീക്ഷത്തിലും അന്തസ്സംഗീതത്തിലും കാല്പനികത, നൂതനബിംബങ്ങളുടെ ആവാഹനത്തിലും ശ്ലഥബിംബങ്ങളുടെ അനസ്യൂതിയിലും ആധുനികത—രണ്ടിൻറെയും അന്യോന്യസമ്മേളനത്താൽ സുരഭിലമാണ്" ശ്രീ കെ. വി. രാമകൃഷ്ണൻറെ കവിത. "പുതിയ സാരഥി"യുടെ അവതാരികയിൽ ശ്രീ. കെ. പി. ശങ്കരൻ അതിൻറെ വികാസപ്രക്രിയയിൽ വിലയിരുത്തിയിട്ടുണ്ട്". ഒരേയൊരു കുടുംബത്തിൻറെ ആത്മനിഷ്ഠമായ താപത്തിൽനിന്നു വാൻഗോഗിൻറെ ഏറെപ്പ്രശസ്തങ്ങളായ ചിത്രങ്ങൾ ഉണ്ടായതിൽ, മുത്തശ്ശിയുടെ മരണശേഷം അമ്മാവൻ ഒറ്റപ്പെടുത്തപ്പെട്ടതിൻറെ ഭാഗവും വാങ്ങി അനുനയപ്പോൾ "അന്യോന്യം കൈമാറുന്നതിനൊരു വാക്കിൻ ഉള്ളടമന്നിയെ വെറും പൊള്ളകളായിപ്പൊങ്ങിവിറച്ചു"നിൽക്കുന്ന നാലഞ്ചുപ്രാണികളുടേയും അമ്മയുടേയും ചിത്രമായ "ഉമിത്തീയ്യ്". സഹധർമ്മിണി, ദുരയാകിലും ഒരു തേങ്ങലായി എപ്പോഴും ചാരെയുണ്ടെന്ന തേങ്ങലോടെ കഴിയുന്ന വിമർശ്രകഭമ്പതികളോടു പറയുന്ന "സുമാനുഷപർവ്വം." ഇവയിൽ തൊട്ടഴിഞ്ഞുനിൽക്കുന്നതു് ഗ്രഹാതുരതയുടെ തീക്ഷ്ണവും സൗമ്യവുമായ ഭാവവ്യതിരേകമാകുന്നു. ഒന്നു് ഒരു പ്രത്യേക വായിയർത്തറവാട്ടിലോ, മറ്റതു് ഒരു പ്രത്യേക ദാമ്പത്യത്തിലോമാത്രം ഒതുങ്ങിനിൽക്കാതെ പലേടത്തും പലർക്കും പരിചിതാനുഭവമാകയാൽ രണ്ടിലും സാമൂഹികമായ ഉള്ളടക്കം (social content) ഉണ്ടു". മാഷ്ടിയ സാമൂഹിക വിമർശനത്തിൻറെ മുഴക്കമുള്ള ചില ഭാവഗീതങ്ങളും ശ്രദ്ധേയമാണു". ധർമ്മഗ്ലാനിയിൽ അധർമ്മം മിൽട്ടൻറെ പാരഡൈസ് ലോസ്റ്റിലെ മത്തോണിനെപ്പോലെ ഹിരണ്യാക്ഷനായി (ഹിരണ്യം = സ്വർണ്ണം) കനത്ത കാലടിവെച്ചു നടക്കുമ്പോൾ വാഗ്ദാനപ്രകാരമുള്ള പുനരവതാരത്തിനു കാലമായെന്നു് ആശ്വാസനം ചെയ്യുന്ന "വാമനാവതാരം"വും, "അമ്മാതൃന്മാർ കരയും കഞ്ഞിനെ കൊറാറിന്നരിക്ക കുമ്പിളും കാട്ടിക്കടവത്തിരിക്കുന്ന" "പി. എൽ. നാരായണപ്പണിക്കർ", "കാറടിക്കിലുമണയാത്ത നെയ്തിരിയായെൻ നാട്ടിലെന്നൊരു തേജസ്സിനി വന്നുദിച്ചീടും" എന്നു വിളംബരം ചെയ്യുന്ന "മോഹഭംഗങ്ങൾ"പും, ഇരുപതു ചുക്കൊല്ലംമുമ്പു" ഊരിയ ചങ്ങലവട്ടകളിലൂടെ ഊർന്നിറങ്ങി ചേതനസ്സുള്ളിൽ നീണ്ടു, വലിയുകയാണെന്ന വേദനിക്കുന്ന "യുഗസന്ധി"യുമെല്ലാം ഇവിടെ വിവക്ഷിതം. കഞ്ചൻനമ്പ്യാരുടെ പറയൻതുള്ളലിലെ നിയതഛന്ദസ്സ്".

പതുചിന്നിച്ചുഴികുത്തി–
ത്തിരയും വൻ മലരിയും–
മായ്ത്തിളച്ചു തടംതല്ലി–
പ്പുരക്കുന്ന മഹാകാല–
രുധിരം — (വാമനാവതാരം)

എന്നിങ്ങനെ യതിയുടെ ദിക്കിൽവെച്ചു മുറിഞ്ഞു" ഉരുത്തിരിയുന്ന പാദതരംഗങ്ങൾക്കു് വിശേഷിച്ചൊരു താളലയമുള്ളതും പ്രസ്താവയോഗ്യമാകുന്നു.

ആധുനിക മനുഷ്യൻറെ ധർമ്മസങ്കടങ്ങളാണു" ശ്രീ. ആർ. സനാതനൻപിള്ള

പുതിയ സാരഥി, വിപ്രലംഭം, വിരൂപൻറെ പാട്ടു്, My Ant Poems എന്നീ ഗ്രന്ഥങ്ങളാണു് ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

— മ: പ:

യുടെ മൂന്നാമത്തെ സമാഹാരമായ "വിപ്രലംഭ"ത്തിലെ കവിതകളേയും ഉള്ളടക്കമെന്നു" അവതാരികയിൽ ശ്രീ. എൻ. വി. കൃഷ്ണവാരിയർ സമർത്ഥിക്കുന്നു. കാണുന്നിൽക്കുന്ന കവിയേയും കാടിക്കിതച്ചു തുടുക്കുന്ന പാടത്തിൻറെ സന്തതികളേയും നിഷേധിച്ചു", നിത്താതെപോകുന്ന ഫാസ്റ്റു" പാസഞ്ചർ ജീവിതയാനത്തിലെ ഒരു സാധാരണ ധർമ്മസങ്കടമാണു" ഇതോടൊപ്പം ഒരു കദനകഥയും മിടഞ്ഞുചേർത്താണു" "വണ്ടിവന്നെങ്കിൽ." യാനോൽക്കണ്ണുയിൽ കവിയാൽ നിഷേധിക്കപ്പെട്ടിട്ടും ഒരാകസ്മികച്ചുഴലിയിൽ കൊഴിഞ്ഞുവീണും കവിയെ നിരസിച്ച ഒരു ഫാസ്റ്റ് പാസഞ്ചർവണ്ടികയറി ചതഞ്ഞരഞ്ഞും ഒരു പൂഞ്ചിരിയായി ജപാലയായ" കണ്ണീരായി–

ട്ടൊരമാത്രകൊണ്ടെല്ലുംകഴിഞ്ഞെകൊച്ചു ചെമ്പകപ്പൂവിൻറെ ചോര മുകർന്നു" അന്തിമോഛ്വാസങ്ങൾ ഉട്ടക്കുന്ന കഥ. ഭോഗചപലമായ ആധുനിക ജീവിതത്തിൽ "ജപാലയായ" കൊട്ടകാറായ്ഗി മോഛമായ"" ഉഴറിത്രസിക്കുമ്പോൾ നഷ്ടപ്പെട്ടുപോയ ഓടക്കുഴലിനുവേണ്ടി കവി ചേതന ദാഹിക്കുന്നതാണു" "കിരാതം." കലാശാലകൾക്കു കൊള്ളിവയ്ക്കുന്ന അധ്യേതൃവിദ്യാദാഹത്തിൻറെ "ഗ്രീഷ്മം" ആധുനിക തലമുറയുടെ ഒരു മാനസികരോഗത്തിൻറെ ഉദ്വേഗജനകമായ ചിത്രമാകുന്നു. കാട്ടുകയറാത്ത ഭാവനയും ക്ഷിപ്രസംവേദകമായ ഭാവാവിഷ്കാരവും അനാവശ്യപദമേദസ്സിൻറെ അഭാവവും ഉപലബ്ധമാക്കുന്ന ശാലീനത "വിപ്രലംഭ"ത്തിൽ ഉടനീളം തെളിഞ്ഞുകാണാം. ആൻപൂർവ്വിക്രമത്തിലാണു" ഇതിലെ കവിതകൾ കോർത്തിരിക്കുന്നതു".

പ്രതിക്ഷാഭംഗത്തെയും ദുരിതത്തെയും അധികരിച്ചു കഥിക്കുകയും ഭവിതവ്യതയുടെ തമസ്സിനു കട്ടി നല്കുകയും അനിശ്ചിതത്വത്തിൻറെ വളഞ്ഞു പുളഞ്ഞ ദൂരങ്ങൾ പ്രാത സംശ്രാന്തിജനകമാക്കുകയും ചെയ്യുകയുക്കാലത്തും കവികളുടെ ഒരു മനോരമ്യവ്യാപാരമാണെന്നു" ഡോക്ടർ ജോൺസൺ പറഞ്ഞിട്ടുണ്ട്. ദുഃഖം ഒരു വൈകാരികാനുഭൂതിയെന്നതിലും കവിഞ്ഞു" ഒരു ജീവിതദർശനമായി വളർത്തിയെടുത്തതു" ഇറാലിയൻ കവി ലിയോപ്പാർഡ്ഡിയാണു". ഇരുപതുവർഷംമുമ്പു" ഗോപുരദൈവമാസികത്തിലെ ഏതാനും വിവർത്തനങ്ങളിലൂടെ അദ്ദേഹത്തിൻറെ കവിത ആദ്യമായി മലയാളത്തിലേക്കു കടന്നുവന്നു. ഇതിനകം ചില മൗലികപ്രതിഭാശാലികളുടെ ആഭിമുഖ്യം ഈ സരണിയിൽ മലയാളകവിതയ്ക്കു് ഒരു പുതിയ അഗ്രഗാമിത്വം പ്രദാനംചെയ്തിട്ടുണ്ടു". ശ്രീ. നെല്ലിക്കൽ ശ്രീ. വിഷ്ണുനാരായണൻ നമ്പൂതിരിയ്ക്കു" ഇത്തിരി ആശാൻ ശങ്ക ജനിപ്പിച്ചിട്ടു" ഗ്രന്ഥനാമം വഹിക്കുന്നതും വിയോഗിനിയുടെ ഭാവത്തിലെഴുതിയതുമായ കവിതയാണെന്നു തോന്നുന്നു. എന്തായാലും അതിലെ ശോകതന്ത്രീവാദനം ഹൃദയത്തിൽ അനുരണനം സൃഷ്ടിക്കാൻ പര്യാപ്തമത്രെ. സാമാന്യമായ ഉള്ളടക്കത്തിൽനിന്നു" ഒട്ടൊന്നു വേർതിരിഞ്ഞു നില്ക്കുന്ന, ഉത്തരൻറെ സന്ത്രാസമവതരിപ്പിക്കുന്ന "ഭീതി"യിലെ ഭാവപ്രകർഷം അനുമോദനീയമാകുന്നു.

ഭാരതീയരുടെ ഇംഗ്ലീഷ് കവിതയ്ക്കു് ഇൻഡോ ആംഗ്ലീഷൻ പൊയടി എന്നു നാമകരണംചെയ്തതു് ബോംബെ ഭാരതീയ വിദ്യാഭവനിലെ പ്രൊഫ. ഭൂഷൺ മുരളീധരൻറെ ദ്വിതീയസമാഹാരമായ "വിരൂപൻറെ പാട്ടു്" ഈ പ്രവണതയെ പ്രതിനിധാനംചെയ്യുന്ന ആരംഭഗീതത്തിലെ "നിരാലംബനഗ്ലഡവിഷാദ മാധുര്യമായ"" എന്ന സത്രുപസൂചന പിന്നിട്ടു് ഞാനെൻറെ നിശ്ചിതത്തിൽ വ്യക്തമായ കയങ്ങളിലൂളിയിട്ടൊരു ദുഃഖമസ്യമായലയുന്ന ഞാനെൻറെ വാനിൽ തിരഞ്ഞിട്ടുന്നേരമിക്കാണാത്ത താരകപ്പെണ്ണിൻ പ്രേമപൂർണ്ണമാം മണിയറ! ഞാനെൻറെ യാത്രതോടിലൊളിപ്പൂ, കാലത്തിനെ ഞാനെൻറെ ചിലന്തിനൂൽവലയിൽക്കുടുക്കുന്നു! എന്നു" "ലയന"ത്തിൽ വികാസംതേടുന്നു. ദുഃഖത്തിൻറെ ഒരു ജപമാണു" "ദീർഘയാത്ര" അവതാരികാകാരനായ

ഐടെക്സ്
സൗന്ദര്യ സാധനങ്ങൾ





EYETEX
REGD.
KAJAL

ARAVIND
LABORATORIES
MADRAS-600 033

AL-MAL 12

ആയിരുന്നു. അദ്ദേഹത്തെപ്പോലെതന്നെ അകാലത്തിലന്തരിച്ച ഉമാമഹേശ്വരനാണ് ഈ രംഗത്ത് നടാടെ ശ്രദ്ധേയനായ കേരളീയൻ. മഹാകവി ജി. യുടെ ആശിസ്സുകളോടെ കാൽവെക്കുന്ന ശ്രീ. വി. എ. മുഹമ്മദ് "എന്റെ എറുമ്പുകവിതകൾ" – my ant poems— എന്ന് പുസ്തകത്തിനു പേരിട്ടിരിക്കുന്നത് ബോധപൂർവ്വമാണ്. ഉള്ളടക്കങ്ങൾ ആകാരത്തിൽ അല്പമാത്രമാണെങ്കിലും അവയ്ക്ക് അർത്ഥസംവഹനശക്തി അനല്പമായുണ്ട്. ദംശനശേഷിയുമുണ്ട്.

legs,
legs of crab
emerged from him
as i went
near him.

എന്നിങ്ങനെ തിളക്കവും മൂർച്ചയുമുള്ള വാക്കുകൾ ധ്വന്യാത്മകമായി പ്രയോഗിക്കാൻ കഴിവുള്ള ശ്രീ. മുഹമ്മദിന് ഇൻഡോ ആംഗ്ളീയൻ പൊയട്രി രംഗത്ത് തനതായ ഒരു വ്യക്തിത്വത്തിന്റെ മുദ്ര പതിക്കാൻ ഇടയാകുമെന്നു പ്രത്യാശിക്കാം.

---

1 പുതിയ സാരഥി — കെ. വി. രാമകൃഷ്ണൻ; പ്രസാധകന്മാർ സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം — വില 3-00

2 വിപ്രലംഭം — ആർ. സനാതനൻ പിള്ള; വിതരണം, നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം — വില 2-50

3 വിരൂപന്റെ പാട്ട് — നെല്ലിക്കൽ മുരളീധരൻ; വിതരണം, നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം — വില 2-00

4 My ant poems — V. A. Mohammed, p. o. chandiroor; price 8-00

—o—

(32-ൽ നിന്നും തുടർച്ച)

ഇനിയും യാത്രയ്ക്കൊരുങ്ങുന്ന മനസ്സ്. കാത്തിരിക്കുന്ന വീട്. പടിത്തൂണിലെ സിംഹങ്ങൾ മയങ്ങിയിരിക്കും.

പോകണമെന്നും പോകാതിരിക്കയും ചെയ്ത സാഹചര്യങ്ങൾ. പുഴക്കരയിലെ പേക്കരുമ്പുകൾ പൂത്തിരിക്കും. പൂക്കളിൽ കാട്ടുചിലന്തികൾ വലവിടുർത്തിയിരിക്കും. വത്സല കാത്തിരുന്ന് കല്ലായിരിക്കും.

അതൊ ദിവാകരനാണൊ കല്ലായത്?

—•—

പന്ത്രണ്ടു്

അമാവാസി

എൻ. കൃഷ്ണൻനായർ

ക്കണ്ണു തുറന്നപ്പോൾ കാറ് പോർട്ടിക്കോയിൽ എത്തിക്കഴിഞ്ഞിരുന്നു. ഓഡർലിയും തോട്ടക്കാരനും എവിടെപ്പോയി? ക്യാമ്പ് ക്ളാർക്കിനെ കൂട്ടിക്കൊണ്ടുപോയിരുന്നില്ലല്ലോ. അയാൾ എവിടെ?

ബിന്ദുമോൾ ഉച്ചത്തിൽ കരയുന്ന ശബ്ദംകേട്ടു. ദേവു ഇല്ലേ?

ക്യാമ്പ് ക്ളർക്ക്, ക്യാമ്പാഫീസിൽനിന്നും സാവധാനം ഇറങ്ങിവന്നു.

"ഗുഡ്മോണിംഗ്, സർ" എന്ന പതിവുള്ള അഭിവാദ്യം ഉണ്ടായില്ല

എന്തു സംഭവിച്ചു?

"സർ, — സർ —"

എന്തോ പന്തികേടുണ്ട്.

"വാട്ട് ഹാപ്പൻറ്; രവീ?"

"സർ, അമ്മ —"

"അമ്മ "

"മരിച്ച് റോഡരുകിൽ കിടക്കുന്നു."

"ങേ?"

അംബാസിഡർ കാറിന്റെ ബോണററിൽ കൈകളമർത്തി, തലതാഴ്ത്തി നിന്നു.

ജില്ലാ പോലീസ് സൂപ്രണ്ട് സംഭവസ്ഥലത്തേക്കു പോയിട്ടുണ്ട്—

കതിരവൻകുന്നിലെ ടി. ബി. യിലേക്ക് ഒരാളെ അയച്ചിട്ടുണ്ട് — കളക്ടരെ വിവരം അറിയിക്കാൻ.

പോലീസ് നായ് തലസ്ഥാനത്തുനിന്നും എത്തിയിട്ടുണ്ടാവണം.

ക്യാമ്പ് ക്ളർക്ക് എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു.

"ഡ്രൈവർ!"

"ഉത്തരവ്!"

കാറു നീങ്ങി. ക്യാമ്പ്ക്ളർക്ക് രവി, ഡ്രൈവറുടെ സമീപം ഇരിപ്പുറപ്പിച്ചു. ഡ്രൈവറുടെ കൈകാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു.

ആക്സിലറേററിൽ അമർത്തി
ചവിട്ടു —
വേഗത്തിൽ, കൂടുതൽ വേഗത്തിൽ—
എവിടെയെങ്കിലും ഇടിച്ചു മറിയട്ടേ —
എനിക്കു മരിക്കണം.
ശരീരം, കഷണങ്ങളായി
നുറുങ്ങിതെറിക്കണം —

അകലെവച്ചുതന്നെ ഒരു ആൾക്കൂട്ടം കണ്ടു. ഹോൺ ഉച്ചത്തിൽ ശബ്ദിച്ചുകൊണ്ടിരുന്നു. ചർച്ചകളിൽ മുഴുകിനിന്നിരുന്ന ആളുകൾ, മനസ്സില്ലാമനസ്സോടെ വഴിമാറിത്തന്നു. എത്ര ബദ്ധപ്പെട്ടാണ്, പോലീസുകാർ ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നത് — തന്റെ കാറ് കണ്ട ഉടൻ സർക്കിൾ ഇൻസ്പെക്ടർ ഓടിവന്നു. സലാംചെയ്തു. പോലീസ് സൂപ്രണ്ട് മുന്നോട്ടുവന്ന്, സമാധാനിപ്പിക്കാനെന്നവണ്ണം തോളിൽ മൃദുവായി തട്ടി. ഇൻക്വസ്റ്റ് കഴിഞ്ഞിരിക്കുന്നു. നഗ്നമായ ശരീരം കട്ടിയുള്ള ഒരു വെളുത്ത തുണികൊണ്ട് മൂടിയിട്ടുണ്ട്. മെടഞ്ഞെടുത്ത ഓലക്കഷണങ്ങളിലാണ്, ശവശരീരം കിടത്തിയിരിക്കുന്നത്. പോലീസ് സൂപ്രണ്ടുതന്നെ ശവശരീരത്തിന്റെ മുഖത്തുനിന്നും തുണി അല്പം മാററി. ഒന്നേ നോക്കിയുള്ളൂ. ശവം തീനി ഉറുമ്പുകളുടെ നീണ്ട നിര — തിരിഞ്ഞു നടന്ന്, ഒരു കസേരയിൽ ഇരുന്നു. കൈകൾകൊണ്ട്, തല താങ്ങി. ആരോടും ഒന്നും സംസാരിക്കാൻ നാവനങ്ങിയില്ല.

"നീങ്ങിനിക്കിനെടാ, അവിടുന്ന് — പറഞ്ഞാൽ കേട്ടില്ലെങ്കിലുണ്ടല്ലോ, ഇടിച്ചു നിന്റെയൊക്കെ —"

മുന്നോട്ടു തള്ളിക്കയറാൻ ശ്രമിച്ച കുറേപ്പേരെ, ഒരു ഹെഡ്കോൺസ്റ്റബിളിന്റെ നേതൃത്വത്തിലുള്ള കുറേ പോലീസുകാർ ലാത്തിചൂഴററി ഓടിച്ചു.

ഇൻക്വസ്റ്റ് റിപ്പോർട്ട്, പോലീസ് സൂപ്രണ്ട് തന്റെനേരേ നീട്ടി, ആകെ ഒ

ന്നു് ഓടി നോക്കി.

"രതി" എന്നു വിളിക്കുന്ന ശ്രീമതി സ്വപ്നാമേനോൻ — വയസ്സു് —

ആരോ കൊലചെയ്തു് അരുവിയുടെ തീരത്തു് ഇട്ടതാണെന്നു് "പഞ്ചായത്തുകാർ" ഏകകണ്ഠമായി അഭിപ്രായപ്പെട്ടുന്നു —

സബ്ബിൻസ്പെക്ടർ ആളുകളെ തള്ളിമാററി മുന്നോട്ടുവന്നു്, ഉപചാരപൂർവ്വം അറിയിച്ചു.

"ആംബുലൻസ് റഡി, സർ—"

പോലീസു് സൂപ്രണ്ടും തന്റെ കൂടെ കാറിൽ കയറി.

"ആശുപത്രിയിലേക്കു വരുന്നോ?"

"ഇല്ല. എന്നെ ബംഗ്ളാവിൽ ഡ്രോപ്പു് ചെയ്തേക്കൂ"

പകുതിയോളം ദൂരം പിന്നിട്ടപ്പോൾ, ആലോചനയിൽ മുഴുകിയിരുന്ന പോലീസ് സൂപ്രണ്ടു്, സ്വഗതമെന്നോണം പറഞ്ഞു:

"ദിസിസ് ഏ ക്ളിയർ കേസ് അഫ് മർഡർ"

ഒന്നും മിണ്ടിയില്ല.

അതു കണ്ടുപിടിക്കാൻ വലിയ കുററാന്വേഷണവൈദഗ്ദ്ധ്യമൊന്നും ആവശ്യമില്ലല്ലോ...

ബംഗ്ളാവിന്റെ മുററത്തു് ആരൊക്കെയോ നിൽക്കുന്നുണ്ടായിരുന്നു. പേഴ്സനൽ അസിസ്റ്റൻറ്, പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന അസിസ്റ്റൻറ് കളക്ടർ കുമാരി സുജയ, ഡിസ്ട്രിക്ററ് സപ്ലൈആഫീസർ...

ആരുടേയും മുഖത്തു നോക്കിയില്ല "ഫാദർ-ഇൻ-ലാ, ഒൻപതുമണിക്കു് ഇങ്ങോട്ടു തിരിച്ചിട്ടുണ്ടെന്നു് ഫോൺഉണ്ടായിരുന്നു"

ആരാണു് അതു പറഞ്ഞതു്? പി. ഏ. ആണോ?

കട്ടിലിൽ പോയി വീണതുമാത്രം ഓർമ്മയുണ്ടു്—

"കൊലപാതകിയായ കളക്ടരെ കഴുവിലേററുക"

ആയിരം കണ്ഠങ്ങൾ അലറിവിളിക്കുന്നു. റോട്ടറിപ്രസ്സിന്റെ അസുഖകരമായ ശബ്ദം. വെള്ളച്ചാട്ടംപോലെ പത്രങ്ങൾ ഒഴുകിക്കൊണ്ടിരിക്കുന്നു. ഒന്നാംപേജിൽ, സ്വപ്നയുടെ നഗ്നമായ മൃതശരീരത്തിന്റെ വലിയ ഫോട്ടോ. സ്വപ്നയുടേയും ബിന്ദുമോളുടേയും തന്റേയും ചെറിയ ഫോട്ടോകൾ വേറേയും—

കളക്ടറുടെ ഭാര്യ കൊല്ലപ്പെട്ടു ചുവന്ന, വലിയ അക്ഷരങ്ങളിൽ തലവാചകം.

സ്വപ്നമായിരുന്നോ?

ഉപബോധമനസ്സിൽ ഊളിയിട്ടുപൊന്തിയ കുററബോധത്തിന്റെ കുമിളകളോ?

സ്വപ്നം, യാഥാർത്ഥ്യമായി വന്നല്ലോ.

ആയാസപ്പെട്ടു് കൺപോളകൾ തുറന്നപ്പോൾ, ഡോക്ടർ ശരത്മോഹനനും ഡി ഐ ജി. സത്യനാഥും ശ്രീധരമേനോനും മുറിയിലുണ്ടെന്നു മനസ്സിലായി. മേനോൻ എന്തോ പറയാൻ ഒരുങ്ങി. വാക്കുകൾ വിമ്മിഷ്ടപ്പെട്ടു വിഴുങ്ങി

നിശ്ശബ്ദത ഭഞ്ജിച്ചതു് ഡോക്ടറായിരുന്നു.

"ഞാൻ ഇറങ്ങട്ടേ ആരും ദയവുചെയ്തു് ശല്യപ്പെടുത്തരുതു്. ലെററ് ഹിം ബ്രീത്സം ഫ്രഷ് എയർ"

ഡി. ഐ ജി. ഒഴികെ മുറിയിലുണ്ടായിരുന്ന മററെല്ലാവരും ഇറങ്ങിപ്പോയി— ശ്രീധരമേനോൻ ഉൾപ്പെടെ.

ശക്തിയായി കറങ്ങിക്കൊണ്ടിരുന്ന സീലിംഗ്ഫാനിൽ തുറിച്ചുനോക്കിക്കൊണ്ടു കിടന്നു. ഉത്സവം കഴിഞ്ഞു് ആളൊഴിഞ്ഞ അമ്പലപ്പറമ്പുപോലെ ശൂന്യമായിരുന്നു, മനസ്സു്—

ഡി. ഐ. ജി. എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു—

"ഇതു് ഒരു കൊലപാതകമാണെന്നു തീർച്ച

വയററിലും ശ്വാസകോശത്തിലുമൊന്നും അരുവിയിലെ വെള്ളം അല്പംപോലും ഉണ്ടായിരുന്നില്ല. "പോസ്റ്റ്മോർട്ടം" നടത്തിയ പോലീസ്സർജ്ജൻ പ്രഫസർ ഗുരുദേവന്റെ അഭിപ്രായത്തിൽ, രാത്രി പതിനൊന്നുമണിക്കും രണ്ടുമണിക്കും ഇടയ്ക്കായിരിക്കണം, കൊല നടന്നതു്. ക്ളബ്ബിലെ ഡിന്നറിനു സർവ്വ്ചെയ്ത ആഹാരം, ദഹിക്കാതെ ആമാശയത്തിലുണ്ടായിരുന്നു മിസ്സിസ് മേനോൻ ധാരാളം മദ്യപിച്ചിരുന്നുവെന്നു തോന്നുന്നു. ഈ കേസ്സു് തെളിയിക്കാൻ ഒട്ടും ബുദ്ധിമുട്ടുണ്ടാവില്ല. കേസന്വേഷിക്കാൻ ഏററവും വിദഗ്ദ്ധരായ അന്വേഷണോദ്യോഗസ്ഥന്മാരെടുന്ന ഒരു സംഘത്തെ അയക്കുന്നുണ്ടെന്നു്, അല്പംമുമ്പു് ഹോംമിനിസ്റ്ററുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു.

ലോക്കൽ പോലീസുദ്യോഗസ്ഥന്മാരെക്കൊണ്ടു് കേസ്സു് അന്വേഷിപ്പിക്കുന്നതു് ശരിയല്ലെന്നാണു് പൊതുവേയുള്ള അഭിപ്രായം..."

കാട്ടുതീപോലെ വാർത്ത നാട്ടുമുഴുവൻ പരന്നു.

അടുത്തദിവസം അസംബ്ളിയിൽ "സ്വപ്നകൊലക്കേസ്സി"നെപ്പററി ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കാൻ പ്രതിപക്ഷം ശ്രമിച്ചു.

"കുററവാളികൾ ആരായിരുന്നാലും ശരി, അവർ ആവുന്നത്രനേരത്തേ കണ്ടുപിടിക്കപ്പെട്ടും."

അഭ്യന്തരവകുപ്പുമന്ത്രി നൽകിയ ഉറപ്പിന്റേയും വിശദീകരണത്തിന്റേയും വെളിച്ചത്തിൽ, സ്പീക്കർ അടിയന്തിരപ്രമേയത്തിനു് അനുമതി നിഷേധിച്ചു. സദ്ഗുണങ്ങളുടെ വിളനിലമായിരുന്നു സുന്ദരിയായ സ്വപ്നയെന്നു് പ്രതിപക്ഷനേതാവു് കണ്ടെത്തിക്കഴിഞ്ഞിരുന്നു. സ്വന്തം ഭാര്യയെപ്പോലും മൃഗീയമായി കൊലചെയ്യാൻ മടിക്കാത്തവരാണു്, ഭരണചക്രം തിരിക്കുന്ന ഉന്നത ഉദ്യോഗസ്ഥന്മാരെന്നു് പ്രതിപക്ഷനേതാവു് ധർമ്മരോഷത്തോടെ പ്രഖ്യാപിച്ചപ്പോൾ, പ്രതിപക്ഷബഞ്ചുകളിൽനിന്നും "ഷെയിം"വിളികൾ മുഴങ്ങി.

കാററു് എങ്ങോട്ടാണു വീശുന്നതു് എന്നതിനെപ്പററി വ്യക്തമായ സൂചന കിട്ടി. പക്ഷേ, അതു ഒരു കൊടുങ്കാററായി ശക്തി പ്രാപിക്കുമെന്നും ആ കൊടുങ്കാററു്, ത

പ്പുമന്ത്രി അസംബ്ലിയിൽ പ്രഖ്യാപിച്ചു

"ശ്രീമതി സപ്ന്നാമേനോന്റെ ഘാതകൻ ഇരുപത്തിനാലു മണിക്കൂറിനകം അറസ്റ്റുചെയ്യപ്പെടും. ബഹുമാനപ്പെട്ട അംഗങ്ങൾ ഇക്കാര്യത്തിൽ ഉൽക്കണ്ഠപ്പെടേണ്ട കാര്യമില്ല. കേസിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ പരസ്യമാക്കുന്നതു് പല കാരണങ്ങൾകൊണ്ടും ശരിയല്ല. കേസന്വേഷണത്തെ അതു പ്രതികൂലമായി ബാധിച്ചേക്കാനും മതിയുണ്ടു്."

മന്ത്രിയുടെ പ്രഖ്യാപനം നീണ്ടുനിന്ന കരഘോഷത്തോടെയാണു്, സഭ സ്വാഗതം ചെയ്തതു്. അടുത്ത പ്രഭാതത്തിനു മുമ്പു് അതു സംഭവിച്ചു. ശ്രീമതി സപ്ന്നാമേനോന്റെ "ഘാതകൻ" അറസ്റ്റുചെയ്യപ്പെട്ട ശ്രീ ദേവരാജമേനോൻ, ഐ. എ. എസ്. കളക്ടേഴ്സ് ബംഗ്ലാവിൽ നിന്നും പോലീസ് സ്റ്റേഷനിലേക്കു്—

(തുടരും)

—o—

വീട്ടിക്കിനുമാത്രമോ ചുവപ്പു്

(24–ൽ നിന്നും തുടർച്ച)

ചെന്നിരുന്നു് വളരെ രഹസ്യമായി ചോദിച്ചു:

"എന്നെ മനസ്സിലായോ?—

ഉടനേ മാണിക്കത്തിന്റെ പ്രതികരണം ഇങ്ങിനെയായിരുന്നു.

"ഇടിയറ."

സുന്ദരേശൻ വളരെ അടക്കത്തിൽ പറഞ്ഞു:

"ജയശ്രീ വന്നിരിക്കുന്നു.—"

"ജയ്. ജയ്." എന്നു് മാണിക്കം രണ്ടു തവണ മന്ത്രിച്ചു.

എനിക്കു് സങ്കടം അടക്കാൻ കഴിഞ്ഞില്ല എങ്കിലും തൊണ്ടയിടറിച്ചു. അപ്പോൾ അവിടേക്കു് ഒരു ഡോക്ടർവന്നു.

"മാണിക്കത്തിനു് സ്വബോധം എപ്പോൾ വീണ്ടുകിട്ടും ഡോക്ടർ?"— സുന്ദരേശൻ ആരാഞ്ഞു.

"വ്യക്തമായി പറയാൻ കഴിയില്ല. മുഖം പെട്ടെന്നു് പെടുന്നു് പിയക്കും. പിന്നീടു് ചില മണിക്കൂറുകൾ ഒരു ശരാശരി മനുഷ്യനെപ്പോലെ പെരുമാറും. രണ്ടു മൂന്നു ദിവസത്തിലൊരിക്കലേ ഇങ്ങനെ സംഭവിക്കുകയുള്ളു."— ഇതും പറഞ്ഞിട്ടു് ഡോക്ടർ പോയി,

ഞങ്ങൾ ആശുപത്രിയുടെ പടിക്കെട്ടുകൾ ഇറങ്ങിപ്പോകുമ്പോൾ, കണ്ണുകൊണ്ടു വന്ന അതേ കോൺസ്റ്റബിൾ ഞങ്ങൾക്കെതിരേവന്നു.

സുന്ദരേശനെ മനസ്സിലാക്കിയ അയാൾ വിളിച്ചു:

"സാർ."

"ശ്—ചുമ്മാതിരിക്കു. നീ എവിടെ പോകുന്നു?"— സുന്ദരേശൻ.

"മാണിക്കം സാറിനെ കാണാൻ വേണ്ടി ഞാൻ പോകുകയാണു്."—അയാൾ.

"വേണ്ട. നീ എന്നോടൊപ്പം വാ."— കോൺസ്റ്റബിളിനേയും ഞങ്ങളോടൊപ്പം കാറിൽ കയറ്റി.

അയാളെ ജോലിക്കു് നിയോഗിച്ചു കഴിഞ്ഞപ്പോഴേക്കും മാണിക്കത്തിന്റെ കാര്യങ്ങൾ അറിയാൻ കഴിയും എന്നതുകൊണ്ടാണു് കൂട്ടിക്കൊണ്ടുപോയതു്.

"മാണിക്കത്തിനു് എപ്പോഴാണു് ഈ അസുഖമുണ്ടായതു്?—" കാറിൽ പോകുമ്പോൾ സുന്ദരേശൻ കോൺസ്റ്റബിളിനോടാരാഞ്ഞു.

"ആറു മാസമായി."

"ബൽറാമിനടിച്ചാൽ ഇങ്ങിനെ വരില്ല. ഇതിനു പിന്നിൽ മറ്റാരെങ്കിലും കാണുമെന്നുണ്ടാകും?— സുന്ദരേശൻ.

"അതെ സാർ." എന്നു പറഞ്ഞുകൊണ്ടു തൊട്ടിപ്പിക്കുന്ന ഒരു സംഭവം കോൺസ്റ്റബിൾ വിശദീകരിച്ചു.

അതു് എന്താണെന്നറിയുമോ സാർ? വിവാഹദിവസം മുതൽ തുടങ്ങിയ ഒത്തൊരുമയായി യാതൊരുവിധ ലൈംഗികബന്ധങ്ങളിലും ഇടപെടാത്ത ജാനകി ഗർഭിണിയാണത്രേ! അതു് മാണിക്കത്തിന്റെ കുഞ്ഞാണെന്നവൾ സ്ഥാപിച്ചത്രേ

(തുടരും)

—വിവ: കടവിൽ ശശി



ആഭാസചിത്രങ്ങൾ വിറ്റുകിട്ടുന്ന ലാഭംകൊണ്ടുമാത്രം അതിന്റെ ഉടമകൾ സംതൃപ്തരാവുന്നില്ല അതിനാൽ വഴിയരികിലുള്ള ബുക്ക്സ്റ്റാളുകളിൽനിന്നും അവ വാടകയ്ക്കു കൊടുക്കപ്പെടുന്നു.

ഒരു സെറ്റു് ചിത്രങ്ങൾ രൊഴ്ച കൈവശം വയ്ക്കണമെങ്കിൽ അഞ്ചുരൂപ കൊടുത്താൽമതി.

നാവികർക്കും സഞ്ചാരികൾക്കും സമ്മാനിക്കപ്പെടുന്ന ക്യാമറകൾ ഓരോന്നിനും ആയിരത്തി ഇരുനൂറുരൂപവരെ വിലവരും. ഒരു ക്യാമറയോടൊപ്പം ഏകദേശം തൊണ്ണൂറു ചിത്രങ്ങൾ ഇന്ത്യയിലേക്കു കള്ളക്കടത്തു നടത്തുന്നതിനാൽ ഈ സമ്മാനം ദാതാക്കൾക്കു് ഒരു നഷ്ടമാവുന്നില്ല ഓരോ സെറ്റു ചിത്രങ്ങളിൽനിന്നും അവയുടെ ആയിരക്കണക്കിനു പ്രതികൾ തയ്യാറാക്കി വില്പനചെയ്യപ്പെടുന്നു. അങ്ങിനെ കിട്ടുന്ന ലാഭത്തിന്റെ വളരെച്ചെറിയ ഒരംശം മാത്രമേ ക്യാമറയുടെ വിലയായി നൽകേണ്ടതുള്ളു

ഇന്ത്യയിലെ മുഖ്യനഗരങ്ങളിൽ ആഴ്ചതോറും വിദേശങ്ങളിൽനിന്നും വരുന്ന ആഭാസചിത്രങ്ങൾ ആയിരക്കണക്കിനു് ഇറക്കുമതിചെയ്യപ്പെടുന്നു. ആശ്യത്തിനു ചിത്രങ്ങളെടുത്തുകഴിഞ്ഞാൽ നെഗറ്റീവു് കാരണവും പത്തുരൂപയിൽ കുറയാത്തുള്ള വിലയ്ക്കു് ഇന്ത്യയുള്ളിലുള്ള മറ്റു പ്രദേശങ്ങളിലെ കച്ചവടക്കാർക്കു വില്പനചെയ്യുന്നു

ഈ ആഭാസചിത്രങ്ങൾ വരുന്നതു് ഹോങ്കോംഗ്, ജപ്പാൻ, പേർട്ടു് സെയ്ദ്, ടാൻഗാർ, മാഴ്സിലെസ്, ലണ്ടൻ, കോപ്പൻഹേഗൻ, സ്റ്റോക്ക് ഹോം, ഹാംബർഗ്, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിൽനിന്നും "വിപുലവും വിചിത്രവുമായ ഈ ലോകത്തിലെ മറ്റു "ഫൺ — സ്പോട്ട"കളിൽ (fun — spot) നിന്നുമാണു്.

ഇത്തരം ചിത്രങ്ങളെടുക്കാൻവേണ്ടി നിന്നുകൊടുക്കുന്നവർ ആരാണെന്നറിയാമോ? അവർ സ്ഥിരപ്രതിഷ്ഠം നേടിയിട്ടുള്ള പ്രൊഫഷനൽ വേശ്യകളല്ല. ചുറ്റിക്കറങ്ങിനടക്കുന്ന ഹിപ്പിണികളും നിർത്തകരും അതുപോലെയുള്ളവരുമാണു്. നിർമ്മാതാക്കൾ അവരുടെ ചിത്രങ്ങൾ സ്വന്തം നാട്ടിൽ പ്രദർശിപ്പിക്കുകയില്ലെന്നും വിദേശങ്ങളിലേക്കു കയറ്റുമതിചെയ്യുകയേ ചെയ്യുകയുള്ളുവെന്നും ഉറപ്പുകൊടുക്കുന്നു.

ശ്രീലങ്കയിലുള്ള എന്റെ സഞ്ചാരത്തിനിടയിൽ വിദേശസഞ്ചാരികളുടെ പ്രധാനാകർഷണം ആഭാസചിത്രങ്ങളുടെ വ്യാപനമായിരുന്നു. ഏറ്റവും സുഷുപ്തിയാസകരമായ സുന്ദരികളെ എനിക്കു സമ്മാനിക്കുന്ന ഹിപ്പിണികളും നിർത്തകരും അതുപോലെയുള്ളവരുമാണു്. നിർമ്മാതാക്കൾ അവരുടെ ചിത്രങ്ങൾ സ്വന്തം നാട്ടിൽ പ്രദർശിപ്പിക്കുകയില്ലെന്നും വിദേശങ്ങളിലേക്കു കയറ്റുമതിചെയ്യുകയേ ചെയ്യുകയുള്ളുവെന്നും ഉറപ്പുകൊടുക്കുന്നു.

ശ്രീലങ്കയിലുള്ള എന്റെ സഞ്ചാരത്തിനിടയിൽ വിദേശസഞ്ചാരികളുടെ പ്രധാനാകർഷണം ആഭാസചിത്രങ്ങളുടെ വ്യാപനമായിരുന്നു. ഏറ്റവും സുഷുപ്തിയാസകരമായ സുന്ദരികളെ എനിക്കു സമ്മാനിക്കുന്ന

കൊളാബാവാല

ഫലശയനത്തിനു കൂട്ടിരിക്കാൻവന്നതാണെന്നു പറഞ്ഞിട്ടുണ്ടു്. ഏറ്റവും വലിയ തമാശ ഒരു പൈസപോലും ഞാൻ ചെലവഴിക്കേണ്ടതില്ലെന്നുള്ളതാണു്. മാത്രമല്ല, ഒരു ചെറിയ തുക പ്രതിഫലമായി എനിക്കു ലഭിക്കുകയും ചെയ്യും. എന്നിരുന്നാലും അതിനു രണ്ടു വ്യവസ്ഥകളുണ്ടായിരുന്നു. ഞങ്ങളുടെ സംയോഗാവസരത്തിൽ ഫോട്ടോഗ്രാഫർ കൂടിയുണ്ടായിരിക്കണമെന്നും അയാൾ സജീവരതിചിത്രങ്ങൾ എടു

വിവർത്തകൻ

എം. ജി. കെ. നായർ

ക്കമെന്നുള്ളതുമാണ് ആ രണ്ടു വ്യവസ്ഥകൾ.

ഇഷ്ടമുള്ള യുവതികളെ സ്വയം തെരഞ്ഞെടുക്കുന്നതാണ് എനിക്കിഷ്ടം അതിനാൽ ഈ നിർദ്ദേശം ഞാൻ നിരസിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

അശ്ലീലപ്രസിദ്ധീകരണങ്ങളും ചിത്രങ്ങളും മററും ലോകത്തിൻെറ എല്ലാ ഭാഗത്തേക്കും തപാൽവഴി അയച്ചുകൊടുക്കുന്ന ഒരു സ്ഥാപനം ഡന്മാർക്കിലെ കോപ്പൻ ഹേഗനിലുള്ളതായി പൊലീസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഈ "ക്ളബ്ബിൻെറ" ഉപജ്ഞാതാക്കൾ ചില ഇംഗ്ളീഷുകാരും അമേരിക്കക്കാരുമാണത്രേ. ഇതിൻെറ ഒരു ശാഖ ഇംഗ്ളണ്ടിലെ മിഡിൽ സെക്സിലും (Middlesex) ഉണ്ടായിരുന്നു. ക്ളബ്ബിൻെറ പ്രവർത്തനരീതി അനിതരസാധാരണമാണ്. ലോകത്തെങ്ങുമുള്ള ക്ളബ്ബംഗങ്ങൾക്ക് കള്ളപ്പേരിൽ അശ്ലീല സാധനസാമഗ്രികൾ അവർ പോസ്റ്റുവഴി അയച്ചുകൊടുക്കുന്നു. നിയമത്തിൻെറ പിടിയിൽ പെടാതിരിക്കാനും വരിക്കാരെ നിയമനടപടികളിൽനിന്നും രക്ഷിക്കാനും ഈ രീതി സഹായകരമാണ്.

ബഹുദശലക്ഷക്കണക്കിനു രൂപയുടെ ഒരു വൻവ്യവസായമായി ഇന്ന് അശ്ലീലവ്യാപാരം വളർന്നിരിക്കുന്നു. പാപവ്യാപാരികൾ അതു സാദ്ധ്യമാക്കിത്തീർത്തിരിക്കുന്നു.

എവിടെ അന്വേഷിക്കണമെന്നറിയാമെങ്കിൽ ആർക്കും ഇഷ്ടംപോലെ അശ്ലീലസാധനങ്ങൾ വാങ്ങാൻ സാധിക്കും— ഇന്ത്യൻ ലൈംഗികചരിത്രസാമ്രാജ്യം മുഴുവൻ കൈയടക്കാം. ബോംബെയിൽ സെക്സ് ജീവദാതാവാണ്— ഒരു ശക്തിയെന്ന നിലയിൽ, കലയെന്ന നിലയിൽ അതൊരു പഴയ, വളരെ പഴയ, കഥയാണ്. പ്രാചീനഭാരതത്തിൽ പരിശീലിച്ചുപോന്നതും ഇന്നു പരിശീലിക്കുന്നതുമായ സെക്സിൻെറ വിവിധരൂപങ്ങൾ കല്ലിലും ഓടിലും തടിയിലും ദന്തത്തിലും നിർമ്മിച്ചിട്ടുള്ളതും വൃത്തികെട്ട ചിത്രങ്ങളായും നിങ്ങൾക്കു ലഭിക്കുന്നു.

നല്ലൊരു പശ്ചാത്തലമുണ്ടെങ്കിലും കല കലയെന്ന നിലയിൽ കൊണ്ടുനടക്കുന്നവർക്ക് ഇന്ത്യയിൽ വലുതായൊന്നും കിട്ടുന്നില്ല. അനേകം കലാകാരന്മാർക്കു നിത്യവൃത്തികഴിക്കുവാൻപോലും നിർവ്വാഹമില്ലാത്ത അവസ്ഥയാണുള്ളത്. അതിനാൽവിദേശത്തു നല്ല ഡിമാൻഡുള്ളതിനാൽ പലരും മുഗൾസ്റ്റൈലിലും രാജസ്ഥാൻസ്റ്റൈലിലും പോസ്റ്റുകാർഡുകൾ പെയിൻറുചെയ്യാൻ ഒരുമ്പെടുന്നതിൽ അത്ഭുതത്തിനവകാശമില്ല.

കൈകൊണ്ടു വരച്ചെടുക്കുന്ന ഒരു പോസ്റ്റുകാർഡിന് വെറും പത്തുരൂപ മാത്രമേ വിലയുള്ളു. വാത്സ്യായനവിധിപ്രകാരമുള്ള അറുപത്തിനാലു "കല"കളും ഒന്നിച്ചു വാങ്ങാൻ ഒരാൾ തയ്യാറായാൽ വില വീണ്ടും കുറയും.

ഇതിൽനിന്നെല്ലാം വിഭിന്നമായ രുചികളുള്ളവർക്കുവേണ്ടി ഡൻമ്മാർക്കിലും സ്വീഡനിലും ലൈംഗികകാര്യങ്ങളിൽ യാതൊരു വിലക്കുമില്ലാത്ത മററു രാജ്യങ്ങളിലും അച്ചടിച്ചിട്ടുള്ള "വിചിത്ര" മാഗസിനുകൾ ലഭിക്കും. മാഗസിൻെറ മേന്മയും ഡിമാൻഡുമനുസരിച്ച് നാല്പതുരൂപ മുതൽ

ഇാലിം ലോഷൻ
ചൊറിപ്പിലിനും
പുഴക്കടിക്കും
ഒരുപുതിയ ഔഷധം
Oriental Chemical Works, RAO (Indore)

എൺപതുരൂപവരെ ഓരോന്നിനും വില കൊടുക്കണം.

നിംഫോമാനിയ, ഫെററിഷിസം, എക്സിബിഷനിസം, മാസ്സോക്കിസം, ട്രാൻസ്വെസ്റ്റിസം തുടങ്ങിയവയെപ്പററി അറിയണമെന്നുള്ളവർക്ക് ഹാർഡുകവറിലും സോഫ്ററ്കവറിലുമുള്ള പുസ്തകങ്ങൾ ഇഷ്ടംപോലെ കിട്ടും.

ഒന്നാന്തരം ബുക്ക്സ്റ്റാളുകളും നടപ്പാതകളിൽവച്ചു വില്പനനടത്തുന്ന പുസ്തകസ്റ്റാളുകളും ഇന്ത്യൻപ്രേമശാസ്ത്രത്തെപ്പററിയുള്ള ക്ളാസ്സിക്കുകൾ പ്രത്യേകമായി ശേഖരിച്ചു വിൽക്കുന്നവയാണ്. വിദേശിയർ അവയെ കാമത്തിൻെറ പുസ്തകങ്ങളെന്നാണു വിളിക്കുന്നത്.

എ ഡി. നാനൂറാമാണ്ടിൽ എഴുതപ്പെട്ട "സംഭോഗരീതികളെപ്പററിയും സംഭോഗത്തെപ്പററിയും ഉള്ള ഗ്രന്ഥമായ "കാമസൂത്രം" അനേകം പുസ്തകക്കടകളിൽ വില്ക്കപ്പെടുന്നു. രതിരഹസ്യം ഈശ്വരൻെറ ഭാര്യ, കാമദേവൻെറ അരങ്ങ്, പെർഫ്യൂം ഗാർഡൻ എന്നിവയോടൊപ്പം ഏററവും വിഷയാസക്തജന്യങ്ങളായ "ഹേരം—ജാമാസ്", "സ്വിംഗേഴ്സ്", തുടങ്ങിയ ഗ്രന്ഥങ്ങളും ബൈറൻപ്രഭു എഴുതിയതെന്നു പറയപ്പെടുന്ന അശ്ലീലകൃതികളും അതുപോലെയുള്ള വേറെ നൂറായിരം ഗ്രന്ഥങ്ങളും അവിടെ വാങ്ങാൻ കിട്ടും.

ഈ പുസ്തകങ്ങളിൽ ഭൂരിഭാഗവും പുസ്തകക്കച്ചവടക്കാർതന്നെ തിരിച്ചെടുത്തുകൊള്ളും. പക്ഷെ, വില പണമായി ലഭിക്കുകയില്ല വേറെ പുസ്തകങ്ങൾ വാങ്ങിക്കൊള്ളണം. മിക്കവാറും എല്ലാ രാജ്യങ്ങളിലും ഇരുപത്തിയൊന്നുവയസ്സു പൂർത്തിയായവർക്കു മാത്രമേ അശ്ലീലഗ്രന്ഥങ്ങൾ വാങ്ങാൻ അനുവാദമുള്ളു. എന്നാൽ ഇന്ത്യയിൽ അങ്ങിനെയല്ല. ലൈംഗികകാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യം സ്വതന്ത്രമാണ് അതിനാൽ സ്കൂൾ കുട്ടികൾക്കുപോലും അശ്ലീല ഗ്രന്ഥങ്ങൾ എവിടെനിന്നു വേണമെങ്കിലും വാങ്ങിക്കാം

ലൈംഗികകഥകളുള്ള മാഗസിനുകൾ ഇംഗ്ളീഷിൽ മാത്രമല്ല, ഹിന്ദി, മറാത്തി ഗുജറാത്തി എന്നീ ഭാഷകളിലും മററുപല പ്രാദേശികഭാഷകളിലും ഇവിടെ പ്രസിദ്ധീകരിക്കപ്പെടുന്നു. ഇവയിൽ ഭൂരിഭാഗവും അച്ചടിക്കപ്പെടുന്നത് ഡൽഹി, ബോംബെ, അഹമ്മദാബാദ്, പൂനാ തുടങ്ങിയ സ്ഥലങ്ങളിലാണ്.

കഠിനമായ ലൈംഗികസാഹിത്യമുൾക്കൊള്ളുന്ന "സെക്സി"യും "ഗേളി"യുമായ [sexy and girlie] മാഗസിനുകളുടെ പ്രചാരം ഏററവുമധികമുള്ളത് ഗുജറാത്തിലാണ്. മൂന്നുരൂപമുതൽ പന്ത്രണ്ടു രൂപവരെ കൊടുത്താൽ ഇംഗ്ളീഷിലും ഹിന്ദിയിലും മറാത്തിയിലും ഗുജറാത്തിയിലുമുള്ള ലോകലൈംഗികസാഹിത്യം മുഴുവൻ വിലയ്ക്കുവാങ്ങാം. ഇന്ത്യയിൽ അച്ചടിച്ചതാണെന്ന വ്യത്യാസമേയുള്ളു.

ലൈംഗികഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും സ്റ്റേപ്പിൾ (staple) ചെയ്തിരിക്കും. അതിനാൽ വിലകൊടുത്തു വാങ്ങിയാലല്ലാതെ അവ തുറന്നുനോക്കാൻ സാദ്ധ്യമല്ല വഴിയരികിൽത്തന്നെ നിന്നു ചക്കാത്തിനു വായിച്ചു രസിച്ചിട്ടു പോകുന്ന വിദ്വാന്മാരെ ഒഴിവാക്കാനാണിത്.

മറാത്തി ലൈംഗികസാഹിത്യവ്യവസായം ബോംബെയിലും പൂനയിലുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഗുജറാത്തിയിലുള്ളതിൻെറ കേന്ദ്രങ്ങൾ ബോംബെയും അഹമ്മദാബാദുമാണ്: ഹിന്ദിയും ഉർദ്ദുവും ഭാഷകളിലുള്ളത് ബോംബെ, അഹമ്മദാബാദ്, ഡൽഹി, ജലന്ധർ, ലൂധിയാന, സാരംഗ്പൂർ എന്നിവിടങ്ങളിൽ വ്യാപിച്ചുകിടക്കുന്നു. ആംഗലലൈംഗികസാഹിത്യ വില്പന ഇന്ത്യയിലാകമാനമുണ്ട്. എന്നാൽ പ്രധാനകേന്ദ്രങ്ങൾ ബോംബെ, ഡൽഹി, അബുറോഡ്, പൂന എന്നിവയാണ്.

(തുടരും)

ഈനായ്ക്കളുടെ ലോകം

(15-ൽ നിന്നും തുടർച്ച)

നാണിച്ചു. അവൾ കണ്ണുകൾ ചിമ്മി നോട്ടം പിൻവലിച്ചു

റോയൽ സല്യൂട്ടിൻെറ മലവെള്ളപ്പാച്ചിലിൽ കട പുഴകിവീണ വൃക്ഷങ്ങൾ പോലെ ഒഴുകുകയായിരുന്നു സിംഹങ്ങളൊക്കെ. തൻെറ ഭർത്താവ് വല്ലാതെ കഴഞ്ഞിരിക്കുന്നുവെന്ന് ഗിരിജ മനസ്സിലാക്കി അയാൾ പലതവണ അവളുടെ മേലേക്കു ചായുകകൂടി ചെയ്തു. പലതവണ

അവൾക്ക് മിസ്റ്റർ മേനോനെ ശബ്ദമടക്കി ശാസിക്കേണ്ടിവന്നു

പുരുഷന്മാരിൽ പിള്ള ഒഴിച്ച് എല്ലാവരും കുടിച്ചു പൂസായിരുന്നു പിള്ള രണ്ടു സുന്ദരിമാക്ക് നടുവിൽ തന്റെ വെള്ളക്കാലുറകളിലും വെള്ള ബുഷ്ഷർട്ടിലും സുഭഗനും ലളിത വേഷധാരിയുമായ ഒരു ഗ്ളാമർ താരത്തെപ്പോലെ ഇരുന്നു. ചുണ്ടത്ത് വശീകരണമന്ത്രമുരുവിടുന്ന ആ പുഞ്ചിരിയുമായി. ഗിരിജയ്ക്ക് അയാളുടെ മുഖം ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. ചുരുണ്ട, അഴകുള്ള കറുത്ത മുടി തിങ്ങിയ കറുത്ത പുരികക്കൊടികൾ. അവയ്ക്കു ചുവട്ടിൽ, തീക്ഷ്ണമായി പ്രകാശിക്കുന്ന, കറുത്ത കണ്ണുകൾ വടിവൊത്ത മൂക്ക്, നേർത്ത മീശ ലേശം തടിച്ച, മൃദുവായ ചുണ്ടുകൾ. അനുഗൃഹീതമായ മുഖം, ഗിരിജ ഓർത്തു. ആ രാത്രിക്കുവേണ്ടി അയാൾ ആർഭാടപൂർവ്വം അണിഞ്ഞൊരുങ്ങുമെന്നാണ് ഗിരിജ കരുതിയിരുന്നത്. ഒന്നുമുണ്ടായില്ല. പിള്ള വെള്ളക്കാലുറകളും വെള്ള ബുഷ്ഷർട്ടും കറുത്ത ഷൂസും ധരിച്ചിരുന്നു. ഒരു റിസ്റ്റ്‌വാച്ചും ഒരു മോതിരവും അല്ലാതെ മറ്റ് ആഭരണങ്ങളൊന്നും അയാൾ അണിഞ്ഞിരുന്നില്ല. എന്നിട്ടും കൂട്ടത്തിൽ ഏറ്റവും സുഭഗനും അയാൾതന്നെ ആയിരുന്നു. ആ ലളിതമായ വേഷവിധാനത്തിന്ന് അതിന്റേതായ, ഒറ്റപ്പെട്ട ഭംഗിയുണ്ടെന്ന് ഗിരിജയ്ക്കുതോന്നി. മറ്റു പുരുഷന്മാരൊക്കെ വസ്ത്രധാരണത്തിൽ വളരെയധികം ശ്രദ്ധ പതിപ്പിച്ചിരുന്നു. അവർ അവരുടെ ഏറ്റവും വിലപിടിച്ച സൂട്ടുകൾ അണിഞ്ഞിരുന്നു. ടൈയുടെ നോട്ട് ശരിയാക്കാൻ മണിക്കൂറുകൾ ചെലവഴിച്ചിരുന്നു അതിലേറെസമയം ചെലവഴിച്ച് നരച്ച മുടിചായം തേച്ചു കറുപ്പിക്കുകയും നരച്ച മീശകൾ കത്രിച്ചുകളയുകയും ചെയ്തിരുന്നു ഗിരിജയ്ക്കു പെട്ടെന്ന്, അവളുടെ ഭർത്താവ് ഉൾപ്പെടെയുള്ള മറ്റു സിംഹങ്ങളോട് പുച്ഛംതോന്നി. അവൾ ഉള്ളിൽ പറഞ്ഞു: പൊന്നിൻകടത്തിന്നു പൊട്ടെന്തിന്?

പൊന്നിൻകടം അപ്പോഴും പൊന്നിന്റെ ചിരിയുമായി നിശ്ശബ്ദനായി ഇരിക്കുകയായിരുന്നു. ഈ വിഭവസമൃദ്ധമായ സല്ക്കാരത്തിന്റെ ആതിഥേയനാണെന്നു പോലും തോന്നുമായിരുന്നില്ല അയാളെ കണ്ടാൽ.

ആ വിരുന്നിന്റെ വിഭവസമൃദ്ധിയെക്കുറിച്ച് വീണ്ടും ഗിരിജ ഓർത്തുപോയി. ഇത്രയും സിംഹങ്ങളും സിംഹികളും കൂടി ആവുന്നത്ര ശ്രമിച്ചിട്ടും തിന്നുതീർക്കാൻ കഴിഞ്ഞില്ല. ഇനിയും മേശമേൽ പകുതിയിലേറെ വിഭവങ്ങൾ ബാക്കിയാണ്. അതും എത്ര രുചികരമായ വിഭവങ്ങൾ തനിക്കു പേരറിഞ്ഞുകൂടാത്ത പല സ്പെഷ്യൽ വിഭവങ്ങളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നുവെന്ന് തെല്ലൊരു അപകർഷതാബോധത്തോടെ ഗിരിജ ഓർത്തു. എന്നാലും, ഇത്ര വിഭവസമൃദ്ധമായൊരു സദ്യ ഒരുക്കാൻ, അനന്തമോഹനഷേണായി പറഞ്ഞതുപോലെ, പിള്ളയ്ക്കേ കഴിയൂ. നഗരത്തിലെ ഒരുമാതിരിപ്പെട്ട എല്ലാ പണക്കാരുടെയും വിരുന്നുസല്ക്കാരങ്ങളിൽ പങ്കെടുത്തിട്ടുള്ളവളാണ് ഗിരിജ ഏറ്റവും മുന്തിയ പണക്കാരുടെ വീട്ടിലെ കല്യാണസദ്യകൾക്കുപോലും ഈ പ്രതാപം കണ്ടിട്ടില്ല. എറണാകുളത്തെ ഏതോ വലിയ ഹോട്ടലിൽനിന്നു പ്രത്യേകം വരുത്തിച്ചതാണത്രേ. ആളൊന്നുക്ക് അമ്പതുറുപ്പികയിലേറെയാണ് ചാർജ്ജ് ചെയ്തിരിക്കുന്നതെന്ന് ആരോ പറഞ്ഞുകേട്ടു. ഇങ്ങനെ നിർല്ലോഭം പണം വാരി എറിയാൻ മറ്റാരു തയ്യാറാവും എന്ന് ഗിരിജ സ്വയം ചോദിച്ചു ആരും തയ്യാറാവില്ലെന്ന് അവൾ തന്നെ മറുപടിയും പറഞ്ഞു.

ഇതേ ചോദ്യം തന്നെ സ്വയം ചോദിച്ച് ഇതേ മറുപടിതന്നെ സ്വയം പറയുകയായിരുന്നു ഈ നേരത്ത് തങ്കമ്മഫിലിപ്പും. അവിടെയിരുന്ന ഏതാണ്ട് എല്ലാവരും ഇക്കാര്യം തന്നെ മനസ്സിൽ ചർച്ച ചെയ്യുകയായിരുന്നു.

വിരുന്നു കഴിഞ്ഞപ്പോൾ പാതിരാ കഴിഞ്ഞു. സിംഹങ്ങൾ കുടിച്ചു കുഴഞ്ഞിരുന്നതിനാൽ മിക്കവാറും കാറുകളുടെ സ്റ്റീറിംഗിനു പിന്നിൽ കടന്നുകൂടിയത് സിംഹികളായിരുന്നു. ഓരോ കാറിനും അടുത്തുചെന്ന് പിള്ള ഉപചാരപൂർവ്വം യാത്രപറഞ്ഞു

ഏറ്റവും ഒടുവിൽ പോകാൻ കാത്തുനില്ക്കുകയായിരുന്നു തങ്കമ്മയും ഗിരിജയും. ഇരുവരുടേയും ഉള്ളിൽ കടുത്ത മത്സരബുദ്ധി ആയിരുന്നു. ഒടുവിൽ ഗിരിജയ്ക്കുതോല്ക്കേണ്ടിവന്നു.

മേനോൻ പറഞ്ഞു: "കമോൺ ഡിർലിങ്"

പിള്ള അവരുടെ ചെറിയ ഫിയറ്റ് കാറിനടുത്തേക്കു നടന്നുചെന്നു അയാൾ അവക്കു ഹസ്തദാനം ചെയ്തു.

ഗുഡ്നൈറ്റ് പറഞ്ഞ ശബ്ദം ആവുന്നത്ര ആകർഷകമാക്കാനും അതു പറഞ്ഞ നിമിഷത്തിൽതന്നെ പിള്ളയുടെ കൈപ്പടം സ്വന്തം കൈയിൽ ബലമായി അമർത്താനും ഗിരിജ പ്രത്യേകം ശ്രദ്ധിച്ചു.

ഗിരിജയുടെ കാറു നീങ്ങിക്കഴിഞ്ഞപ്പോൾ തന്റെ ഹരിത സൗന്ദര്യത്തിന്മേൽ മന്ദഹാസത്തിന്റെ ഒരു പുഷ്പംകൂടി ചൂടിക്കൊണ്ട് തങ്കമ്മഫിലിപ്പ് പിള്ളയുടെ അടുത്തേക്കു നീങ്ങി. അവളുടെ ഭർത്താവ് ബാത്റൂമിൽനിന്ന് ഛർദ്ദിക്കുകയായിരുന്നു.

"എത്രനാളായി ഞങ്ങൾ ക്ഷണിക്കുന്നു?" തങ്കമ്മ തന്റെ ഏറ്റവും മധുരമായ ശബ്ദത്തിൽ കൊഞ്ചിപ്പറഞ്ഞു: "ഇതുവരെ വീട്ടിലേക്ക് ഒന്നു വന്നില്ലല്ലോ."

അവളുടെ സാരി പിള്ളയുടെ കൈകളിൽ ഉരസുന്നുണ്ടായിരുന്നു

"വെരി സോറി മിസ്സിസ്സ് ഫിലിപ്പ്". പിള്ള മൃദുവായി പറഞ്ഞു. "ഞാൻ വല്ലാത്ത തിരക്കിലായിരുന്നു. ഒരിക്കൽ വരാം"

"എന്റെ പേര് തങ്കം എന്നാണ്." തങ്കമ്മ കണ്ണുങ്ങി, കൊഞ്ചി, മൊഴിഞ്ഞു.

"മിസ്റ്റർ ഫിലിപ്പ് എവിടെ?" ചുറ്റിലും നോക്കിക്കൊണ്ടു പിള്ള ചോദിച്ചു.

"ബാത്റൂമിൽ" അയാൾവിഷയംമാറ്റിയതിലുളവായ നിരാശത തങ്കമ്മയുടെ ശബ്ദത്തിൽ പ്രകടമായിരുന്നു.

ആവശ്യമുണ്ട്

തേക്ക് ഈട്ടിത്തടികളിൽ ആന തുടങ്ങിയ Handicrafts അടുത്ത ഒരു വർഷത്തേക്ക് മാസം ശരാശരി നൂറ് എണ്ണംവീതം. താല്പര്യമുള്ളവർ നിരക്കുകൾ സഹിതം ഇംഗ്ളീഷിലോ മലയാളത്തിലോ എഴുതുക.

GEORGE J. HERUP, 282, HEBERLE ROAD,
ROCHESTER, N. Y. 14609 U. S A

കേരള
ദിനേശ് ബീഡി
കണ്ണൂർ

"മോഹൻ!" പിള്ള ഡ്രൈവറെ വിളിച്ചു. "അകത്തുപോയി ഫിലിപ്പ്സാറിനെ വിളിച്ചുകൊണ്ടുവരൂ"

മോഹൻ പോയപ്പോൾ തങ്കമ്മയ്ക്കു സന്തോഷമായി. പാതിരാവിന്റെ മങ്ങിയ നിലാവിനു ചുവട്ടിൽ, അവളും പിള്ളയും മാത്രമായിരുന്നു. പിള്ളയുടെ ബെൻസ് കാറിൽ ചാരിനിന്ന അവൾ അയാളോടു ചേർന്നമർന്നു. അയാളുടെ കൈത്തലം കൈയിലെടുത്തു. വർദ്ധമാനമായ വികാരവായ്പ്പോടെ, അതിരുകടന്ന അടുപ്പത്തിന്റെ ശബ്ദത്തിൽ, നിർബ്ബന്ധപൂർവ്വം അവൾ പറഞ്ഞു. "പറയൂ എന്നുവരും?"

അവളുടെ പിടുത്തത്തിൽനിന്ന് സ്വന്തം കൈ മൃദുവായി മോചിപ്പിച്ചിട്ടുകൊണ്ട് പിള്ള ചിരിച്ചു അയാൾ പറഞ്ഞു: "ഒരിക്കൽ വരാം."

അയാൾ തിരിഞ്ഞുനോക്കിയിട്ട് കൂട്ടിച്ചേർത്തു. "അതാ, അവർ വന്നുകഴിഞ്ഞു"

കുടിച്ചുകുഴഞ്ഞ ഫിലിപ്പിനെ താങ്ങിക്കൊണ്ട് മോഹൻ ക്ളബ്ബിന്റെ വാതിൽ കടന്ന് മുററത്തെനിലാവിലേക്ക് ഇറങ്ങി വന്നു.

"വല്ലാതെ കുഴഞ്ഞിരിക്കുന്നു." തങ്കമ്മ പറഞ്ഞു. "ഇനി എങ്ങനെ വണ്ടി ഓടിക്കും?."

"ഡ്രൈവിങ് അറിയില്ലേ?" പിള്ള തങ്കമ്മയോടു ചോദിച്ചു

"ഉവ്വ്. പക്ഷെ..."

"ഐ ക്യാൻ ഡ്രൈവ്..." ഫിലിപ്പ് കുഴഞ്ഞശബ്ദത്തിൽ വിളിച്ചുപറഞ്ഞു: "ഗുഡ്നൈററ് മിസ്റ്റർ പിള്ളേ കമോൺ തങ്കം."

അയാൾ വല്ലാതെ ആടുന്നുണ്ടായിരുന്നു

"ഞാനോടിക്കാം." തങ്കമ്മ പറഞ്ഞു.

"അതാണു ഭേദം." പിള്ള യോജിച്ചു.

"ഓ കേ, ദെൻ" ഫിലിപ്പ് സമ്മതിച്ചു.

പിള്ളയുടെ സഹായത്തോടെയാണ് അയാൾ വേച്ച് വേച്ച് കാറിനുള്ളിൽ കടന്നതു്.

"ഗുഡ്നൈററ്." തങ്കമ്മ കാറിലിരുന്ന് കൈവീശി ഒരുചുംബനം എറിഞ്ഞു

"ഗുഡ്നൈററ്." പിള്ള ചിരിച്ചു.

(തുടരും)

—o—

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

• മലയാളഭാഷയിലുണ്ടായ ക്ഷുദ്രമായ ഒരു ചെറുകഥയെക്കുറിച്ച് പ്രതികൂലമായി ചിലതൊക്കെ പറഞ്ഞിട്ട്നിങ്ങൾ ഉടനെ പാശ്ചാത്യ സാഹിത്യത്തിലെ ഏതെങ്കിലും ഒരു കഥാരത്നത്തിന്റെ മഹനീയത എടുത്തുകാണിക്കുന്നു. മലയാളകഥ പടിഞ്ഞാറൻ കഥപോലെയിരിക്കുന്നില്ലെന്നു പുച്ഛിച്ച് എഴുതുകയുംചെയ്യുന്നു. ഇതു ബുദ്ധിശൂന്യതയല്ലേ? ഇതു് അറിവില്ലായ്മയല്ലേ " ഏതാണ്ട് ഇതിനു സദൃശമായ ഒരു കത്ത് എനിക്ക് അടുത്തകാലത്ത് കിട്ടുകയുണ്ടായി മുൻപും ഇതുപോലുള്ള എഴുത്തുകൾ ലഭിച്ചിട്ടുണ്ട്. "സാഹിത്യവാരഫലം" എന്ന പേരിലുള്ള ഈ ലേഖനങ്ങളുടെ നിലനില്പ് ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കുന്ന പ്രിയപ്പെട്ട വായനക്കാരുടെ ഔദാര്യത്തെ ആശ്രയിച്ചിരിക്കുന്നു. അവർ ഞാനെഴുതുന്നതു് വായിക്കുന്നു. അതുകൊണ്ടു ചോദ്യങ്ങൾ അയയ്ക്കുന്നു. അവർ വായിച്ചില്ലെങ്കിൽ എന്റെ ലേഖനങ്ങൾ വ്യർത്ഥരചനകളായിപ്പോകും. അക്കാരണത്താൽ ദേഷ്യപ്പെട്ട് ചോദ്യങ്ങൾ ചോദിക്കുന്നവരോടും എനിക്ക് നന്ദിയുണ്ട്. ഈ കൃതജ്ഞതാപ്രകാശനത്തോടെ ഞാൻ മറുപടി നൽകാൻ ശ്രമിക്കട്ടെ കലയും കലാസൃഷ്ടികളും കലാസിദ്ധാന്തങ്ങളും രാജ്യം മാറുന്തോറും മാറിക്കൊണ്ടിരിക്കുന്നില്ല. കല ഒന്നേയുള്ളു. ആവിഷ്കരണോപാധികൾമാത്രം വിഭിന്നങ്ങൾ കലാസിദ്ധാന്തങ്ങളുടേയും അവസ്ഥ അതുതന്നെ. ഭാരതീയന്റെ "വിശ്രാന്തി"യും അരിസ്റ്റോട്ടലിന്റെ "കഥാർസിസ്സും" ക്രോച്ചെയുടെ "അനുധ്യാനത്തിന്റെ പ്രശാന്താവസ്ഥ"യും ഒന്നാണ്. നമ്മുടെ "വിഭാവ"വും ററി. എസ്. എല്യററിന്റെ "ഒബ്ജക്ററീവ് കോറിലേററി"വും തമ്മിൽ വലിയ വ്യത്യാസമില്ല മരണത്തെക്കുറിച്ച് മതേർലങ് (മെയ്ററർലിങ്ക്) എഴുതിയ നാടകങ്ങളും ടാഗോറിന്റെ പോസ്റ്റാഫീസ് തുടങ്ങിയ നാടകങ്ങളും കലാത്മകത്വത്തിന്റെകാര്യത്തിൽ സദൃശങ്ങളത്രേ. [ചിലപ്പോൾ ഭാരതത്തിലെ കൃതികൾ പാശ്ചാത്യസാഹിത്യത്തിലെ കൃതികളെ അതിശയിക്കാറുമുണ്ട്. ഉദാഹരണം "ആരോഗ്യനികേതനം" നോബൽസമ്മാനം നേടിയ പാർ ലാഗർക്വിസ്റ്റിന്റെ "ബറബാസ്", ക്നൂട്ട് ഹാംസൂണിന്റെ "ഗ്രോത്ത് ഓഫ് ദി സോയിൽ" ഇവയെക്കാളൊക്കെ ഉത്കൃഷ്ടമാണ് "ആരോഗ്യനികേതനം"] പടിഞ്ഞാറൻ സാഹിത്യത്തിലെ രത്നങ്ങളെടുത്തു പ്രദർശിപ്പിക്കുമ്പോഴെല്ലാം ഈ പരമാർത്ഥം എന്റെമുൻപിലുണ്ട്. പക്ഷേ, ഞാനൊരിക്കലും മലയാളത്തിലെ ചെറുകഥ പാശ്ചാത്യസാഹിത്യത്തിലെ ചെറുകഥയെപ്പോലിരിക്കുന്നില്ലെന്നുപറഞ്ഞു് ആക്ഷേപിച്ചിട്ടില്ല. അധമമായ കൃതിയെക്കുറിച്ച് എഴുതുമ്പോൾ ഉത്കൃഷ്ടമായ കൃതിയേതെന്നു വ്യക്തമാക്കണമല്ലോ. അപ്പോൾ, വായനക്കാരുടെ മനസ്സിൽ കൂടുതൽ വെളിച്ചം പകരാൻവേണ്ടി പടിഞ്ഞാറൻ കഥയുടെ സൗന്ദര്യാതിശയത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അത്രേയുള്ളു. അല്ലാതെ ഷെല്ലിയുടെ ഭാവനഅക്കിത്തത്തിന് ഇല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ദസ്തെയേവ്സ്കിയുടെ പ്രതിഭ നമ്മുടെ മുകുന്ദനില്ലെന്ന് ഞാൻ എഴുതിയാൽ അതു് ബുദ്ധിരാഹിത്യമല്ലേ? ഇതെല്ലാം പരമാർത്ഥമാണെങ്കിലും മററു സാഹിത്യകൃതികളുമായി താരതമ്യപ്പെടുത്താതെ നമുക്ക് ഏതെങ്കിലും സാഹിത്യസൃഷ്ടിയുടെ മൂല്യവും ഭംഗിയും നിർണ്ണയിക്കാനാവില്ല. ഇക്കാര്യം ആങ്ദ്രേമൽറോ മനോഹരമായി പറഞ്ഞിട്ടുണ്ട്.

"No artist is created entirely out of the French tradition; no Greek artist is entirely created out of the Greek tradition. We can feel only by comparison. He who knows Andromaque and Phedre will gain a better idea of the French genius by reading A Midsummer Night's Dream than by reading all the other tragedies by Racine. The Greek genius will be better understood by comparing a Greek Statue with an Egyptian or Asiatic Statue than by an acquaintance with a hundred Greek statues. [ഫ്രഞ്ച്പാരമ്പര്യത്തിൽനിന്നു മാത്രമായി ഒരു കലാകാരനും സൃഷ്ടിക്കപ്പെടുന്നില്ല. ഒരു ഗ്രീക്ക് കലാകാരനും ഗ്രീക്ക് പാരമ്പര്യത്തിൽനിന്നു മാത്രമായി സൃഷ്ടിക്കപ്പെടുന്നില്ല. തുലനം ചെയ്തേ നമുക്കു കാര്യങ്ങൾ അറിയാൻ കഴിയൂ. "ആങ്ദ്രേമക്," "ഫെദ്ര" ഈ നാടകങ്ങൾ അറിയാവുന്ന ആളിനു റാസീന്റെ മറെറല്ലാ ദുഃഖാത്മകനാടകങ്ങളും വായിച്ചുകിട്ടുന്നതിനെക്കാൾ ഫ്രഞ്ച്പ്രതിഭയെക്കുറിച്ചുള്ള കൂടുതലായ അറിവു് "എമിഡ്സമ്മർ നൈററ്സ് ഡ്രീം" വായിച്ചാൽ ലഭിക്കും. ഒരു ഗ്രീക്ക് പ്രതിമയെ നൂറുഗ്രീക്ക് പ്രതിമകളോടു താരതമ്യപ്പെടുത്തുന്നതിനു പകരം ഒരീജിപ്ഷ്യൻ പ്രതിമയോടോ ഏഷ്യൻ പ്രതിമയോടോ താരതമ്യപ്പെടുത്തിയാൽ ഗ്രീക്ക് പ്രതിഭയെക്കുറിച്ച് കൂടുതൽ അറിയാൻ കഴിയും—Jean Lacouture ഫ്രഞ്ച്ഭാഷയിൽ എഴുതിയ Andre' Malraux എന്ന ജീവചരിത്രത്തിൽനിന്ന്]

* * *

ഈ ശുഷ്കമായ സാഹിത്യസിദ്ധാന്തപ്രതിപാദനം വായനക്കാരെ വേദനിപ്പിച്ചോ? എങ്കിൽ മലയാളകഥയെക്കുറിച്ചു കേൾക്കാൻ കാതുകൾ കൂർമ്പിച്ചുവച്ചുകൊള്ളു. ആദ്യമായി പെരുമ്പടവം ശ്രീധരന്റെ "ഇനി ഏതുവഴി" എന്ന കഥയെക്കുറിച്ചു പറയാനാണ് എനിക്കു കൗതുകം ഒരു തൊഴിൽശാലയിൽ — കളിപ്പാട്ടങ്ങളുണ്ടാക്കുന്ന ഫാക്ടറിയിൽ — കാവൽക്കാരനായി നിന്ന ഒരുവന്റെ കഥയാണതു്. അയാൾ വിവേചനബുദ്ധിയോടെ ആരെ

മിക്കണം. സംഭവം കേട്ട്:— ഞാൻ എറണാകുളത്തുനിന്ന് എക്സ്പ്രസ്സ് ബസ്സിൽ വരികയാണ്. അപ്രതീക്ഷിതമായുണ്ടായ ഒരു പുകഷൻ. അയാളുടെ വെള്ളിത്താടിരോമങ്ങൾ ജ്വലിപ്പിച്ചുകൊണ്ട് ഒരു ശ്വേതച്ചെന്താമര ഒഴുകിപ്പരന്നു. ബ്രഹ്മക്ഷത്രമാർന്ന ശിരസ്സിൽ പത്തോ പതിനഞ്ചോ നരച്ച രോമങ്ങൾ. ആൾ ഒരു മുഴുഭ്രാന്താണ്. ചിരിക്കുമ്പോൾ "ഓട്ടപ്പല്ലുകൾ" പലതും കാണാം. അയാളുടെ അടുത്തു് ആകർഷകതയുള്ള ഒരു ചെറുപ്പക്കാരി ഇരുപതിരുപത്തഞ്ചു വയസ്സുവരും. വൃദ്ധനും യുവതിയും അടുത്തടുത്തു് ഇരിക്കുന്നു. കിഴവൻറെ അപ്പുത്തായി പരമോ പതിനാലോ വയസ്സുവരുന്ന ഒരു പയ്യൻ. കഴവൻ അവളുടെ അച്ഛനാ അപ്പൂപ്പനോ ആയിരിക്കുമെന്നു ഞാൻ വിചാരിച്ചു. കുട്ടി അവളുടെ അരുമയായിരിക്കാം. ബസ്സു് വളരെവേഗത്തിൽ പോകുകയാണു്. ശാരീരികമായി ഞാൻ വലതോട്ടുതിരിഞ്ഞുനോക്കിയപ്പോൾ കിഴവൻറെ കൈ തടിച്ചുണ്ടായ ഉയർന്നിരിക്കുന്ന അപ്പോഴാണു് എനിക്കു മനസ്സിലായതു് അയാൾ മുത്തച്ഛനല്ല, അച്ഛനല്ലെന്നു്. ബസ്സു് കായങ്കുളത്തെത്തി, പതിനഞ്ചുമിനിറ്റു് കഴിഞ്ഞ അതുവിണ്ടും യാത്രയുടങ്ങു. ഞാൻ ഒരു സിഗററ് വലിച്ചിട്ടു് തിരിച്ചു. ബസ്സിൽ കയറിയപ്പോൾ എൻറെ സീറ്റിൽ വേറൊരുണ്ടു സ്ത്രീകൾ കയറിയിരിക്കുന്നു "റിസർവ്ചെയ്ത സീറ്റാണു്", എഴുന്നേല്ക്കു" എന്നൊന്നും പറഞ്ഞു് അവരെ വേദനിപ്പിക്കാതെ ഞാൻ അവിടെത്തന്നെ നിന്നു. ക്ഷീണം കൊണ്ടു് ഒരു സീറ്റിൻറെ കമ്പിയിൽ പിടിച്ചുകൊണ്ടാണു് എൻറെ നില്പു്. പെട്ടെന്നു് ആ കൈയിൽ ഒരു ശീതളസ്പർശം. പിന്നിൽപ്പുവിൻറെമാർദ്ദവം ഞാൻ അത്ഭുതപ്പെട്ടുനോക്കിയപ്പോൾ കിഴവൻറെ അടുത്തിരുന്ന തരുണി പ്രായംകൂടിയ എൻറെ കൈയിൽ സ്വന്തം കൈ അമർത്തിയിരിക്കയാണു്. ഞാൻ കൈ വലിച്ചെടുക്കുന്നതിനുമുൻപു് അവൾ മധുരമന്ദഹാസം പൊഴിച്ചുകൊണ്ടു ചോദിച്ചു:— "റിസർവ്ചെയ്ത സീറ്റല്ലേ. അവരെ എഴുന്നേല്പിക്കാൻ പറയാത്തതെന്തു്?" ഇതുപോലുള്ള ചോദ്യം ചോദിച്ചുതീരുന്നതിനുമുൻപു് കാപ്പികുടിക്കാൻ പോയിരുന്ന കിഴവൻ തിരിച്ചുവന്ന ചെറുപ്പക്കാരി വായിക്കുമ്പോൾ അവളെ തിരിച്ചു കിട്ടിയെന്നു് അയാൾക്കൊരു തോന്നൽ.

* * *

സെയിൻറ് ഫ്രാൻസിസാണെന്നു തോന്നുന്നു സ്വന്തം ശരീരത്തെ Brother Ass — സഹോദരനായ കഴുത — എന്നുവിളിച്ചു്. കറുത്ത ഷൂസ്സിട്ട് "ഇഡിയററ്!" എൻറെ മുഖഭാവത്തേക്കുടി നിൽക്കുന്ന ആ കഴുതയെ കണ്ടിട്ടല്ലേ? സകല ഭാരവും ചുമക്കും. പക്ഷേ സൂക്ഷിച്ചുവേണം ഒന്നുചെല്ലാൻ. പിറകിലുകൊണ്ടു് കഴുത്തിനു് ഒരു ചവിട്ടുണ്ടു്. അതുകൊണ്ടാൽ റ്റുടെ കാലൊടിഞ്ഞതുതന്നെ. ഫ്രാൻസിസ് പറഞ്ഞതുപോലെ ശരീരം കഴുതയാണെങ്കിൽ ശരീരത്തിനു പ്രാധാന്യം നൽകിക്കൊണ്ടുള്ള കഥകളെയും ആ പേരുപറഞ്ഞുതന്നെ വിളിച്ചുകൂടേ? പ്രേമം കള്ളമാണെങ്കിലും അതിനെ രമണീയമായി ആവിഷ്കരിക്കുന്ന കഥകൾ എനിക്കിഷ്ടമാണു്. എന്നാൽ സെക്സിനു് അമിതപ്രാധാന്യം നൽകി അവാസ്തവികതയിലേക്കു നയിക്കുന്നതായ അതിഭാവുകത്വത്തോടുകൂടി അതിനെ സ്പർശിക്കുമ്പോൾ വ്യാജമായ ആകലകണ്ടു ഞാൻ ദുഃഖിക്കുന്നു. വിശേഷിച്ചും ചർവിതചർവണം ചെയ്ത വിഷയമാകുമ്പോൾ ദുഃഖം കൂടുന്നു. ചെല്ലപ്പജോസഫ് മലയാളനാട്ടിൽ എഴുതിയ "നനഞ്ഞപക്ഷി"യെന്ന കഥയിൽ ശരീരാധിഷ്ഠിതമായ — ഫ്രാൻസിസ് പറഞ്ഞതുപോലെയാണെങ്കിൽ ഗർത്തഭേദിഷ്ഠിതമായ — കാമമാണുള്ളതു്. ഭാര്യയുമായി ശരീരബന്ധത്തിൽ ഏർപ്പെടുന്ന ഒരുത്തൻ മറ്റൊരുത്തിയുമായുള്ള പൂർവകാലബന്ധത്തെ സ്മരിച്ചു് ആകുലതയിൽ ചെല്ലുന്നു. അതിനാൽ ഭാര്യ നനഞ്ഞപക്ഷിയാകുന്നു സൂചന. ഇക്കഥയിൽ ഇതിവൃത്തത്തിനു പുതുമയില്ല. കാമത്തിനു അതിപ്രസരമുണ്ടു് ഇതിലെ അതിഭാവുകത്വം അസഹനീയമായിരിക്കുന്നു. പിറകിലുകൊണ്ടുള്ള ചവിട്ടുകൊള്ളാൻ ആഗ്രഹമില്ലെങ്കിൽ ഇതു വായിക്കാതിരിക്കുന്നതാണു് നല്ലതു്.

* * *

കാമത്തിൻറെ പ്രതിപാദനത്തെ നിന്ദിച്ചു ഞാൻ കാമത്തെക്കുറിച്ചുതന്നെ എഴുതുകയാണു് വായനക്കാർ ദയാപൂർവം ക്ഷ

യെങ്കിലും മുതലാളിയെ കാണാൻ അകത്തേക്കു പറഞ്ഞയച്ചാൽ അദ്ദേഹം കോപിക്കും. അതേ ബുദ്ധിയോടെ ആർക്കെങ്കിലും സന്ദർശനത്തിനു് അനുവാദം നിഷേധിച്ചാൽ അപ്പോഴും മുതലാളി ദേഷ്യപ്പെടും. അങ്ങനെയിരിക്കെ ഒരു കൊമ്പൻ മീശക്കാരൻ വന്നു മുതലാളിയെ കാണണമെന്നു് അറിയിച്ചു സന്ദർശനത്തിൻറെ ഉദ്ദേശ്യം അന്വേഷിച്ചപ്പോൾ മീശക്കാരൻ പറഞ്ഞു. "ഇവിടെ ഒരു കാവൽക്കാരൻറെ ജോലിക്കു് ആളെ ആവശ്യമുണ്ടെന്നു കേട്ടു. അതിനു വന്നതാണു്" മുതലാളി നിർദ്ദേശിച്ചതനുസരിച്ചു് കാവല്ക്കാരൻ നവാഗതനെ അകത്തേക്കു് അയച്ചു. അയാൾ തിരിച്ചെത്തി കാവല്ക്കാരനായി നിയുക്തനായി. ബാക്കി കിട്ടാനുള്ള ശമ്പളവും പറഞ്ഞിക്കൊണ്ടു് അയാൾ അവിടെ നിന്നു പിരിഞ്ഞു. ആ തൊഴിൽശാലയിൽ നിർമ്മിക്കുന്ന ഒരു മുഖംമൂടിയെങ്കിലും വാങ്ങാൻ ആ യുകൊണ്ടു് സാധിക്കുകയില്ല. അയാൾ പുതുവഴിയിലേക്കിറങ്ങി—ഇനി ഏതുവഴി? കാവല്ക്കാരൻഎന്ന കഥാപാത്രം ഒരു ശുദ്ധാത്മാവു്. അയാളെ ലോകത്തിനു കാപട്യം വലുതാണു്. അതിനാൽ ആഘോഷത്തിൽപ്പെട്ടു് അയാൾ കൊട്ടാരത്തിൽപ്പെട്ട കൊച്ചുവള്ളത്തിലെ ഉലയുന്നതു് കഥാകാരൻ ചിത്രീകരിക്കുന്നു. മനസ്സിൻറെ വിശുദ്ധിയാണു് കാവല്ക്കാരൻറെ സവിശേഷത. മുതലാളിയുടെ കോപം കാണുമ്പോൾ അതിനു മാറ്റം വരുത്തിക്കളയുമെന്ന അയാൾക്കു തോന്നുന്നു. ജീവിക്കാനുള്ള ആഗ്രഹത്താലാണു് ആ തീരുമാനമില്ലാത്തതോന്നലുണ്ടാകുന്നതു് എങ്കിലും ശുദ്ധാത്മാക്കളുടെ വിശുദ്ധി അങ്ങനെ എളുപ്പം മാറിപ്പോവുകയില്ലല്ലോ. മാറിപ്പോകുമെങ്കിൽ കാപട്യം നിറഞ്ഞ ഈ ലോകത്തു് ദുരന്തമേ ഉണ്ടാകൂ. ആ പാവം ദുരന്തത്തിൽ എത്തുന്നു. പരുത്തുവേ ശ്രീധരൻ ഈ ദുഃഖാത്മകതയെ ഹൃദയഹാരിയായി ആവിഷ്കരിച്ചിട്ടുണ്ടു്. കഥ വായിച്ചുതീരുമ്പോൾ ഫാക്ടറി ഈ ലോകമായി മാറുന്നു. നമ്മൾ കാരേതരത്തും കഷ്ടപ്പെടുന്ന കാവല്ക്കാരെന്മാരായി മാറുന്നു നഷ്ടപ്പെട്ട പ്രേമഭാജനത്തെ തിരിച്ചുകിട്ടുമ്പോൾ യുവാവിനു വലിയ ആഹ്ലാദമുണ്ടാകാറില്ലേ? കലാത്മകതയെന്ന പ്രേമഭാജനം അനുവാചകനു നഷ്ടപ്പെട്ടിരിക്കുകയാണു്. ഇക്കഥ

ഗൾഫ് മലയാളികൾക്കു ഒരു ബുക്ക് ക്ലബ്ബ്

ഗൾഫ് നാടുകളിലുള്ള മലയാളികൾക്കുവേണ്ടി ഇന്നോ അറബ് ഉൽഗ്രഥന സമിതിയുടെ സഹായത്തോടെ ഒരു ബുക്ക് ക്ലബ്ബ് ആരംഭിച്ചിരിക്കുന്നു. ഗൾഫ് നാടുകളിൽ കഴിയുന്ന സാഹിത്യസാഭാഷകർക്കും വായനക്കാർക്കും ഈ ക്ലബ്ബ് ആവശ്യമായ സഹായങ്ങൾ നല്കുന്നതാണു് ഓരോ ഗൾഫ് മലയാളിയുടെ മുറിയിലും നാമമാത്രമായ ചെലവുകൊണ്ടു് ഗഹനവും വിജ്ഞാനപ്രദവുമായ ഗ്രന്ഥങ്ങളുടെ ഒരു കൊച്ചു ലൈബ്രറി സമ്പാദിച്ചു കൊടുക്കുന്നതിൽ ഇതു് നിങ്ങളെ സഹായിക്കും മറുനാടൻ എഴുത്തുകാർക്കു പ്രത്യേക മുൻഗണന നല്കുന്നു. ഓരോ മറുനാടൻ മലയാളിയും ഈ സുവർണ്ണാവസരം പാഴാക്കാതിരിക്കുക

കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക.

ആറക്കോയ പള്ളിക്കണ്ടി
പത്രാധിപർ 'ഗൾഫ് വ്യൂസ്'
പോസ്റ്റ് ബോക്സ്: 3497
ദുബൈ (യു. എ. ഇ)

വിശ്വാസത്തകർച്ച സംഭവിച്ച ഒരു കുടുംബത്തിൽ, ഊമയായൊരു പെൺകുട്ടി അനുഭവിക്കേണ്ടിവരുന്ന അസാധാരണ ജീവിതാനുഭവങ്ങളുടെ ഹൃദയസ്പൃക്കായ കഥ

സെപ്റ്റമ്പർ – 15 മുതൽ കേരളത്തിലെ

15 പ്രമുഖ കേന്ദ്രങ്ങളിൽ പ്രദർശനമാരംഭിക്കുന്നു.

ശാരദാ സത്യാ കമ്പയിൻസ്

ആരാധന

ബിജുതിരുമല ...ജോയി ...മഡ്

Joly Release

[illegible] സംഭവിക്കാത്തമട്ടിൽ കൈയങ്ങ് എടുക്കുകയും ചെയ്തു. ബസ്സ് രാത്രി പാളയത്തെത്തിയപ്പോൾ (പാളയം — തിരുവനന്തപുരത്തെ ഒരു സ്ഥലം) തകർത്തുപെയ്യുന്ന മഴ. ഓട്ടോറിക്ഷ വരുന്നുണ്ടോ എന്നു നോക്കി കുടയും നിവർത്തിപ്പിടിച്ച് ഫൂട്ട് പാത്തിൽനിന്നു എന്നെ നോക്കി ബസ്സിൽനിന്ന് കിഴവനോടൊരുമിച്ച് ഇറങ്ങിയ ചെറുപ്പക്കാരി കുട്ടിയോടു പറഞ്ഞു: "ആ കുടയിൽ നിന്നോ." അവർ രണ്ടുപേരും ദൂരെയുള്ള ഒരു മരത്തിന്റെ ചുവട്ടിൽ. വിളക്കുകളും കെട്ടു. അവർ രണ്ടുപേരും എന്തുചെയ്യുകയാവാം. എന്തുമാകട്ടെ. എങ്കിലും ഈ കിഴവന്റെ സാന്നിദ്ധ്യം പോലും അവൾക്ക് എങ്ങനെ സഹിക്കാനാവുമെന്നായിരുന്നു എന്റെ ചിന്ത. സ്ത്രീയുടെ മനസ്സ്! അല്ലാതെന്തു പറയാൻ. ഞാൻ ആ ബാലനോടു ചോദിച്ചു "ചേച്ചിയാണോ അതു്?" അവൻ പറഞ്ഞു. 'അല്ല ഞാൻ പലപ്പോഴും ഇവരുടെകൂടെ വരും. വരുമ്പോഴെല്ലാം എനിക്കു പത്തു രൂപവീതം ആ ആളു് തരും."

സംഭവം രണ്ടു്:— .. .. ത്തുനിന്നു് ബസ്സ് തിരിക്കാറായി. ഒരു യുവതി 50 പൈസ കൊടുത്തു വാങ്ങിയ കൂപ്പൺ കൈയിൽ വച്ചുകൊണ്ടു് രണ്ടുപേർ ഇരിക്കാവുന്ന സീററിൽ ഒററയ്ക്കിരിക്കുകയാണു്. കപ്പടാമീശയുള്ള ഒരു ചെറുപ്പക്കാരൻ അവൾ ഒററയ്ക്കാണെന്നു മനസ്സിലാക്കി "നിങ്ങളുടെ സീററ് ഇവിടെയല്ല. ഇവിടെയിരുന്നാൽ കൂടെ വല്ലവരും കയറിയിരിക്കും" എന്നൊക്കെപ്പറഞ്ഞു മറെറാരിടത്തു കൊണ്ടിരുത്തി കുറെനേരം ആ കഞ്ജബാണൻ അവളുടെ അടുത്തുനിന്നു ബസ്സ് തിരിക്കാറായപ്പോൾ അവളുടെ അടുത്തു് തന്നെ ഇരിപ്പും ഉറപ്പിച്ചു കണ്ടക്ടർ ടിക്കററ് കൊടുക്കാനെത്തിയപ്പോൾ അയാൾ നൂറു രൂപനോട്ടെടുത്തു കൊടുത്തു് "രണ്ടു്-ററിക്കററ് ..... ത്തേക്ക്" എന്നു പറഞ്ഞു. ററിക്കററുകൾ കൈയിൽ വാങ്ങി ഒരെണ്ണം അവളുടെ കൈയിലേക്കു കൊടുത്തു അവൾ അതു വാങ്ങിയെങ്കിലും നേരത്തേ കൈയിലെടുത്തുവച്ചിരുന്ന — രൂപ കണ്ടക്ടർക്കു നല്കി. ആവശ്യത്തിലധികം രൂപ കൈയിൽ കിട്ടിയപ്പോൾ കണ്ടക്ടർ ഒന്നു കുഴങ്ങിയെങ്കിലും അദ്ദേഹത്തിനു് മീശക്കാരന്റെ രോഗം മനസ്സിലായി. അദ്ദേഹം അയാളുടെ ടിക്കററിന്റെ തുകമാത്രം എടുത്തുകൊണ്ടു് ബാക്കി അയാൾക്കു കൊടുത്തു ബസ്സ് ഓടിക്കുന്ന ചെറുപ്പക്കാരൻ — — ത്തു കൃത്യസമയത്തു് എത്തിക്കാൻ വേണ്ടി വളരെവേഗത്തിൽ അത്രോടിക്കുകയാണു്. വളവുകൾ ഉള്ളിടത്തു് വെട്ടിത്തിരിക്കുന്നു സഡൻബ്രേക്കിടുന്നു. യുവതിയുടെ അടുത്തിരിക്കുന്ന ആളിനു പരമസുഖം. അതു പോരാഞ്ഞിട്ടു് അയാൾ അവളുടെ കാതിൽ എന്തോ മന്ത്രിക്കുന്നു. ഒന്നു രണ്ടു വാക്കുകൾമാത്രം മറുപടിയായി നല്കിയിട്ടു് അവൾ മിണ്ടാതിരുന്നു. യോഗ്യതയുള്ളവളാണു് ഇവൾ. ഗതികേടുകൊണ്ടു് ഇങ്ങനെ ഒരുത്തന്റെ അടുക്കലിരിക്കുന്നു" എന്നു് ഞാൻ മനസ്സിൽ അഭിനന്ദനം രേഖപ്പെടുത്തി. പക്ഷേ അതു തെററായിപ്പോയെന്നു് പിന്നീടുള്ള സംഭവം തെളിയിച്ചു. — — ത്തു ബസ്സ് കുറച്ചുനേരം നില്ക്കും. ആദ്യം ബസ്സിൽനിന്നു പുറത്തു ചാടാനായി അതു് പൂർണ്ണമായും നില്ക്കുന്നതിനുമുൻപു് ഞാൻ എഴുന്നേററു. യുവതിയും അവളെ ശല്യംചെയ്യുന്ന ആളും ഇരിക്കുന്ന സീററിലേക്കു് അറിയാതെയൊന്നു നോക്കിപ്പോയി ഞാൻ. യുവതിയുടെ തുട അടുത്തിരുന്ന ആളിന്റെ തുടമേൽ വച്ചിരിക്കുന്നു. ഹാഡ്ലി ചെയ്സിന്റെ "നോ ഓർക്കിഡ്സ് ഫോർ മിസ് ബ്ളാൻഡിഷ്" എന്ന നോവലിലെ കഥയാണു് ഉടനെ ഞാൻ ഓർമ്മിച്ചതു്. കഥാനായികയായ യുവതിയെ ചില കൊള്ളക്കാർ അപഹരിച്ചുകൊണ്ടുപോകുന്നു. അവരിൽ ധ്വജഭംഗംവന്ന ഒരുവൻ അവളെ ഉപദ്രവിക്കാൻ ശ്രമിക്കുമ്പോൾ അവൾ പ്രതിഷേധിക്കുന്നു ആത്മഹത്യക്കു മാർഗ്ഗമുണ്ടായിരുന്നെങ്കിൽ അവൾ അതു് അനുഷ്ഠിക്കുമായിരുന്നു. കാലം കഴിഞ്ഞു. അവൾക്കു് ആ ധ്വജഭംഗക്കാരനോടു സ്നേഹം തോന്നിത്തുടങ്ങി. ഒടുവിൽ അവളുടെ അച്ഛൻ അവളെ കണ്ടുപിടിക്കുമ്പോൾ ധ്വജഭംഗക്കാരനെ ഉപേക്ഷിച്ചുപോകാൻ മനസ്സില്ലാതെ അവൾ സൗധത്തിന്റെ മുകളിൽനിന്നു് താഴോട്ടു ചാടി ആത്മഹത്യചെയ്യുന്നു. ഹായ് സ്ത്രീയുടെ മനസ്സ്!

ഞാൻ ഈ രണ്ടു സംഭവങ്ങളും ഇവിടെ എഴുതിയതു് സി. വി. പദ്മിനി "കങ്കുമം" വാരികയിലെഴുതിയ പന്തയം എന്ന കഥ വായിച്ചതുകൊണ്ടാണു്.. കഥ പറയുന്ന

വിവേകം മറന്ന് വികാരത്തിന് അടിമപ്പെട്ടുപോയ ഒരു ഭർത്താവ്. എല്ലാവരെയും സ്നേഹിച്ചിട്ടും ഖേദനമാത്രം അനുഭവിക്കേണ്ടിവന്ന ഒരു ഭാര്യ. ഉള്ളിൽ താൻപോലും അറിയാതെ അങ്കുരിച്ചുപോയ പ്രേമത്തിന്റെ പേരിൽ ജീവിതം തകർന്നുപോയ ഒരു പെൺകിടാവ്. ശ്രുപ്രതീക്ഷകൾ തകർന്നുവീണ അവളുടെ കാമുകൻ. ആകെയാടിയുലഞ്ഞുപോയ സ്നേഹബന്ധങ്ങളുടെ നടുവിൽപെട്ട് മനസ്സിന്റെ സമനില തെറ്റിപോയ ഒരു കൊച്ചുപെൺകുട്ടി.

ഇവരുടെ കഥയാണ് സംവിധാന പ്രതിഭ കാഴ്ചവെക്കുന്ന

ആ നിമിഷം

വികാരാർദ്രമായ ഒരു കുടുംബകഥ.

ചെറുപുഷ്പം ഹിലിംസ്

ആ നിമിഷം (A)

കഥ – സംഭാഷണം	ഗാനങ്ങൾ	സംഗീതം
ഷെരീഫ്	യൂസഫലികേച്ചേരി	ദേവരാജൻ

ആൾ ബസ്സിൽ സഞ്ചരിക്കുമ്പോൾ പിറകെയിരുന്ന ഒരു മദ്ധ്യവയസ്കൻ അവളെ കുത്തിയും ചൂരണ്ടിയും ഉപദ്രവിച്ചത്രേ. ഇതൊക്കെ ശരിയാണ്. ചെറുപ്പക്കാരേക്കാൾ സ്ത്രീകളെ ശല്യംചെയ്യുന്നത് പ്രായംകൂടിയ പുരുഷന്മാരാണ്, എങ്കിലും അതിന്റെ മറുവശംകൂടി എനിക്ക് പ്രദർശിപ്പിക്കണമെന്ന തോന്നിപ്പോയി. അതുകൊണ്ട് രണ്ട് യഥാർത്ഥ സംഭവങ്ങൾ ഞാൻ പ്രതിപാദിച്ചു. അത്രേയുള്ളൂ, അപ്പോൾ പദ്മിനിയുടെ കഥയോ? ഒരു രസമൊക്കെയുണ്ട് അതു വായിക്കാൻ. ബസ്സിൽ സഞ്ചരിക്കുന്ന സുന്ദരിയായ ഒരു പെൺകുട്ടിയുടെ ബ്ലൗസിന്റെ ഹുക്ക് ഒരു ചെറുപ്പക്കാരൻ ധൈര്യത്തോടെ ഇട്ടുകൊടുത്തു പന്തയംകെട്ടിയ തുപ വാങ്ങുന്നതാണ് ഇതിലെ കഥ. വിഷയത്തിനുയോജിച്ച പ്രതിപാദനരീതിയുണ്ട്. പദ്മിനിക്ക്. ഹാസ്യാത്മകമായ വീക്ഷണഗതിയും ഈ കഥയ്ക്ക് സവിശേഷത നൽകുന്നു. ഒരു ചൂഴിയാണിയിൽവച്ച ഇരുമുതകിടിനെ അടുത്തു കാന്തം കൊണ്ടുചെന്നാൽ അതു കറങ്ങും. സ്ത്രീയും പുരുഷനും അടുക്കുമ്പോൾ ഒരാൾക്കു കാന്തശക്തി കൂണുമായിരിക്കും. അതുകൊണ്ട് ബ്ലൗസിന്റെ ഹുക്ക് ഇട്ടുകൊടുത്തതു പെൺകുട്ടിക്ക് ഇഷ്ടപ്പെട്ടിരിക്കാം. കാന്തശക്തിയില്ലാത്ത മധ്യവയസ്കന്റെ കുത്തലും ചൊറിയലും സ്ത്രീക്ക് ഇഷ്ടപ്പെട്ടില്ലായിരിക്കാം. ആരറിഞ്ഞു സത്യസ്ഥിതി!

* * *

സമ്പന്നതയാർന്ന ലോകം ഒരുവശത്ത്. ദരിദ്രമായ ലോകം മറ്റൊരു വശത്ത്. ഫ്രിഡ്ജ് എന്ന പ്രതീകമാണ് ആദ്യത്തെ ലോകത്തെ ആവിഷ്കരിക്കുന്നത്. ഇന്ദിലി മോഷ്ടിക്കുന്ന ഒരു യാചകബാലൻ രണ്ടാമത്തേതിനേയും. ഈ വിഭിന്ന മണ്ഡലങ്ങളെ ആലേഖനംചെയ്ത് ദരിദ്രലോകത്തിന്റെനേർക്ക് അനുവാചകന്റെ അനുകമ്പയെ ഉദ്ദീപിപ്പിച്ചുവിടാനാണ് ലെശാഖന്റെ യത്നം. (കഥ കലാകൗമുദിയിൽ) ആർജ്ജവം ഒട്ടുമില്ലാത്ത കുറെ വാക്യങ്ങൾമാത്രമേ ഇതിലുള്ളൂ. —ഇത് തികഞ്ഞ പരാജയമാണ്. നല്ല കഥാകാരന്മാർ ഇങ്ങനെ അധഃപതിക്കുന്നതു കഷ്ടമാണെന്നുമാത്രമേ പറയാനുള്ളൂ.

* * *

മാഹിയിൽനിന്ന് (പോണ്ടിച്ചേരി) ശ്രീ. റഫീ. കെ. സി. അഹമ്മദ് ചോദിക്കുന്നു:—"സാഹിത്യത്തിൽ അതിരുകടന്ന ലൈംഗികതയും വിസർജ്ജനാദികാര്യങ്ങളും ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?" ഉത്തരം:—മനുഷ്യനെ ഭൂഗതത്തിൽനിന്നു മാറ്റിനിറുത്തുന്നതു് അവന്റെ അന്തസ്സാണ്. ലൈംഗികവേഴ്ചയും വിസർജ്ജനവും അവൻ രഹസ്യമായി അനുഷ്ഠിക്കുന്ന എന്നതുകൊണ്ടാണ് അന്തസ്സ് പ്രധാനമായും ഉണ്ടാകുന്നതു്. ഒരു മനുഷ്യനും—ഹീനനായവൻപോലും—പരസ്യമായി ലൈംഗികവേഴ്ച നടത്താറില്ല; വിസർജ്ജനം ചെയ്യാറില്ല. അതു ചെയ്താൽ അവന്റെ അന്തസ്സിനു മാത്രമല്ല, അതു കാണുന്നവന്റെ അന്തസ്സിനും ആഘാതമേല്പിക്കും. സാഹിത്യത്തിൽ ഈ രണ്ടു കാര്യങ്ങളും ഗ്രൂപ്പ് സാഹചര്യമായി പ്രത്യക്ഷമാകുമ്പോൾ എഴുത്തുകാരന്റെയും വായനക്കാരന്റെയും അന്തസ്സിനു് അടിയേൽക്കും. അപ്പോൾ മനുഷ്യൻ ഭൂഗമായി അധഃപതിക്കും.

—o—

ധർമ്മപുരാണം

(8-ൽ നിന്നും തുടർച്ച).

ശീലാവതിയും അഹല്യയും അരുന്ധതിയും സാവിത്രിയും ഇന്ദിരയും പ്രിയദർശിനിയും വിലാസവതികളായി ചിരിച്ചു.

ഉദ്യോഗസ്ഥന്മാർ ഉണർത്തിച്ചു. "രാഷ്ട്രപതി—"

പ്രധാനസത്യഗ്രഹി എന്ന സർവ്വസൈന്യാധിപൻ എന്ന പരാശരൻ എന്ന കട്ടൻ അലറി, "രാഷ്ട്രപതി തുലയട്ടെ! എല്ലാ ശ്മശ്രുവും തുലയട്ടെ!"

എന്തുചെയ്യണമെന്നറിയാതെ ഉദ്യോഗസ്ഥന്മാർ ചുറ്റിപ്പറ്റിനിന്നു. അകത്തുനിന്ന് ഉടലുകൾ സ്നേഹിക്കുന്നതിന്റെ താളമുയർന്നു. (തുടരും)

—o—

വി. ബി. സി. നായർ

കഴിഞ്ഞ ഏതാനും മാസങ്ങളിൽ വളരെയധികം മലയാളനോവലുകൾ ഞാൻ വായിച്ചുതീർത്തു. എത്രയെത്ര കഥാപാത്രങ്ങളാണു് ചിരിക്കുകയും കരയുകയും ആത്മഗതമസിക്കുകയും വീർപ്പുമുട്ടുകയും വിങ്ങിപ്പൊട്ടുകയും ചെയ്തുകൊണ്ടു് എന്റെ മുന്നിലൂടെ കടന്നുപോയതു്. അവരിൽ ഒരാളുമായും സൗഹൃദത്തിലാവാൻ എനിക്കു കഴിഞ്ഞില്ല. ഇപ്പോൾ ഇവിടെയിരുന്നാലോചിക്കുമ്പോൾ അവരിൽ ഒരാളിന്റെ മുഖംപോലും വ്യക്തമായി ഓർമ്മിക്കാൻ എനിക്കു സാധിക്കുന്നില്ല. മലയാളനോവലുകളുടെ നിലവാരം എത്രയെന്നു ഹിക്കാൻ ഈ അനുഭവം സഹായകരമാണെന്നെനിക്കു തോന്നുന്നു.

ഇന്നലെ വായിച്ചുതീർത്ത ജോയി കെ. മാപ്പറമ്പന്റെ ഉറയുന്ന പകലുകൾ എന്ന നോവൽ എന്തുകൊണ്ടോ ആകർഷിച്ചു. ഡി.സി ബുക്സ് സിന്റെ 1977ലെ ടാഗോർ അവാർഡ് നേടിയ നോവലായതുകൊണ്ടല്ല ഈ ആകർഷണമുണ്ടായതു്. എനിക്കു പരിചിതമായ ഒരു ജീവിതമേഖലയിൽ ശുദ്ധമായ വികാരങ്ങളുടെ നീരൊഴുക്കിൽ നീന്തിത്തുടിക്കാൻ കഴിഞ്ഞു എന്നതു് ചെറിയൊരു കാര്യമല്ലല്ലോ. മലയാളവും തുളുവും കന്നഡയും ഇടകലർന്ന പ്രത്യേകമായൊരു ഭാഷ സംസാരിക്കുന്ന, ബഡിത്തെറുപ്പിൽ ജീവിതത്തിന്റെ താളവും ലയവും കണ്ടെത്തുന്ന, ദരിദ്രരെങ്കിലും മനസ്സുകൊണ്ടു് സമ്പന്നരായ ഒരു വിഭാഗം ജനങ്ങളുടെ കഥയാണിതു്. ജാതിക്കുള്ളിൽ ജാതിയും, പ്രാകൃതവിശ്വാസങ്ങളും സർപ്പപൂജയും, യക്ഷഗാനബയലാട്ടവും കൂടിച്ചേർന്ന മിശ്രസംസ്കാരത്തിൽ മൊട്ടിട്ട തളിരണിഞ്ഞുപൂവണിയുന്ന വാടിക്കൊഴിഞ്ഞ ജീവിതങ്ങൾ. ശ്രീമതിയും, ഗംഗയും ദുമനും, അപ്പണ്ണയും, സുന്ദരയും ആ ജീവിതത്തിന്റെ സജീവപ്രതീകങ്ങളാണു്. അവിടെയുള്ള നിലാവുള്ള രാത്രികളെക്കുറിച്ചല്ല, ഉറയുന്ന പകലുകളെക്കുറിച്ചാണു് ജോയി കെ. മാപ്പറമ്പൻ പറയാനുള്ളതു്.

"ഉറയുന്ന പകലുകളിൽ ശ്രീമതി മാത്രമാണു് ഈ നോവൽ എന്നും എന്റെ ഓർമ്മയിൽ തങ്ങിനില്ക്കുമെന്നു" എന്നെ വിശ്വസിപ്പിക്കുന്നതു്. അവൾ സുന്ദരിയാണു്, ശരീരം മാത്രമല്ല മനസ്സും വികാരങ്ങളും കൂടി. ആ മിശ്രസംസ്കാരത്തിന്റെ ചൂടിലും തണുപ്പിലുമല്ല, ഇരുട്ടിലും വെളിച്ചത്തിലുമല്ല ശ്രീമതി തന്റെ വ്യക്തിത്വം കണ്ടെത്തുന്നതു്. എല്ലാ നന്മയുടേയും പ്രതീകമായ ശ്രീമതി, ഉറയുന്ന പകലുകളിൽ ഒരിക്കലും മങ്ങാത്ത നിലാവു പരത്തുന്നതു കൊണ്ടാണു്. ആ നിലാവു് എന്റെ മനസ്സിലൊഴുകി, അതൊരിക്കലും മങ്ങുകയില്ലെന്നു് എനിക്കു തോന്നുന്നു.

ശ്രീമതി, ഗംഗേട്ടിയുടെ കല്യാണദിവസമാണു് നിന്റെ മനസ്സിലെ മണിച്ചിലക മുഴങ്ങുന്നതു് ഞാൻ കേട്ടതു്. അല്ലെങ്കിൽത്തന്നെ ആദ്യംമുതൽ നിന്റെ വികാരങ്ങളിലൂടെയാണല്ലോ ഉറയുന്ന പകലുകളിലൂടെ ഞാൻ അറിയുന്നതു്. തലപ്പാടിയിൽ എത്രയോ സുന്ദരികളെത്തി. പക്ഷെ, സ്വപ്നങ്ങളും നിറങ്ങളും മെനിച്ചു ചേർന്നാരൂത്തതയിൽ ആകെ വിവശയായിനിന്ന നീ സുന്ദരിയായിരുന്നു. രാത്രിയിൽ എട്ടുനാം പൂട്ടത്തിയും കിടന്ന മുറിയിൽനിന്നും കേട്ട പുഞ്ചിരിയിലും സംസാരത്തിലും നീ കോരിത്തരിച്ചുകിടന്നപ്പോൾ മറ്റെല്ലാ കഥാപാത്രങ്ങളും ഞങ്ങളിൽനിന്നും മാഞ്ഞുപോവുകയായിരുന്നുവല്ലോ

ഒരുദിവസം ചേട്ടൻ നിന്റെ കവിളിൽ ആരുമറിയാതെ തൊട്ടപ്പോൾ നീ ഇക്കിളികൊണ്ടു പുളഞ്ഞു. "ശ്രീമതി കരയരുതെന്നു പറയണം" എട്ടന്റെ കത്തിലെ അവസാനത്തെ വരിയിൽ നീ ലയിച്ചുനിന്നു. അപ്പോഴൊക്കെ എട്ടനെക്കുറിച്ചു് വഴിതെറ്റിയ ഒരു വികാരവും നിന്നിലില്ലായിരുന്നുവല്ലോ. പക്ഷേ, ഒടുവിൽ—

ഗംഗയ്ക്കു് സുഖമില്ലാതായ ദിവസമാണു് നിന്റെ ജീവിതത്തെ മാറ്റിമറിച്ച ആ നിമിഷം പിറന്നുവീണതു്. ടാക്സി തേടി നീ ഓടി. "ദായിത്തേ" ആരോ ചോദിച്ചു. ആശ്വാസത്തോടെ നീ തിരിഞ്ഞുനോക്കി. "എഞ്ചിനബോഡു" (എനുവേണം) നീ കിതപ്പോടെ ആ ചെറുപ്പക്കാരനോടു് എല്ലാം ഉറക്കെപറഞ്ഞു. അവൻ സഹായിച്ചു. ആ നിമിഷം നിന്നിൽപ്പടർന്ന കണ്ണുകൾ, നിനക്കു നൽകിയ സഹായം നിന്റെ ജീവിതത്തിൽ നിത്യവസന്തം പടത്തുകയാണെന്നു് നീ ഊഹിച്ചിരുന്നുവോ?

ലളിതയും കാവേരിയുമൊക്കെ നിന്റെ ചെറുപ്പക്കാരനെ, അപ്പണ്ണയെ, നിന്നിലേക്കടുപ്പിക്കാൻ സാഹചര്യങ്ങൾ സൃഷ്ടിച്ചു. ശ്രീമതിക്കുവേണ്ടി ഭ്രാന്തൻനായ കീർത്തിയുമായി ഓടിവന്ന ആ ദിവസം. അർത്ഥമില്ലാതിരുന്ന ശബ്ദങ്ങൾക്കു് അർത്ഥമുണ്ടായ ആ ദിവസം. മൂന്നു ഭാഷകളുടെ കലർന്നൊഴുക്കിൽ വെകിളിപിടിച്ചുവിൽക്കുന്ന അപ്പണ്ണ നിന്നെ

പുനിലാവിൽ ജനിച്ചു് കൊട്ടങ്കാററിലമർന്ന പോയ ശ്രീമതിയെക്കുറിച്ചു്

കോരിയെടുത്തപ്പോൾ നിന്നോടൊപ്പം ഞങ്ങളും കളിയരങ്ങോരിലുടിച്ചുപോയി. രോമാഞ്ചംവിരിയിച്ച കളിർകാറ്റിന്റെ ആരംഭം—

ഗംഗേട്ടിയുടെ തേങ്ങൽ നിന്തിവന്ന ആ ദുസ്വപ്നത്തിന്റെ അവശിഷ്ടംപോലെ നീണ്ടുകിടന്ന രാത്രിയിൽ, നീ തേങ്ങി നിന്റെ നീണ്ടിടംപെട്ട കണ്ണുകൾ നനഞ്ഞു. അതു് വരാനിരുന്ന തീരാശാപത്തിന്റെകേളികൊട്ടായിരുന്നുവോ? അങ്ങിനെ എത്രയെത്ര രാത്രികൾ. ഏട്ടത്തിയോടു് വെറുപ്പുതോന്നിയപ്പോഴും ഏട്ടനോടു സ്നേഹമേറിയപ്പോഴും ശ്രീമതി നിന്റെ കണക്കുകൂട്ടലുകൾ തെറ്റുകയാണെന്നു് നീ അറിഞ്ഞിരുന്നില്ലല്ലോ. നിന്റെ ഏട്ടൻ രണ്ടു വ്യക്തിയായി മാറുകയായിരുന്നുവെന്നു് ശക്തിയുള്ള ആ കരങ്ങൾ നിന്നിൽ ശക്തിയോടെ അമരുന്നതുവരെ നിനക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. നീയത്രയും പാവമായിരുന്നുവല്ലോ—

സ്വയം രക്ഷപ്പെടണമെന്നു് തോന്നിയതു് അന്നായിരുന്നു ഇല്ലേ? "അപ്പുണ്ണയല്ലാതെ എനിക്കു്—" നീ അവന്റെ, നിന്റെ പ്രിയപ്പെട്ടവന്റെ,സമസ്തവികാരങ്ങളിലും പൂമഴപെയ്യുകൊണ്ടു് കണ്ണീരൊഴുക്കി. നിന്റെ അപ്പുണ്ണയുടെ ആശ്വാസവാക്കുകൾ നിന്നെ ശക്തിയുടെ ശക്തിയാക്കി മാറ്റി. "മതി നീ കാത്തിരുന്നാൽ മതി. മരിക്കുവോളം കാത്തിരിക്കാനെനിക്കു മടിയില്ല—" പരസ്പരം അടുക്കാനാവാത്ത രണ്ടു സമുദായങ്ങളെ ഞെട്ടിപ്പിച്ചുകൊണ്ടു് നിങ്ങൾ ഒന്നായി. വയ്യ തുടർന്നുള്ള ഒന്നും ഓർക്കാനെനിക്കു കരുത്തില്ല. കുറയിൽ പരന്നൊഴുകിയ ചോരയിൽ കമിഴ്ന്നുകിടന്ന അപ്പുണ്ണയെ—നോക്കിനിന്നു് പ്രപഞ്ചത്തെപ്പോലും കരയിപ്പിക്കുംവിധം എന്റെ അപ്പുണ്ണാ എന്ന വിളിച്ചാർത്തലച്ചു കരയുന്ന എന്റെ ശ്രീമതി—നിനക്കെന്തിനാണു് ആശ്വാസത്തിന്റെ പ്രതീക്ഷയുയുണ്ടാകുന്ന പൂവിളികൾ!

ജോയി കെ. മൈമാപറമ്പൻ നോവൽ അവസാനിപ്പിക്കുന്നതു് ഇങ്ങനെയാണു്; "മഴ തോന്നിരിക്കുന്നു. ഇരുട്ടു് എങ്ങോ അപ്രത്യക്ഷമായിരിക്കുന്നു. ജനൽപ്പഴുതിലൂടെ പ്രകാശകിരണങ്ങൾ ഒരു അരുമക്കുഞ്ഞായി ഒരു പുതിയ ദിവസം പിറക്കുന്നു" ആക്കേണ്ടി? തുമ്പപ്പൂവുപോലെ പരിശുദ്ധയായ ശ്രീമതിക്കുവേണ്ടിയോ? അല്ല തീർച്ചയായുമല്ല.

രാമുകാര്യാട്ടു്— എന്നും വർണ്ണങ്ങളുള്ള വലിയ വാത്തകളിൽ.

സാധാരണ നോവലുകൾ വായിക്കുന്ന ആ "പ്രത്യേക സുഖം" ഉറയുരുന്ന പകലുകൾ വായിച്ചാൽ ലഭിക്കുകയില്ല. അലസ വായനയ്ക്കിതുപകരിക്കുകയുമില്ല. പക്ഷേ, ഈ നോവൽ വായിച്ചുതീരുമ്പോൾ നമ്മിലുണ്ടാവുന്ന അനുഭൂതി സാധാരണമല്ല. ഗംഗയും യശോദയും അപ്പുണ്ണയും ദുഃഖിയുംഒക്കെ ഒറപ്പെട്ട ജീവിതമൂല്യങ്ങളിൽ കുഴികിപ്പുരക്കുന്നവരാണു്. എന്നാൽ ശ്രീമതിമാത്രമാണു് എന്റെ വികാരങ്ങളെ തൊട്ടുണർത്തിയതു്. അടുത്തകാലത്തു് വായിച്ച പത്തുമുപ്പതു നോവലുകളിൽ ഉറയുന്ന പകലുകൾ എന്നെ ആകർഷിക്കാനുള്ള കാരണവും മറിച്ചല്ല; ആസ്വാദനം വ്യക്തിനിഷ്ഠമാണു്. ഞാനെന്റെ അഭിപ്രായം രേഖപ്പെടുത്തി നിങ്ങൾ ഈ നോവൽ വായിച്ചശേഷം മറിച്ചൊരഭിപ്രായമാണു് തോന്നുന്നതെങ്കിൽ എന്നെ അറിയിക്കാൻ സന്മനസ്സു് കാണിക്കുക. പത്തുരൂപയാണു് ഇതിന്റെ വില. പണമയയ്ക്കേണ്ട വിലാസം: ഡി. സി. ബുക്സ് സ് കോട്ടയം 686001, കേരളം.

രാമുകാര്യാട്ടു്
വർണ്ണങ്ങളുള്ള വലിയ വാർത്തകളിലെ മായാമാന്ത്രികൻ

എന്നും വർണ്ണങ്ങളുള്ള വലിയ വാത്തകൾ സൃഷ്ടിക്കുന്നതിൽ മാന്ത്രികസിദ്ധിയുള്ള ഒരസാധാരണനാണു് രാമുകാര്യാട്ടു്. മായാമാന്ത്രികൻ എന്നുകൂടി വിശേഷിപ്പിക്കാം. വിദേശങ്ങളിൽ തന്റെ ഈ മായാസിദ്ധികൊണ്ടു് കാര്യാട്ടു് പ്രസിദ്ധനായിത്തീർന്നിരിക്കയാണു്. ഇൻഡ്യൻ സിനിമയെന്നു പറഞ്ഞാൽ റഷ്യയിലും മറ്റും സത്യജിത്റേ, രാജ്കപൂർ, രാമുകാര്യാട്ടു് എന്നീ പേരുകളിലൊതുങ്ങിനില്ക്കുന്നു. വിദേശിയർക്കു് അടുത്തറിയാവുന്ന മൂന്നു വ്യക്തികൾ. അവരുടെ നാവുകളിലും പത്രപംക്തികളിലും മിക്കവാറും പ്രത്യക്ഷപ്പെടുന്ന മൂന്നുപേരുകൾ. ഇന്നലെ രാമുകാര്യാട്ടിന്റെ ഒരു കത്തുകിട്ടി. കത്തു വായിച്ചുതീർന്നപ്പോൾ ഞാനതുതന്നെപ്പറ്റി. മലയാളത്തിന്റെ അഭിമാനമായ രാമുകാര്യാട്ടു് വീണ്ടും അത്ഭുതം സൃഷ്ടിക്കാൻ പോകുന്നു. കത്തിലെ പ്രസക്തമായ ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

എന്റെ പ്രിയപ്പെട്ട വി. ബി. സി.,

ഞാൻ ഒരു കർണ്ണാടകപടം എടുക്കുക (സംവിധാനിക്കുക) എന്ന ഒരു സാഹസകൃത്യത്തിൽ ഏർപ്പെട്ടു്. കർണ്ണാടകത്തിൽ ചുറ്റിത്തിരിയുകയാണു്. കുവെമ്പു് എന്ന സാഹിത്യകാരൻ (ജ്ഞാനപീഠം അവാർഡുനേടിയ കെ. വി. പുട്ടപ്പ ഇദ്ദേഹം മൈസൂർ യൂണിവേഴ്സിറ്റിയുടെ മുൻവൈസ് ചാൻസലറായിരുന്നു) എഴുതിയ കാനൂരു ഫെഗ്ഡത്തി എന്ന ബ്രഹത്തായ നോവലാണു് ഈ ചലച്ചിത്രത്തിനാധാരം. അറുപതുകൊല്ലങ്ങൾക്കുമുമ്പു് വടക്കൻകർണ്ണാടകത്തിലെ വനാന്തരങ്ങളിൽ വിഹരിച്ചിരുന്ന ഹൂഡൽപ്രാക്കന്മാരുടെ ജീവിതമാണു് കഥയിലെ പ്രതിപാദ്യം. ഒരു സാഹസകൃത്യമെന്ന നിലയിൽ അതു ചലച്ചിത്രമാക്കാൻ ഏറെറടുത്തു. ഈസ്റ്റ്മെൻകളറിലും സിനിമാസ്കോപ്പിലുമാണു് നിർമ്മിക്കുക. താമസിയാതെ ഷൂട്ടിംഗ് തുടങ്ങും. ഷിമോഗ ഡിസ്ട്രിക്ടിലാണു ലൊക്കേഷൻ.

ബാംഗ്ളൂർ നഗരാതിർത്തിയിൽ ഒരു വീടേറ്റെടുത്തു് കടലാസുപണികളിൽ ഏർപ്പെട്ടിരിക്കയാണു്. കുവെമ്പുവിന്റെ മകൻ ഒരു പ്രസിദ്ധനുണ്ടു്. സാഹിത്യകാരനാണു് പൂർണ്ണചന്ദ്രതേജസ്സി. അദ്ദേഹം സംഭാഷണമെഴുതുന്നു. ഒക്ടോബറിലോ നവംബറിലോ ഷൂട്ടിംഗ്ആരംഭിക്കും. എന്റെ എസ്കേയോടു് എല്ലാ വിവരങ്ങളും പറയണം. ഈ വഴിയെങ്ങാനും യാത്രയുണ്ടാവുമെങ്കിൽ ഇതിലേക്കൊടി ഒന്നു കടക്കാനും പറയണം. കൂടുതൽ വിവരങ്ങൾ പിറകേ എഴുതാം.

സ്നേഹം
രാമുകാര്യാട്ടു്

എന്റെ രാമുകാര്യാട്ടു്, മലയാളസിനിമയുടെ അഭിമാനമായ രാമുകാര്യാട്ടു്, വീണ്ടും ചരിത്രം സൃഷ്ടിക്കാൻ പോകുന്നു. പക്ഷേ, ഇത്തവണ കർണ്ണാടകത്തിലാണു് അദ്ദേഹത്തിന്റെ പ്രതിഭയുടെ കിരണങ്ങൾ പതിക്കുന്നതു്. മലയാളത്തിന്റെ പ്രതിഭാകിരണങ്ങൾ ഭാരതം മുഴുവൻ വീണുചിതറി ചൈതന്യവത്താകട്ടെ. △△

കത്തു്

ഞെട്ടട്ടെ!

"ധർമ്മപുരാണം" കസറുന്നു. ശക്തൻ സംഭവിക്കുന്നു. മനോഹരിയായ കന്യകയുടെ പൂങ്കവിളിലും പ്രഭാതനക്ഷത്രത്തിലും സൌന്ദര്യംതേടി സാഹിത്യത്തിൽ തെക്കുവടക്കു് നടക്കുന്ന നിരൂപകന്മാർ ഞെട്ടട്ടെ.

—ടി. ആർ, കൊച്ചി



Edited printed & Publish d By S. K. Nair at New India printers, Quilon-691013